malayalam cultural magazine
HINDUVISHWA
2012 JANUARY- FEBRUARY
http://vhp.org

# ഹിന്ദുവിശ്വ

2012 ജനുവരി-ഫെബ്രുവരി 1187 മകരം ₹:10.00

## ഹിന്ദു ശക്തി തെളിയിച്ച ഏകതാ സമ്മേളനം

**ലോകമെങ്ങുമുള്ള വിശ്വഹിന്ദുപരിഷത്തിന്റെ പ്രതിനിധികളുടെ സംഗമം കേരളചരിത്രത്തിലെ പുതിയൊരദ്ധ്യായമായി. 2011 ഡിസംബര്‍ 16, 17, 18 തീയതികളിലായി കൊച്ചിയില്‍ നടന്ന അന്താരാഷ്ട്ര പ്രതിനിധി സമ്മേളനം വിശ്വഹിന്ദുപരിഷത്തിന്റെ സംഘടനാശക്തി തെളിയിക്കുന്നതായിരുന്നു. വിവിധ സംസ്ഥാനങ്ങളിലെയും വിദേശത്തെയും സംഘടനാ പ്രതിനിധികളും അഖിലേന്ത്യാ ഭാരവാഹികളും പങ്കെടുത്ത സമ്മേളനം കൊച്ചിയുടെ ചരിത്രത്തിലെ അപൂര്‍വ്വ നിമിഷങ്ങള്‍ കൂടിയായിരുന്നു.**



## ആത്മകഥയില്‍നിന്നൊരേട്



14

നടക്കാന്‍ നിവൃത്തിയില്ലാതെ അച്ഛന്‍ എപ്പോഴും കട്ടിലില്‍ കിടക്കുന്ന കാഴ്ച സങ്കടകരമായിരുന്നു. എങ്കിലും ഉന്മേഷം വെടിയാതെയാണ് പെരുമാറിയത്. മുറ്റത്ത് അദ്ദേഹം നട്ടുപിടിപ്പിച്ച പലതുമുണ്ടായിരുന്നു. അനേകതരം പപ്പായകള്‍, കിഴങ്ങുണ്ടാകുന്ന വള്ളികള്‍, പയറുവള്ളികള്‍, പലതരം വാഴകള്‍ – അങ്ങനെപലതും. അവയെ ശുശ്രൂഷിക്കാനുള്ള നിര്‍ദ്ദേശം നല്കാന്‍ അച്ഛന്‍ ഒരിക്കലും മറന്നില്ല.

# ഹിന്ദുവിശ്വ

പുസ്തകം 25, ലക്കം 9





1187 മകരം

2012 ജനുവരി - ഫെബ്രുവരി

<u>പ്രസാധകൻ</u>

പി.എസ്. കാശിവിശ്വനാഥൻ

<u>പത്രാധിപസമിതി</u>

കെ.വി. മദനൻ

കുമ്മനം രാജശേഖരൻ

കാലടി മണികണ്ഠൻ

കെ. സുനീഷ്

(പത്രാധിപർ)

ഫോൺ: 0484 - 4046322

<u>ഉപദേശകസമിതി</u>

മാടമ്പ് കുഞ്ഞുകുട്ടൻ

പി. നാരായണക്കുറുപ്പ്

എസ്. രമേശൻനായർ

കെ.പി. ശശികല ടീച്ചർ

കവർ & ലേഔട്ട്

രാജേഷ് ചാലോട്



<u>കാര്യാലയം</u>

ഹിന്ദുവിശ്വ

ഹിന്ദുസാംസ്കാരികകേന്ദ്രം

കലൂർ, കൊച്ചി-682 017

കേരളം

ഫോൺ : 0484-2539322

ഫാക്സ് : 0484-2539322

hinduvishwa.malayalam@gmail.com




## 27

**മനുഷ്യജീവിതം എന്ന നിതാന്ത പ്രതിഭാസത്തെ സമഗ്രമായി അപഗ്രഥിക്കുന്നവനാണ് യഥാർത്ഥ സാഹിത്യകാരൻ. പുതിയ കാലഭേദവും പുത്തൻ കലാബോധവും അവന്റെ സൃഷ്ടിയെ സമ്പന്നമാക്കുന്നു - തന്റെ കൃതികളിൽ കാലത്തിന്റെ മിടിപ്പും തുടിപ്പും നിവേശിപ്പിച്ച അതുല്യസാഹിത്യകാരനാണ് എം. ടി. അദ്ദേഹത്തിന്റെ 'നാലുകെട്ട്' എന്ന നോവലിൽ കാലം സ്പന്ദിച്ചു നില്ക്കുന്നതായി കാണാം.**


5 സംഘടനാവൈഭവത്തിന്റെ മാറ്റുരച്ച ദേശീയസമ്മേളനം

10 ക്ഷേത്രപ്രവേശനചരിത്രം ഒരു പുനർവായന
കെ. വി. മദനൻ

14 നശ്വരതയുടെ തിരനോട്ടം

21 വിദ്യാഭ്യാസം അന്നും ഇന്നും
ഡോ. പി. വത്സലാദേവി

27 കാലത്തിന്റെ അടയാളം പതിഞ്ഞ നാലുകെട്ട്
കെ. പി. സുധീര

31 ഒടുക്കവും തുടക്കവും
വിസ്ലാവ സിംബോർസ്ക
വിവർത്തനം: ബിന്ദുകൃഷ്ണൻ

34 നാടൻ കലാരൂപങ്ങൾ ഐവർ നാടകം
ചുമ്മാർ ചൂണ്ടൽ

34 വിശദീകരണമില്ലാതെ...
ഡോ. ജി. എസ്. മല്ലിക

36 ആചാര്യസ്മരണയുടെ നിർവൃതി
ഡോ. വി. രാമൻകുട്ടി

38 ഓർത്തുപോകുന്നു .....
ജോസ്.ടി.ഇ

40 നീക്കിവെക്കാം അല്പസമയം പ്രാർത്ഥനയ്ക്കും
രാജേശ്വരിനായർ




# ജാഗ്രതയും പ്രതികരണവും

**റഷ്യയിൽ ഭഗവദ്ഗീത നിരോധിച്ച നടപടിക്കെതിരെ അന്നാട്ടിലെ ഹിന്ദുക്കൾ നടത്തിയ പ്രതിഷേധം നമുക്കൊരു പാഠമാണ്. ജാഗ്രതയോടുള്ള ഇടപെടൽ പ്രശ്നങ്ങൾക്ക് സത്വരമായ പരിഹാരമാകും. കലാവിരുദ്ധബില്ലിലൂടെ ഹിന്ദുക്കളെ ഒന്നടങ്കം കലാപകാരികളാക്കിത്തീർക്കുവാനുള്ള ഗൂഢശ്രമങ്ങൾ അധികാരികളുടെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുമ്പോൾ സാമൂഹികമായ ജാഗ്രതക്ക് വലിയൊരു പ്രസക്തിയുണ്ട്.**

ബഹുമാനപ്പെട്ട സുപ്രീംകോടതി ശ്രീപത്മനാഭക്ഷേത്രത്തിലെ സ്വത്തുവഹകൾ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കേരളസർക്കാരിനും ക്ഷേത്രസമിതിക്കും നേരെ നടത്തിയ വിമർശനം ഏറെ പ്രസക്തമാകുന്നു. ക്ഷേത്രവുമായി ബന്ധപ്പെട്ട് അമൂല്യമായ വസ്തുവഹകളുടെ കണക്കെടുപ്പ് നടത്താൻ കോടതി നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ബന്ധപ്പെട്ടവർ വരുത്തിയ വിഴ്ചയാണ് കോടതിയെ രൂക്ഷമായ വിമർശനത്തിന് പ്രേരിപ്പിച്ചത്. ക്ഷേത്രസ്വത്ത് സംരക്ഷിക്കുന്നതിലോ അതുമായി ബന്ധപ്പെട്ട ഭാവികാര്യങ്ങളിലെ സർക്കാരിനോ ബന്ധപ്പെട്ടവർക്കോ യാതൊരു ഉത്ക്കണ്ഠയുമില്ലാത്ത വിധമാണ് കാര്യങ്ങൾ പോകുന്നത്. ഇത് പത്മനാഭസ്വാമിക്ഷേത്രത്തിലെ മാത്രം ഒറ്റപ്പെട്ടൊരു കാര്യമല്ലെന്ന് നമുക്കറിയാം. സർക്കാർ ദേവസ്വംബോർഡുകൾ വഴി ഏറ്റെടുത്ത ക്ഷേത്രങ്ങളുടെ അവസ്ഥയും ഇതുതന്നെ. പല ദേവസ്വങ്ങളും മറ്റു സമുദായങ്ങളിൽ പെടുന്നവർക്കും സർക്കാരിനുതന്നെയും തങ്ങളുടെ ക്ഷേത്രഭൂമികൾ തുച്ഛമായ തുകക്കു പാട്ടത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പാട്ട കാലാവധി പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും കരാർ കാലാനുസൃതമായി പുനഃപരിശോധിക്കുവാനോ ഭൂമി തിരിച്ചുപിടിക്കുവാനോ ദേവസ്വങ്ങൾ തയ്യാറാകുന്നില്ല. ഇക്കാര്യത്തിൽ കോടതി അടക്കമുള്ള നിയമസംവിധാനങ്ങളുടെ സഹായം തേടാമെന്നിരിക്കെ, അതിനുള്ള പ്രത്യേക വകുപ്പുകളും അവ കൈകാര്യം ചെയ്യുന്നതിനുവേണ്ട ഉദ്യോഗസ്ഥരും ദേവസ്വങ്ങളിലുണ്ടായിട്ടും നിരുത്തരവാദപരമായ സമീപനം പുലർത്തുന്നതിനു പിന്നിൽ കൃത്യമായ അജണ്ടയുണ്ട്. ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ മുൻപന്തിയിൽ നിന്നിരുന്ന മന്ത്രി ഭരിക്കുമ്പോൾവരെ ഇക്കാര്യത്തിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നതും ഓർക്കണം. കോടിക്കണക്കിന് രൂപയുടെ ക്ഷേത്ര ഭൂമികളാണ് ഇങ്ങനെ കേരളത്തിൽ മാത്രം നഷ്ടപ്പെട്ടിരിക്കുന്നത്. നിത്യവൃത്തിപോലും വേണ്ടത്ര നടന്നുപോവാത്ത ക്ഷേത്രങ്ങൾ നിലനില്ക്കുന്ന ഒരു സംസ്ഥാനത്താണ് ഇത്തരം വിരോധാഭാസങ്ങൾ അരങ്ങേറുന്നതെന്നുപറയുമ്പോൾ ഹിന്ദുസമുദായത്തിന്റെ ജാഗ്രതക്കുറവുതന്നെയായേ ഇതിനെ വിശേഷിപ്പിക്കാനാവൂ. ഇതിനുവേണ്ടി പ്രവർത്തിക്കുന്ന വിവിധ ഹിന്ദുസംഘടനകൾക്കും ശക്തി പകരുവാൻ നാം തയ്യാറാവുകയെന്നതാണ് ഇതിനുള്ള ഏക പോംവഴി.

ഹിന്ദുയുവാക്കളിലെ തൊഴിലില്ലായ്മ വളരെയധികം രൂക്ഷമായ പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുണ്ട്. ജീവിതച്ചെലവ് വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുവാൻ പോകുന്ന ഭവിഷ്യത്തുകൾ ചെറുതൊന്നുമല്ല. മറ്റു മതസമുദായങ്ങൾ, സർക്കാർ ചെലവിൽ വിദ്യാഭ്യാസവും തൊഴിൽപരിശീലനങ്ങളും തൊഴിലവസരങ്ങളും നൽകുവാനുള്ള വേണ്ടത്ര പദ്ധതികൾ ഇന്നുണ്ട്. എന്നാൽ ഭൂരിപക്ഷസമുദായമായതിന്റെ പേരിലും വോട്ടുബാങ്ക്ശക്തിയല്ലെന്നതിന്റെ പേരിലും ഹിന്ദുസമുദായം അനുഭവിക്കുന്ന ഒറ്റപ്പെടൽ ഗുരുതരമായ സാമൂഹികപ്രത്യാഘാതമായിരിക്കും സൃഷ്ടിക്കുക. സർക്കാരിൽനിന്നും നമ്മുടെ ന്യായമായ അവകാശങ്ങൾ പിടിച്ചുവാങ്ങുവാൻ നാം തയ്യാറാവണം. വിശ്വഹിന്ദുപരിഷത്ത് ഇക്കാര്യത്തിൽ ചില പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. ഹിന്ദുസമുദായത്തിന്റെ ഈ രംഗത്തെ പ്രതിസന്ധി അവസാനിപ്പിക്കുവാനും അരക്ഷിതാവസ്ഥ ദുരീകരിക്കുവാനും ഇതുകൊണ്ടു കഴിയുമെന്നാണ് പ്രതീക്ഷ. രാഷ്ട്രീയക്കാരുടെ ചൂഷണത്തിനിരയാവാനുള്ളതല്ല ഹിന്ദുക്കളെന്ന നമ്മൾ കാണിച്ചുകൊടുക്കേണ്ട അടിയന്തിരസന്ദർഭമാണിത്. റഷ്യയിൽ ഭഗവദ്ഗീത നിരോധിച്ച നടപടിക്കെതിരെ അന്നാട്ടിലെ ഹിന്ദുക്കൾ നടത്തിയ പ്രതിഷേധം നമുക്കൊരു പാഠമാണ്. ജാഗ്രതയോടെയുള്ള ഇടപെടൽ പ്രശ്നങ്ങൾക്ക് സത്വരമായ പരിഹാരമാകും. കലാപവിരുദ്ധബില്ലിലൂടെ ഹിന്ദുക്കളെ ഒന്നടങ്കം 'കലാപകാരി'കളാക്കിത്തീർക്കുവാനുള്ള ഗൂഢശ്രമങ്ങൾ അധികാരികളുടെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുമ്പോൾ സാമൂഹികമായ ജാഗ്രതക്ക് വലിയൊരു പ്രസക്തിയുണ്ട്.

●






# സംഘടനാവൈഭവത്തിന്റെ മാറ്റുരച്ച ദേശീയസമ്മേളനം

**വിവിധ ഹിന്ദുവിഭാഗങ്ങൾക്ക് അർഹതപ്പെട്ട തൊഴിലവസരങ്ങൾ മറ്റു മതങ്ങളിൽപ്പെട്ടവർക്ക് നൽകാൻ അനുവദിക്കില്ലെന്ന് സമ്മേളനം വ്യക്തമാക്കി. മതത്തിന്റെ അടിസ്ഥാനത്തിലുള്ള സംവരണം ഇന്ത്യയെ വീണ്ടും വിഭജിക്കുവാനുള്ള ഗൂഢാലോചനയാണെന്നും അത് ഭരണഘടനാവിരുദ്ധമാണെന്നും സമ്മേളനം പാസ്സാക്കിയ പ്രമേയത്തിൽ പറഞ്ഞു.**

ലോകമെങ്ങുമുള്ള വിശ്വഹിന്ദുപരിഷത്തിന്റെ പ്രതിനിധികളുടെ സംഗമം കേരളചരിത്രത്തിലെ പുതിയൊരദ്ധ്യായമായി. 2011 ഡിസംബർ 16, 17, 18 തീയതികളിലായി കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര പ്രതിനിധി സമ്മേളനം വിശ്വഹിന്ദുപരിഷത്തിന്റെ സംഘടനാശക്തി തെളിയിക്കുന്നതായിരുന്നു. വിവിധ സംസ്ഥാനങ്ങളിലെയും വിദേശത്തെയും സംഘടനാ പ്രതിനിധികളും അഖിലേന്ത്യാ ഭാരവാഹികളും പങ്കെടുത്ത സമ്മേളനം കൊച്ചിയുടെ ചരിത്രത്തിലെ അപൂർവ്വ നിമിഷങ്ങൾ കൂടിയായി. മാന. അശോക് സിംഗാൾ, ഡോ. പ്രവീൺഭായ് തൊഗാഡിയ, ദിനേശ് ചന്ദ്ര, എസ്. വേദാന്തം തുടങ്ങിയ മുതിർന്ന പ്രവർത്തകർ മൂന്നുദിവസം നീണ്ടുനിന്ന സമ്മേളനപരിപാടികൾക്ക് നേതൃത്വം നൽകി.

കലൂർ പാവക്കുളം ക്ഷേത്രാങ്കണത്തിൽ പ്രത്യേകം തയ്യാറാക്കിയ സമ്മേളനവേദിയിൽ ഡിസംബർ 15 ന് വൈകിട്ട് കാഞ്ചികാമകോടി പീഠം മഠാധിപതി ശങ്കരാചാര്യ ജയേന്ദ്ര സരസ്വതി സ്വാമികൾ നടത്തിയ അനുഗ്രഹ പ്രഭാഷണത്തോടെ ചടങ്ങുകൾക്ക് തുടക്കമായി. വിവിധ ജാതീയ സംഘടനകളിൽ പ്രവർത്തിക്കുമ്പോഴും ഹിന്ദുക്കളിൽ ഏകതാമനോഭാവം ഉണ്ടാകണമെന്ന് സ്വാമികൾ ഉദ്ബോധിപ്പിച്ചു. ശ്രീനാരായണ ഗുരുവിന്റെ പ്രഭാവം കേരളത്തിൽ ഹൈന്ദവ ഐക്യത്തിനു സഹായകമായിട്ടുണ്ടെന്ന് അനുസ്മരിച്ചുകൊണ്ട് സ്വാമികൾ വിശ്വഹിന്ദുപരിഷത്ത് നടത്തിവരുന്ന ഹൈന്ദവ ഐക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തു.



സമ്മേളനനഗരിയിൽ സജ്ജീകരിച്ച വിവിധ പ്രദർശിനികളുടെ ഉദ്ഘാടനം സ്വാമികളും അശോക് സിംഗാളും ചേർന്ന് നിർവ്വഹിച്ചു.

ഡിസംബർ 16 ന് രാവിലെ, സമ്മേളനത്തിന് ഔപചാരികമായ തുടക്കംകുറിച്ചുകൊണ്ട് വിശ്വഹിന്ദുപരിഷത്ത് അഖിലേന്ത്യാ പ്രസിഡൻറ് അശോക് സിംഗാൾ ഭദ്രദീപം തെളിയിച്ചു. രാവിലെ ഗോപൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. രാഷ്ട്രീയരംഗത്ത് ഹിന്ദുക്കൾ ജാതീയമായി വിഘടിക്കപ്പെട്ടിരിക്കുന്നത് ഹിന്ദുസമൂഹത്തിന്റെ മുന്നേറ്റത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേരളത്തിലെ ഹിന്ദുസമൂഹം ധാർമ്മികമായി ഭേദചിന്തകൾക്കതീതരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഉദ്ഘാടനച്ചടങ്ങിൽ സ്വാഗതസംഘം ചെയർമാൻ ജസ്റ്റിസ് രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. മാതാ അമൃതാനന്ദമയിയുടെ സന്ദേശം സ്വാമി തപസ്യാമൃതാനന്ദ വായിച്ചു. ഹിന്ദുധർമ്മത്തിന്റെ നീണ്ട ചരിത്രത്തിൽ നാം നേരിട്ട ഗുരുതരമായ പ്രതിസന്ധികളെയെല്ലാം വിജയകരമായി തരണം ചെയ്തിട്ടുണ്ടെന്നും നമ്മുടെ ആചാര്യന്മാരും മഹാത്മാക്കളുമാണ് സമൂഹത്തെ ഇതിന് പ്രാപ്തമാക്കിയതെന്നും ഹിന്ദുത്വത്തെക്കുറിച്ചുള്ള അജ്ഞതയാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്നും സന്ദേശത്തിൽ അമൃതാനന്ദമയി പറഞ്ഞു.



വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന ഭാരവാഹികളായ കെ.പി. നാരായണൻ, കെ.കെ. പിള്ള, എം.ബി. വിജയകുമാർ, കാശി വിശ്വനാഥൻ, വി.ആർ. രാജശേഖരൻ എന്നിവർ സംസാരിച്ചു. ഡോ. പ്രവീൺഭായ് തൊഗാഡിയ, കെ.വി. മദനൻ, ദിനേശ്ചന്ദ്ര, എസ്. വേദാന്തം, രാജമാതാ ചന്ദ്രകാന്താദേവി തുടങ്ങിയവർ സന്നിഹിതരായിരുന്നു. ആർ.എസ്.എസ്. പ്രാന്തസംഘചാലക് പി.ഇ.ബി. മേനോൻ, പ്രാന്തപ്രചാരക് പി.ആർ. ശശിധരൻ, ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് വി. മുരളീധരൻ, വി.എച്ച്.പി. സംസ്ഥാന വൈസ്പ്രസിഡന്റ് കുമ്മനം രാജശേഖരൻ, ഹിന്ദു ഐക്യവേദി സംസ്ഥാന ജനറൽ സെക്രട്ടറി ഇ.എസ്. ബിജു, ബാലഗോകുലം മാർഗദർശി എം.എ. കൃഷ്ണൻ എന്നിവരും സംബന്ധിച്ചു.

വിവിധ ഹിന്ദുവിഭാഗങ്ങൾക്ക് അർഹതപ്പെട്ട തൊഴിലവസരങ്ങൾ മറ്റു മതങ്ങളിൽപ്പെട്ടവർക്ക് നൽകാൻ അനുവദിക്കില്ലെന്ന് സമ്മേളനം വ്യക്തമാക്കി. മതത്തിന്റെ അടിസ്ഥാനത്തിലുള്ള സംവരണം ഇന്ത്യയെ വീണ്ടും വിഭജിക്കുവാനുള്ള ഗൂഢാലോചനയാണെന്നും അത് ഭരണഘടനാവിരുദ്ധമാണെന്നും സമ്മേളനം പാസ്സാക്കിയ പ്രമേയത്തിൽ പറഞ്ഞു. ഹിന്ദുക്കളിലെ ഒ.ബി.സി., പട്ടികജാതി തുടങ്ങിയ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഉദ്യോഗം മറ്റു മതങ്ങൾക്ക് നൽകുന്നതിനെ ശക്തമായി എതിർക്കുമെന്ന് സമ്മേളനം പ്രഖ്യാപിച്ചു. മതാടിസ്ഥാനത്തിലുള്ള സംവരണം അവസാനിപ്പിക്കണമെന്നും രംഗനാഥമിശ്ര - സച്ചാർ കമ്മീഷൻ റിപ്പോർട്ടുകൾ തള്ളിക്കളയണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.





ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ജി. മാധവൻനായർക്ക് സമ്മേളനവേദിയിൽ സ്വീകരണം നൽകിയത് പ്രത്യേക അനുഭവമായി. ശാസ്ത്രവും സാങ്കേതികവിദ്യയും ഹൈന്ദവദർശനങ്ങളിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളതാണെന്ന് മാധവൻനായർ പറഞ്ഞു. ഹിന്ദുശാസ്ത്രഗ്രന്ഥങ്ങളിലൂടെ ആധുനികശാസ്ത്രസത്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിൽ തെറ്റില്ല. ഹിന്ദുഗ്രന്ഥങ്ങളിലെ ശാസ്ത്രീയ നിഗമനങ്ങൾ ശരിയായിരുന്നുവെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. ബാല്യം മുതൽക്കേ മുത്തച്ഛനും മുത്തശ്ശിയും ഹിന്ദുജീവിതരീതി പഠിപ്പിച്ചിരുന്നതിനാൽ ഹിന്ദുവായി തന്നെ ജീവിക്കാൻ കഴിഞ്ഞുവെന്നും അദ്ദേഹം അനുസ്മരിച്ചു. വി.എച്ച്.പി.യുടെ ഹിന്ദു ഐക്യപ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അശോക് സിംഗാൾ പൊന്നാടയണിയിച്ച് മാധവൻനായരെ സ്വീകരിച്ചു.

സമ്മേളനത്തിന് അനുബന്ധമായി ഡിസംബർ 17 ന് വൈകിട്ട് മറൈൻഡ്രൈവിലെ സ്വാമി ചിന്മയാനന്ദനഗറിൽ നടന്ന ഏകതാസമ്മേളനത്തിൽ നിരവധി പേർ പങ്കെടുത്തു. കൊച്ചി നഗരത്തെ കാവിവർണ്ണമണിയിച്ച് നടന്ന പ്രകടനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ വിവിധ ഹിന്ദുനേതാക്കൾ സംബന്ധിച്ചു. ജാതിയുടെ പേരിൽ ഒന്നിച്ചു നിൽക്കാതെ ഹിന്ദുസമൂഹം വിരാട് രൂപം ആർജ്ജിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. സാമുദായികമായ വിഭാഗീയത ഹിന്ദുക്കളെ ന്യൂനപക്ഷമാക്കി മാറ്റുമ്പോൾ അഭിമാനം ചോദ്യം ചെയ്യപ്പെടുകയാണെന്നും സാമുദായികഭിന്നതയ്ക്ക് കാരണക്കാർ രാഷ്ട്രീയക്കാരാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരളത്തിലെ ഹിന്ദുസമൂഹം നാലുവശത്തുനിന്നും ഭീഷണി നേരിടുകയാണ്. ഈ സാഹചര്യത്തിൽ ഭിന്നിച്ചുനിന്നാൽ ഹിന്ദുസമൂഹത്തിന് അനർത്ഥങ്ങൾ നേരിടേണ്ടിവരും, അദ്ദേഹം ചൂണ്ടിക്കാട്ടി. ബ്രിട്ടീഷുകാർ നടപ്പാക്കാൻ ശ്രമിച്ച നയങ്ങൾ അതേ രൂപത്തിൽ കൊണ്ടുവരാനാണ് സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസുകാർ ശ്രമിക്കുന്നത്. ഹിന്ദുക്കളെ ഉന്മൂലനം ചെയ്യുവാനുള്ള ഈ ഗൂഢനീക്കത്തിൽനിന്നും രക്ഷപ്പെടാൻ അതീവജാഗ്രത പുലർത്തണം. കലാപവിരുദ്ധബിൽ കൊണ്ടുവരുന്നതിലൂടെ ഹിന്ദുക്കളെ നശിപ്പിക്കലാണ് സോണിയാഗാന്ധിയുടെ ലക്ഷ്യം, അശോക് സിംഗാൾ പറഞ്ഞു.






ഹിന്ദുക്കളെ എല്ലാക്കാലത്തും കുറ്റവാളികളായി ചിത്രീകരിക്കുന്ന വർഗീയകലാപവിരുദ്ധബിൽ പാർലമെന്റിൽ തടയുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഡോ. പ്രവീൺഭായി തൊഗാഡിയ പറഞ്ഞു. ദേശീയ ഉപദേശകസമിതി അംഗമായ സോണിയാഗാന്ധി 100 കോടി ഹിന്ദുക്കളെയാണ് കുറ്റവാളികളായി പ്രഖ്യാപിക്കുന്നത്. ഇതിലൂടെ മുസ്ലീം ഭീകരർക്ക് ഹിന്ദുക്കളെ കൂട്ടക്കൊല ചെയ്യുന്നതിനുള്ള അവകാശം നൽകുകയാണ്. ഈ സാഹചര്യത്തിൽ ബിൽ പിൻവലിച്ച് സോണിയാഗാന്ധി ക്ഷമചോദിക്കണമെന്നും തൊഗാഡിയ ആവശ്യപ്പെട്ടു. ലൗജിഹാദിൽ തുടങ്ങി പെട്രോൾ ജിഹാദിന്റെ നടുവിലാണ് ഇന്ന് ഹിന്ദുക്കളെന്ന് അദ്ദേഹം പറഞ്ഞു. പട്ടികജാതിക്കാരുടെ അവകാശങ്ങൾ മുസ്ലീമിനും ക്രിസ്ത്യാനിക്കും വിട്ടുകൊടുക്കാനാവില്ല.

വി.എച്ച്.പി. ദേശീയ വൈസ്പ്രസിഡന്റ് കെ.വി. മദനൻ അദ്ധ്യക്ഷത വഹിച്ചു. വർക്കിംഗ് പ്രസിഡന്റ് വേദാന്തം, സ്വാമി വേദാനന്ദ സരസ്വതി, സ്വാമി വിമലാനന്ദ, സ്വാമി അയ്യപ്പദാസ്, സ്വാമി ഭാർഗ്ഗവറാം, സ്വാമി ഗുരുപ്രസാദ്, ബാഹുലേയാനന്ദഗിരി, സ്വാമി സത്യധർമ്മദാസ്, സ്വാമി ദിവ്യാനന്ദ, വി.എച്ച്.പി. ഭാരവാഹികളായ ദിനേശ്ചന്ദ്ര, അശോക് ചൗഗലെ, കുക്കംചന്ദ്ര സാവൻജി, ബാലകൃഷ്ണ നായിക്, ഓംപ്രകാശ് സിംഗാൾ, മധുഭായി കുൽക്കർണി, കുമ്മനം രാജശേഖരൻ, ബി.ആർ. ബാലരാമൻ, കെ.പി. നാരായണൻ, ആർ.എസ്.എസ്. പ്രാന്ത സംഘചാലക് പി.ഇ.ബി. മേനോൻ, വിവിധ സാമുദായിക നേതാക്കൾ എന്നിവർ സംബന്ധിച്ചു.

**വിശ്വഹിന്ദുപരിഷത്ത് ഭാരവാഹികൾ**

വി.എച്ച്.പി. അന്തർദ്ദേശീയ പ്രസിഡന്റായി ജി. രാഘവ റെഡ്ഢി തെരഞ്ഞെടുക്കപ്പെട്ടു. ഡോ. പ്രവീൺഭായി തൊഗാഡിയയായിരിക്കും വർക്കിംഗ് പ്രസിഡന്റ്. ചമ്പത്ത് റായി, ദിനേശ് ചന്ദ്ര എന്നിവരാണ് ജനറൽ സെക്രട്ടറിമാർ. അശോക് ചൗഗലേ, വിദേശകാര്യത്തിന്റെ ചുമതലയുള്ള വർക്കിംഗ് പ്രസിഡന്റും അശോക് സിംഗാളും എസ്. വേദാന്തവും ഉപദേഷ്ടാക്കളുമായിരിക്കും. ●



# വിശ്വഹിന്ദുപരിഷത്ത് പ്രക്ഷോഭത്തിലേക്ക്

ഡോ. പ്രവീൺ തൊഗാഡിയ



ക്ഷേത്രങ്ങളെ സർക്കാരിന്റെ പിടിയിൽ നിന്നും മോചിപ്പിക്കാൻ വി.എച്ച്.പി. ദേശവ്യാപകമായി പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് ഡോ.പ്രവീൺ തൊഗാഡിയ പറഞ്ഞു. ഭാരതത്തിൽ ഒരു ലക്ഷത്തോളം ക്ഷേത്രങ്ങൾ വിവിധ സർക്കാറുകളുടെ അധീനതയിലുണ്ട്. കോടിക്കണക്കിന് രൂപയാണ് ഹിന്ദുക്കൾ കാണിക്കയായി ക്ഷേത്രങ്ങളിൽ സമർപ്പിക്കുന്നത്. ഈ പണം ഹിന്ദുക്കളെ ഉപദ്രവിക്കുവാനാണ് ഉപയോഗിക്കുന്നത്. ക്ഷേത്രത്തിലെ കാണിക്ക എടുത്ത് ന്യൂനപക്ഷങ്ങൾക്ക് സബ്സിഡി നൽകുകയാണ്. ക്ഷേത്രങ്ങൾക്കും ഹിന്ദുക്കൾക്കും വേണ്ടി സർക്കാർ ഒന്നും ചെയ്യുന്നില്ല.

ഹിന്ദുശാക്തീകരണം ലക്ഷ്യമിട്ട് 2015ൽ ഒരു ലക്ഷം ഗ്രാമങ്ങളിലേക്ക് വി.എച്ച്.പിയുടെ പ്രവർത്തനം വ്യാപിപ്പിക്കുമെന്നും തൊഗാഡിയ പറഞ്ഞു. ഹിന്ദുയുവാക്കളുടെ തൊഴിലില്ലായ്മ വളരെ ഗുരുതരമായ പ്രശ്നമാണ്. ഹിന്ദുക്കളുടെ ജോലി തട്ടിയെടുക്കാൻ ന്യൂനപക്ഷക്കാരെ വി.എച്ച്.പി അനുവദിക്കില്ല. ഹിന്ദുയുവാക്കളുടെ ജോലി സുരക്ഷയ്ക്കായി ബില്ല് കൊണ്ടുവരുന്നതിനായി സർക്കാരിൽ സമ്മർദ്ദം ചെലുത്തും. ഗോവധം തടയുന്നതിനായി ബജ്രംഗ്ദളിന്റെ നേതൃത്വത്തിൽ പ്രക്ഷോഭം സംഘടിപ്പിക്കും. അടുത്ത ലോകസഭാ തെരഞ്ഞെടുപ്പിൽ ന്യൂനപക്ഷങ്ങളുടെ വോട്ട്ബാങ്ക് രാഷ്ട്രീയത്തെ തകർക്കും. വോട്ട് ബാങ്ക് പറഞ്ഞ് രാഷ്ട്രീയകക്ഷികളുടെ നേതാക്കളെ വരുതിക്കു നിർത്തുന്ന സമീപനം വിശ്വഹിന്ദുപരിഷത്ത് അംഗീകരിക്കില്ല. ഹിന്ദുക്കളുടെ വികാരം മാനിക്കുന്ന ആർക്കും രാജ്യം ഭരിക്കാം. അഴിമതിക്കെതിരെ പോരാടുന്ന വ്യക്തികളെയും സംഘടനകളെയും വി.എച്ച്.പി. പിന്തുണയ്ക്കും, അഴിമതി രാജ്യത്തെ കാർന്നുതിന്നുന്ന കാൻസറാണ്. അഴിമതിക്കെതിരെയുള്ള പോരാട്ടത്തെ രാഷ്ട്രീയവത്കരിക്കരുത്. അത് രാജ്യത്തെ തകർച്ചയിലേക്ക് നയിക്കും. അദ്ദേഹം പറഞ്ഞു.

സാമൂഹ്യമായും രാഷ്ട്രീയമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായുമെല്ലാം ഹിന്ദുക്കൾ പിന്തള്ളപ്പെടുകയാണ്. ഹിന്ദുക്കൾ ശക്തിപ്രാപിക്കുകയെന്നതാണ് ഇതിനുള്ള പോംവഴി.



**സാമൂഹ്യമായും രാഷ്ട്രീയമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായുമെല്ലാം ഹിന്ദുക്കൾ പിന്തള്ളപ്പെടുകയാണ്. ഹിന്ദുക്കൾ ശക്തിപ്രാപിക്കുകയെന്നതാണ് ഇതിനുള്ള പോംവഴി.**

ഹിന്ദുക്കൾക്ക് ജോലി, ബാങ്ക്ലോൺ, ഗവൺമെന്റ് സബ്സിഡികൾ എന്നിവ ലഭ്യമാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തും. ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ മേഖലകളിൽ വി.എച്ച്.പി.യുടെ സേവനം വ്യാപിപ്പിക്കും. യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാനും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കും. വിദേശത്തുള്ള ഹിന്ദുക്കളുടെ മനുഷ്യാവകാശം സംരക്ഷിക്കാൻ വി.എച്ച്.പി. മുൻകൈയെടുക്കും. വി.എച്ച്.പി. അന്താരാഷ്ട്ര വർക്കിംഗ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഡോ. പ്രവീൺ തൊഗാഡിയ പറഞ്ഞു.



**ഗുരുവായൂർ സത്യാഗ്രഹം കൂടുതൽ ശക്തമാക്കാൻ 1932 സെപ്റ്റംബർ 21 ന് കേളപ്പജി നിരാഹാരസത്യാഗ്രഹം ആരംഭിച്ചു. ഇതോടെ സത്യാഗ്രഹത്തിന് അഖിലേന്ത്യശ്രദ്ധയും വാർത്താ പ്രധാന്യവും ലഭിച്ചു. എന്നാൽ അയിത്ത ജാതിക്കാരുടെ ക്ഷേത്രപ്രവേശനകാര്യത്തിൽ ഹിന്ദുക്കളുടെ ഭാഗത്തുനിന്നും കടുത്ത എതിർപ്പാണുള്ളതെന്നു പറഞ്ഞ് സാമൂതിരി രാജാവ് അനുകൂലമായ തീരുമാനത്തിനു തയ്യാറായില്ല.**

# ക്ഷേത്രപ്രവേശനചരിത്രം ഒരു പുനർവായന

**കെ. വി. മദനൻ**

**നാസിക്കിലെ കാലാറാം ക്ഷേത്ര സത്യാഗ്രഹം**

അധ:സ്ഥിത ഹിന്ദുക്കളുടെ ക്ഷേത്രപ്രവേശന സ്വാതന്ത്ര്യ പ്രക്ഷോഭണങ്ങൾക്ക് തുടക്കം കുറിച്ചത് ഡോ. അംബേദ്കർ ആയിരുന്നു. 1930 മാർച്ച് 3 ന് നാസിക്കിലെ കാലാറാം ക്ഷേത്രത്തിൽ തുടങ്ങിയ സമരം സംഘർഷഭരിതവും ഏറെ നാൾ നീണ്ടുനിന്നതുമായിരുന്നു. 1935 ഒക്ടോബറിൽ ലക്ഷ്യം കാണാതെ, അംബേദ്കർ സമരം ഉപേക്ഷിച്ചു. ക്ഷേത്രപ്രവേശനത്തിനു വേണ്ടിയുള്ള സമരത്തിനു ചെലവഴിച്ച സമയവും പരിശ്രമവും തീർത്തും പാഴായിപ്പോയെന്നും അധ:സ്ഥിതരുടെ വിദ്യാഭ്യാസ-സാമൂഹിക കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കപ്പെട്ടിരുന്നുവെങ്കിൽ അത് കൂടുതൽ അഭികാമ്യമാകുമായിരുന്നുവെന്നും ദു:ഖത്തോടുകൂടി അദ്ദേഹം വിലയിരുത്തുകയും ചെയ്തു.

മൂന്നു മാസത്തെ തയ്യാറെടുപ്പിനു ശേഷമാണ് പ്രക്ഷോഭം ആരംഭിച്ചത്. നാസിക്കിൽ ഭാവ്റാവു ഗെയ്ക്കുവാദ് സെക്രട്ടറിയായി ഒരു സത്യാഗ്രഹസമിതി ഇതിനുവേണ്ടി രൂപീകരിച്ചു. പരിപാടിയുടെ ചുക്കാൻ പിടിച്ചത് ഡോ. അംബേദ്കർ തന്നെയായിരുന്നു. സമിതിയുടെ ആഹ്വാനമനുസരിച്ച് മാർച്ച് 2 ന് 15,000ത്തോളം സത്യാഗ്രഹഭടന്മാരും പ്രതിനിധികളും നാസിക്കിൽ എത്തി. അവർ അധ:സ്ഥിതർ താമസിക്കുന്ന സ്ഥലങ്ങളിൽ തയ്യാറാക്കിയ പന്തലുകളിൽ തങ്ങി. സത്യാഗ്രഹസമിതി യോഗം ചേർന്നു സമരപരിപാടി തയ്യാറാക്കി. അതനുസരിച്ച് സത്യാഗ്രഹഭടന്മാരും പ്രതിനിധികളും നാലുനിരയുള്ള ഘോഷയാത്രയായി കാലാറം ക്ഷേത്രം ലക്ഷ്യമാക്കി നീങ്ങി. ഈ ഘോഷയാത്രയ്ക്ക് ഒരു മൈലോളം നീളമുണ്ടായിരുന്നു.


അംബേദ്കർ


സഹോദരൻ അയ്യപ്പൻ


മന്നത്ത് പത്മനാഭൻ


എ.കെ.ജി

അധ:സ്ഥിതഹിന്ദുക്കളായ സത്യാഗ്രഹ ഭടന്മാർ ക്ഷേത്രത്തിനുള്ളിൽ പ്രവേശിക്കാതിരിക്കുന്നതിനു വേണ്ട എല്ലാ നടപടികളും സവർണ്ണ ഹിന്ദുക്കൾ എടുത്തിരുന്നു. അവർ ക്ഷേത്രത്തിന്റെ നാലു കവാടങ്ങളും അടച്ചു. ക്ഷേത്രത്തിനു ചുറ്റും വലിയ പോലീസ്സന്നാഹം ഒരുക്കി. അധ:സ്ഥിതരുടെ ഭാഗത്തു നിന്നും ബലപ്രയോഗമോ മറ്റു അനിഷ്ടസംഭവങ്ങളോ ഉണ്ടായാൽ വെടിവെയ്ക്കുന്നതിനു ഉത്തരവു നൽകാൻ രണ്ട് മജിസ്ട്രേറ്റുമാർ സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്നു.

ഘോഷയാത്ര ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ എത്തി. ക്ഷേത്രകവാടങ്ങൾ അടഞ്ഞുകിടന്നിരുന്നതുകൊണ്ടും പോലീസിന്റെ നിരോധനം മൂലവും ഘോഷയാത്ര ഗോദാവരിഘട്ടിലേക്ക് നിങ്ങുകയും അവിടെ യോഗം ചേരുകയും ചെയ്തു.

അന്നു രാത്രി 11 മണിക്ക് സത്യാഗ്രഹ സമിതി യോഗം ചേർന്ന് സാഹചര്യങ്ങൾ വിലയിരുത്തി പിറ്റേദിവസം സത്യാഗ്രഹം തുടങ്ങാൻ തീരുമാനിച്ചു. അതുപ്രകാരം 1930 മാർച്ച് 3 ന് ക്ഷേത്രത്തിന്റെ നാലു കവാടങ്ങളിലും സത്യാഗ്രഹം ആരംഭിച്ചു. സത്യാഗ്രഹത്തിൽ ഓരോ ദിവസവും നിരവധി പേർ പങ്കെടുത്തിരുന്നു. സത്യാഗ്രഹം ഒരു മാസത്തിലധികം പിന്നിട്ടു.

ഏപ്രിൽ 9 രാമനവമി ദിവസം വലിയൊരു അനിഷ്ടസംഭവവുമുണ്ടായി. രാമനവമിക്ക് ഭഗവാൻ ശ്രീരാമചന്ദ്രന്റെ വിഗ്രഹം തേരിലേറ്റി ഘോഷയാത്ര നടത്തുന്ന ചടങ്ങുണ്ടായിരുന്നു. ഈ ഘോഷയാത്ര നടത്തുന്നതിന് സവർണ്ണ ഹിന്ദുക്കളും സത്യാഗ്രഹികളായ അധ:സ്ഥിതരും തമ്മിൽ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കി. രണ്ടു ഭാഗത്തുനിന്നുമുള്ള ബലിഷ്ഠരായവർ രഥം വലിക്കണമെന്നതായിരുന്നു ഒത്തുതീർപ്പ്. എന്നാൽ രഥം വലിക്കാൻ കാത്തുനിന്ന അധഃസ്ഥിതരുടെ കണ്ണുവെട്ടിച്ച് സവർണ്ണർ ഒരു ഊടുവഴിയിലൂടെ രഥം വലിച്ചുകൊണ്ട് പാഞ്ഞുപോയി. ഇതു മനസ്സിലാക്കിയ സത്യാഗ്രഹികൾ വെടിവെയ്ക്കാൻ സന്നാഹമെടുത്തു നിന്ന പോലീസ് വലയത്തെ ഭേദിച്ചു രഥത്തിനു പിന്നാലെ ഓടി. അവർക്കു നേരെ സവർണ്ണർ കനത്ത കല്ലേറു നടത്തി. കല്ലേറിൽ കുദ്രേക്കർ എന്ന അധഃസ്ഥിതയുവാവ് മാരകമായി പരിക്കേറ്റ് രക്തത്തിൽ കുളിച്ച് നിലത്തു വീണു. കല്ലേറിൽ നിന്നും ഡോ.അംബേദ്ക്കറെ രക്ഷിച്ചുനിന്നവരിൽ ചിലർ ചിതറി ഓടിയതുമൂലം അദ്ദേഹത്തിനും ചില്ലറ പരിക്കേറ്റു. എന്നാലും അധഃസ്ഥിതർ രഥം പിടിച്ചുനിർത്തുക തന്നെ ചെയ്തു.

ഏപിൽ 9-ലെ സംഭവം സാമൂഹികമായ പല അസ്വസ്ഥതകൾക്കും കാരണമായി. സവർണ്ണർ പലതരത്തിൽ


ഗുരുവായൂർ



*കാലാറാം ക്ഷേത്രം*

അധഃസ്ഥിതരെ ഉപദ്രവിച്ചു. വഴി നടക്കുന്നതിൽ നിന്നും തടഞ്ഞു; കുട്ടികൾക്ക് സ്കൂളിൽ പോകാൻ പറ്റാതെയായി. കടകളിൽ നിന്നും അധഃസ്ഥിതർക്ക് സാധനങ്ങൾ നിഷേധിച്ചു. അവർക്ക് സവർണ്ണരിൽ നിന്നും ദേഹോപദ്രവം ഏല്ക്കേണ്ടതായി വന്നു.

പ്രശസ്തരായ ഹിന്ദുനേതാക്കൾ രണ്ടു കൂട്ടരേയും അനുനയിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും അതെല്ലാം പരാജയപ്പെട്ടു. അധഃസ്ഥിതർ ക്ഷേത്രപ്രവേശനകാര്യത്തിൽ ഉറച്ചുനിന്നു. അക്കാരണത്താൽ ഒരു കൊല്ലത്തോളം ക്ഷേത്രം അടച്ചിടപ്പെട്ടു. ക്ഷേത്രപ്രവേശനത്തെ അനുകൂലിക്കുന്ന ഹിന്ദുനേതാക്കളുടെ പരിശ്രമങ്ങൾ യാഥാസ്ഥിതികരുടെ കടു ത്ത നടപടികൾക്കു മുമ്പിൽ പരാജയപ്പെട്ടു.

കാലാറാം ക്ഷേത്രപ്രവേശനത്തിനു വേണ്ടി നടത്തിയ പ്രക്ഷോഭം പരാജയപ്പെട്ടത് ഡോ. അംബേദ്കറുടെ ഹൃദയത്തിൽ ശക്തമായ കോളിളക്കം സൃഷ്ടിച്ചു. സാമൂഹികമാറ്റത്തിനു എതിരു നിൽക്കുന്ന ഹിന്ദുമന:സ്ഥിതിയെ അദ്ദേഹം ശക്തമായി അപലപിച്ചു. ഇതിന്റെയൊക്കെ ആകെത്തുകയായിരുന്നു താനൊരു ഹിന്ദുവായി മരിക്കുകയില്ലെന്ന 1935-ലെ ഇയോള കോൺഫറൻ സിലെ അംബേദ്കറുടെ പ്രഖ്യാപനം.

ഇത്രയും ദീർഘവും സംഘർഷഭരിതവും നിരവധി ഹിന്ദുനേതാക്കളുടെ ഇടപെടലുകൾക്ക് അവസരമൊരുക്കിയതുമായ കാലാറാം ക്ഷേത്രപ്രവേശന സത്യാഗ്രഹത്തെ സംബന്ധിച്ച് ഒരക്ഷരം പോലും പ്രതികരണമായി മഹാത്മജിയിൽ നിന്നും ഉണ്ടായില്ല. 1935 ഒക്ടോബർ അവസാനത്തോടുകൂടി ഈ സത്യാഗ്രഹം പിൻവലിച്ചു.

**ഗുരുവായൂർ സത്യാഗ്രഹം**

നാസിക്കിലെ കാലാറാം ക്ഷേത്രപ്രവേശനസമരം കൊടുമ്പിരികൊണ്ടിരിക്കുന്ന സമയത്താണ് ഗുരുവായൂർ സമരം തുടങ്ങിയത്.

ടി. സുബ്രഹ്മണ്യൻ തിരുമ്പ് നേതാവും എ.കെ. ജി. ക്യാപ്റ്റനുമായ സത്യാഗ്രഹജാഥ 1931 ഒക്ടോബർ 21 ന് കണ്ണൂരിൽ നിന്നും പുറപ്പെട്ടു. ഗുരുവായൂർ ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ തീണ്ടൽജാതിക്കാർക്കു പ്രവേശിക്കാൻ അനുവാദമുണ്ടായിരുന്ന സ്ഥലത്ത് 1931 ഒക്ടോബർ 31 ന് സത്യാഗ്രഹം ആരംഭിച്ചു. കൊച്ചിയിലും തിരുവിതാംകൂറിലും മന്നത്ത് പത്മനാഭൻ സഞ്ചരിച്ച് പൊതുയോഗം വിളിച്ചുകൂട്ടി സമരത്തിന് ജനപിന്തുണ സമ്പാദിച്ചു.

കേളപ്പജിയുടെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹത്തിൽ എ.കെ.ജിയെ പോലുള്ള നിരവധി മഹാത്മാക്കൾ പങ്കെടുത്തു. ഗുരുവായൂർ സത്യാഗ്രഹത്തിലെ പ്രധാനപ്പെട്ട ഹരിജനസാന്നിദ്ധ്യം പി.എം. ഉണ്ണിക്കൃഷ്ണനായിരുന്നു. കൊയിലാണ്ടിയിലെ ഇരിങ്ങം സ്വദേശിയായ ഉണ്ണികൃഷ്ണൻ പാക്കനാർപുരത്ത് കേളപ്പജി ഹരിജനവിദ്യാർത്ഥികൾക്കു താമസിച്ചുപഠിക്കാൻ സ്ഥാപിച്ച ശ്രദ്ധാനന്ദവിദ്യാലയത്തിൽ നിന്ന് എസ്.എസ്.എൽ. സിയും പട്ടാമ്പിയിലെ സംസ്കൃതകോളേജിൽ നിന്നും സംസ്കൃതവിദ്യാഭ്യാസവും പൂർത്തിയാക്കി. മലബാർ പ്രദേശത്തെ ഹരിജനസംഘടനയായി അഖില മലബാർ ഹരിജൻ സമാജത്തിന്റെ സ്ഥാപകനേതാക്കളിലൊരാളും 1952 മാർച്ച് 28 ന് അന്തരിക്കുന്നതു വരെ പ്രസ്തുത സംഘടനയുടെ സംഘടനാസെക്രട്ടറിയും ആയിരുന്നു അദ്ദേഹം.

ഗുരുവായൂർ സത്യാഗ്രഹത്തിൽ പങ്കെടുത്തപ്പോഴും 1946 ൽ മൂഴിക്കൽ എന്ന സ്ഥലത്തു നടന്ന ഹരിജൻ സമ്മേളനത്തിൽ മുസ്ലീങ്ങൾ കടന്നുകയറി അക്രമം അഴിച്ചുവിട്ടപ്പോഴും ഏൽക്കേണ്ടി വന്ന കൊടും മർദ്ദനങ്ങളുടെ ഫലമായാണ് ഉണ്ണികൃഷ്ണന് അകാലമരണം സംഭവിച്ചത്.

ഗുരുവായൂർ സത്യാഗ്രഹം കൂടുതൽ ശക്തമാക്കാൻ 1932 സെപ്റ്റംബർ 21 ന് കേളപ്പജി നിരാഹാരസത്യാഗ്രഹം ആരംഭിച്ചു. ഇതോടെ സത്യാഗ്രഹത്തിന് അഖിലേന്ത്യശ്രദ്ധയും വാർത്താപ്രധാന്യവും ലഭിച്ചു. എന്നാൽ അയിത്തജാതിക്കാരുടെ ക്ഷേത്രപ്രവേശനകാര്യത്തിൽ ഹിന്ദുക്കളുടെ ഭാഗത്തുനിന്നും കടുത്ത എതിർപ്പാണുള്ളതെന്നു പറഞ്ഞ് സാമൂതിരി രാജാവ് അനുകൂലമായ തീരുമാനത്തിനു തയ്യാറായില്ല. ഒടുവിൽ ഗാന്ധിജിയുടെ നിർബന്ധ

*വൈക്കം ക്ഷേത്രം*



ത്തിനു വഴങ്ങി ഏകദേശം ഒരു കൊല്ലത്തോളം നീണ്ടുനിന്ന ഗുരുവായൂർ സത്യാഗ്രഹം 1932 ഒക്ടോബർ 2 ന് കേളപ്പജി നിരാഹാരസത്യാഗ്രഹം പിൻവലിച്ചതോടെ പരാജയത്തിൽ കലാശിച്ചു.

**തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരം**

നാസിക്കിലെ കാലാറാം ക്ഷേത്രസത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും ഇന്ത്യയൊട്ടാകെ രണ്ട് വ്യത്യസ്ത ചേരികളുടെ ധ്രുവീകരണത്തിന് കാരണമായി. ഇതിൽ ഒരു ചേരി അധഃസ്ഥിത ഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം നൽകണമെന്ന് അഭിപ്രായമുള്ളവരും രണ്ടാമത്തെ ചേരി ക്ഷേത്രപ്രവേശനം അധ:സ്ഥിതർക്ക് നിഷേധിക്കണമെന്നു ശഠിക്കുന്നവരും ആയിരുന്നു. രണ്ടു പതിറ്റാണ്ടുകളോളം നീണ്ടു നിന്ന ഈ തർക്കവിഷയത്തിൽ താല്ക്കാലിക വിജയം യാഥാസ്ഥിതികർക്കായിരുന്നുവെങ്കിലും ആത്യന്തിക വിജയം അങ്ങനെയായിരുന്നില്ല.

1936 നവംബർ 12 ന് ഉണ്ടായ തിരുവിതാംകൂർ ക്ഷേത്രപ്രവേശനവിളംബരത്തിലേയ്ക്ക് നയിച്ച പാത കല്ലും മുള്ളും നിറഞ്ഞതായിരുന്നു. വൈക്കം സത്യാഗ്രഹം അടിച്ചമർത്തപ്പെട്ടു. മന്നത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട സവർണ്ണയാത്രയ്ക്ക് ഭരണകൂടത്തിന്റെയും യാഥാസ്ഥിതിക ഹിന്ദുക്കളുടെയും മനസ്സിൽ ഗുണപരമായ യാതൊരു ചലനവും ഉണ്ടാക്കാൻ സാധിച്ചില്ല. ക്ഷേത്രപ്രവേശനത്തെ

**നാസിക്കിലെ കാലാറാം ക്ഷേത്രസത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും ഇന്ത്യയൊട്ടാകെ രണ്ടു വ്യത്യസ്ത ചേരികളുടെ ധ്രുവീകരണത്തിന് കാരണമായി. ഇതിൽ ഒരു ചേരി അധഃസ്ഥിത ഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം നൽകണമെന്ന് അഭിപ്രായമുള്ളവരും രണ്ടാമത്തെ ചേരി ക്ഷേത്രപ്രവേശനം അധ:സ്ഥിതർക്ക് നിഷേധിക്കണമെന്നു ശഠിക്കുന്നവരും ആയിരുന്നു.**

സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ടു നൽകാൻ പ്രഗത്ഭരടങ്ങിയ ഒരു കമ്മിറ്റിയെ ചിത്തിരതിരുനാൾ മഹാരാജാവ് നിയമിച്ചെങ്കിലും ശരിയും തെറ്റും വേർതിരിച്ച ഒരു റിപ്പോർട്ടുപോലും അവർക്ക് ഗവൺമെന്റിന് സമർപ്പിക്കാനായില്ല. കമ്മറ്റി അത്രത്തോളം ആശയക്കുഴപ്പത്തിലായിരുന്നു. കമ്മറ്റിയിലെ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും എം. ഗോവിന്ദനും മാത്രമേ അധഃസ്ഥിതരുടെ ക്ഷേത്രപ്രവേശനത്തെ അനുകൂലിച്ചുള്ളൂ.

തിരുവിതാംകൂർ ക്ഷേത്രപ്രവേശനവി



ളംബരത്തിനു വേഗതകൂട്ടിയത് ഭാരതമൊട്ടാകെ മാറ്റൊലിക്കൊണ്ട മതപരിവർത്തന ഭീഷണിയായിരുന്നു. 1935 ലെ ഇയോള കോൺഫറൻസിൽ വെച്ച് ഡോ. അംബേദ്കർ ചെയ്ത പ്രഖ്യാപനത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. ഇതേ തുടർന്ന് മുസ്ലീങ്ങളും ക്രിസ്ത്യാനികളും സിക്കുകാരും ബുദ്ധമതക്കാരും അംബേദ്ക്കറെ സമീപിച്ച് അവരവരുടെ മതത്തിൽ ചേരുന്നതിനുവേണ്ട ശക്തമായ സ്വാധീനം ചെലുത്തി. ഹിന്ദുക്കളിൽ ഇത് വലിയ അമ്പരപ്പുളവാക്കി. 1956 ൽ അംബേദ്കർ ബുദ്ധമതം സ്വീകരിക്കുന്നതുവരെ ഇത് നീണ്ടുനിന്നു.

ഏതാണ്ടിതേ കാലത്തുതന്നെ തിരുവിതാംകൂറിൽ ഈഴവരുടെ ഇടയിൽ മതപരിവർത്തനത്തിനുള്ള അനുകൂല അഭിപ്രായം ശക്തിയാർജിച്ചു. സി. വി. കുഞ്ഞുരാമൻ മതപരിവർത്തനത്തിന്റെ ന്യായാന്യായങ്ങളെ വിശദീകരിച്ചുകൊണ്ട് 'ഈഴവരുടെ മതപരിവർത്തനസംരംഭം' എന്നൊരു ലഘുലേഖ തയ്യാറാക്കി സമുദായാംഗങ്ങൾക്കിടയിൽ വിതരണം ചെയ്തു. ചങ്ങനാശ്ശേരിയിൽ സഹോദരൻ അയ്യപ്പന്റെ അദ്ധ്യക്ഷതയിൽ മതപരിവർത്തനത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു ഗംഭീരസമ്മേളനം വിളിച്ചു ചേർത്തു. അന്ന് തിരുവിതാംകൂറിൽ 11 ലക്ഷത്തോളം ഈഴവർ ഉണ്ടായിരുന്നു. അവരെല്ലാം ക്രിസ്തുമതം സ്വീകരിക്കുമായിരുന്നുവെങ്കിൽ തിരുവിതാംകൂർ മുഴുവൻ ക്രിസ്ത്യാനികളുടെ രാജ്യമാകുമായിരുന്നു.

ചിത്തിര തിരുനാളിനേയും ദിവാൻ സി.പി. രാമസ്വാമി അയ്യരേയും അമ്പരപ്പിച്ച മറ്റൊരു സംഭവം രഹസ്യാന്വേഷണ റിപ്പോർട്ടായിരുന്നു. തിരുവിതാംകൂറിലെ 70 ശതമാനം ജനങ്ങളും ക്രിസ്തുമതം സ്വീകരിക്കാൻ തയ്യാറായി നില്ക്കുന്നുവെന്നായിരുന്നു ആ രഹസ്യാന്വേഷണ റിപ്പോർട്ട്.

ഈ സാഹചര്യത്തിൽ ശ്രീപത്മനാഭസ്വാമിക്ഷേത്രം ഉൾപ്പെടെ തിരുവിതാംകൂറിലെ സർക്കാർ നിയന്ത്രണമുള്ള 1500 ക്ഷേത്രങ്ങൾ ഹിന്ദുസമുദായത്തിലെ എല്ലാവർക്കും ആരാധനയ്ക്കുവേണ്ടി തുറന്നുകൊടുക്കുകയായിരുന്നു. 1948 - ൽ കൊച്ചിയിലും മലബാർ പ്രദേശത്തും ക്ഷേത്രപ്രവേശന സ്വാതന്ത്ര്യം നിലവിൽ വന്നു. 1950 ൽ ഭരണഘടന പ്രാബല്യത്തിൽ വന്നതോടെ ഭാരതമെമ്പാടും സാമൂഹ്യസമത്വത്തിന്റെ പുത്തൻ സൂര്യോദയം ഉണ്ടായി.



**ഇഷ്ടമുള്ള ഒരു ജന്തു പിരിഞ്ഞു പോകുമ്പോൾ പോലും കുട്ടിക്കാലത്ത് ഞാൻ കരഞ്ഞിരുന്നു. അമ്മ ഒരു പശുവിനെ ഓമനിച്ചു വളർത്തിയിരുന്നു. ആലമ്മ എന്നു പേര്. പറമ്പിൽ മേഞ്ഞു കൊണ്ടിരുന്ന ആ പശു ഒരു ദിവസം വല്ലാതെ കരഞ്ഞു കൊണ്ട് വീട്ടിലേക്കോടിവന്നു. മുമ്പിലുള്ള കുളത്തിന്റെ അരികിലെത്തിയപ്പോൾ ആലമ്മ താഴെ വീണു. നിലവിളി കേട്ട് ഞങ്ങൾ ഓടിച്ചെന്നു. നിമിഷനേരത്തിനകം ആലമ്മയുടെ പ്രാണൻ പോയി.**

# നശ്വരതയുടെ തിരനോട്ടം

**കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ജേതാവായ എം.കെ. സാനുവിന്റെ ആത്മകഥയിൽ നിന്നും ഒരദ്ധ്യായം**

വേർപാട് എപ്പോഴും വേദനാജനകമാണ്. ആ വേദന അധികമായനുഭവപ്പെടുന്ന പ്രകൃതമാണ് എന്റേത്. അതൊരു ദൗർബ്ബല്യമാണ്. അതിനാൽ അതിൽനിന്ന് മുക്തി നേടാൻ പരിശ്രമിക്കേണ്ടതാണെന്ന് എപ്പോഴും ഞാൻ വിചാരിക്കുന്നു. പക്ഷേ, ജന്മപ്രകൃതമുണ്ടോ അങ്ങനെ വിട്ടുമാറുന്നു?

ഇഷ്ടമുള്ള ഒരു ജന്തു പിരിഞ്ഞുപോകുമ്പോൾ പോലും കുട്ടിക്കാലത്ത് ഞാൻ കരഞ്ഞിരുന്നു. അമ്മ ഒരു പശുവിനെ ഓമനിച്ചു വളർത്തിയിരുന്നു. ആലമ്മ എന്നു പേര്. പറമ്പിൽ മേഞ്ഞുകൊണ്ടിരുന്ന ആ പശു ഒരു ദിവസം വല്ലാതെ കരഞ്ഞുകൊണ്ട് വീട്ടിലേക്കോടിവന്നു. മുമ്പിലുള്ള കുളത്തിന്റെ അരികിലെത്തിയപ്പോൾ ആലമ്മ താഴെ വീണു. നിലവിളി കേട്ട് ഞങ്ങൾ ഓടിച്ചെന്നു. നിമിഷനേരത്തിനകം ആലമ്മയുടെ പ്രാണൻ പോയി. 'അയ്യോ, എന്റെ ആലമ്മ ചത്തുപോയി' എന്ന് അമ്മ പറഞ്ഞപ്പോൾ സങ്കടം സഹിക്കവയ്യാതെ ഞാൻ ഏങ്ങിയേങ്ങി കരഞ്ഞു. ആ സങ്കടം രണ്ടു ദിവസം എന്നെ അലട്ടിക്കൊണ്ടിരുന്നു.

ആയിടയ്ക്ക് ഞങ്ങളെ അച്ഛൻ കടപ്പുറത്തു കൊണ്ടുപോയി. ഞങ്ങളുടെ വീട്ടിൽ നിന്ന് ഒരു കിലോമീറ്ററോളം ദൂരെയാണ് കടൽ. ഒഴിവു ദിവസങ്ങളിൽ ചിലപ്പോഴെല്ലാം കുട്ടികളായ ഞങ്ങളെ അച്ഛൻ കടപ്പുറത്തു കൊണ്ടുപോകുന്ന പതിവുണ്ട്. മംഗലത്തു തറവാടിന്റേതാണ് ആ സ്ഥലം. ഭംഗിയുള്ള പൂഴിമണൽ. നടക്കുമ്പോൾ പാദങ്ങൾ പുതഞ്ഞുപോകും. പുതയുമ്പോൾ ഒരു പ്രത്യേക ശബ്ദമുണ്ടാവുന്നു. ഇക്കാലത്ത് കുട്ടികൾ ഒരുതരം ഷൂസിട്ടു നടക്കുമ്പോൾ ശബ്ദമുണ്ടാകാറുണ്ടല്ലോ – അതിനോടു സാമ്യമുള്ള ശബ്ദം. (സമീപകാലത്ത് ഞാൻ ആ മണലിലൂടെ നടന്നുനോക്കിയപ്പോൾ ആ ശബ്ദം കേൾക്കാനില്ല!)

ഞങ്ങളെല്ലാവരും ശബ്ദം കേൾപ്പിച്ചുകൊണ്ട് മണലിലോടുകയും കൊച്ചു ഞണ്ടുകളെ പിടിക്കാൻ ശ്രമിക്കുകയും ചെയ്യുക പതിവാണ്. കരയിലേക്കു വരുന്ന തിരകളിൽ കാലു നനയ്ക്കാൻ മാത്രമേ ഞങ്ങളെ അച്ഛൻ അനുവദിക്കൂ. കടലിലിറങ്ങാൻ അനുവാദമില്ല.

സൂര്യാസ്തമയം കാണുകയാണ് ആ പരിപാടിയിലെ പ്രധാന ഭാഗം. ആകാശം എപ്പോഴും അതിമനോഹരം. എന്തെല്ലാം നിറങ്ങൾ. നിറങ്ങളുടെ കലർപ്പ് അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. സൂര്യഗോളം ചുവപ്പണിയുന്നു. ചക്രവാളത്തിന്റെ ചരിവിൽ സ്പർശിക്കുമ്പോൾ സ്വർണ്ണക്കലം കമഴ്ത്തി വച്ചിരിക്കുന്നതുപോലെ തോന്നും. താഴുമ്പോൾ ആകൃതി മാറുന്നു. കടലിൽ മുങ്ങുമ്പോൾ എന്തൊരത്ഭുതം! അതു വർണ്ണിക്കാൻ ഭാവനാകുബേരനായ ഒരു കവിയ്ക്കുപോലും കഴിയുകയില്ല. താണു കഴിയുമ്പോൾ, പെട്ടെന്ന് സുവർണ്ണരശ്മികൾ, കടലിന്റെ ഹൃദയത്തിൽ നിന്നെന്നോണം, മുകളിലേക്കു സ്വർണ്ണം വിശറി വിടരുന്നതുപോലെ ജ്വലിച്ചുയരുന്നു! (ഓരോ അസ്തമനത്തിനും ഓരോ ഭംഗി!).

**സ്നേഹിക്കുന്ന ഏതൊരാൾ പിരിയുമ്പോഴും സങ്കടപ്പെടുക എന്നത് എന്റെ സ്വഭാവത്തിലെ ബലഹീനതയായിരുന്നു. അതിൽനിന്നു മുക്തി നേടുന്നതിന് ഒട്ടൊന്നുമല്ല ഞാനാഗ്രഹിച്ചത്. അതിനുവേണ്ടി പരിശ്രമിക്കയും ചെയ്തു. ഒരതിർത്തിയോളം വിജയിച്ചിരിക്കാം.**



രാത്രി ആരംഭിക്കുന്നു.

നിലാവുള്ള രാത്രിയാണെങ്കിൽ രണ്ടു മണിക്കൂറെങ്കിലും അവിടെയിരിക്കാനും ഓടിക്കളിക്കാനും ഞങ്ങളെ അച്ഛൻ അനുവദിക്കുന്നു. അന്ന് നിലാവുണ്ടായിരുന്നു. നല്ല കാറ്റും. കരകാണാത്ത കടലിന്റെ തീരത്ത് വെള്ളമണലിൽ നിലാവിന്റെ നൃത്തം ഞങ്ങൾ ആസ്വദിക്കുന്നത് കാറ്റിന്റെ തലോടൽ നുകർന്നുകൊണ്ടാണ്. കുറച്ചുകഴിഞ്ഞ് ഞങ്ങൾ അച്ഛന്റെ ചുറ്റും കൂടി. കഥ കേൾക്കാൻ. കഥ പറയാൻ അച്ഛന് ഉത്സാഹമാണ്. അന്നു പറഞ്ഞത് റോബിൻസൺ ക്രൂസോയുടെ കഥയാണ്. പൊടിപ്പും തൊങ്ങലും ചേർത്ത് അച്ഛൻ കഥ വിവരിക്കുമ്പോൾ ഞാൻ എപ്പോഴും അതിലലിഞ്ഞുപോകുന്നു. (സാഹിത്യകൃതികളിൽ വായിച്ചറിഞ്ഞ സംഭവങ്ങൾ ജീവിതത്തിലെ സംഭവങ്ങളേക്കാൾ യഥാർത്ഥമാണെന്ന് ഇപ്പോഴും എനിക്കു തോന്നുന്നു!) ഹൈസ്കൂളിൽ വച്ച് റോബിൻസൺ ക്രൂസോ വായിച്ചപ്പോൾ പോലും അച്ഛൻ വിവരിച്ചു കേൾപ്പിച്ചപ്പോഴുണ്ടായത്രയും 'ത്രിൽ' എനിക്കനുഭവപ്പെട്ടില്ല.

കഥ പറഞ്ഞുതീരാറായപ്പോൾ നിലാവ് മങ്ങി. ചന്ദ്രനെ മറച്ചുകൊണ്ട് കരിമേഘം കടന്നുവന്നു. ഞങ്ങളെ ഭയം ബാധിച്ചു. ഭൂതങ്ങളും പ്രേതങ്ങളും ഇരുട്ടിലാണു വരുന്നതെന്ന് ഞങ്ങൾക്കറിയാം. ഞങ്ങൾ അച്ഛനോടു ചേർന്നിരുന്നു. 'ഇനി നമുക്കു വീട്ടിൽ പോകാം' എന്നു പറഞ്ഞുകൊണ്ട് അച്ഛൻ എഴുന്നേറ്റു. ഒപ്പം ഞങ്ങളും. എഴുന്നേറ്റുനിന്നുകൊണ്ട് അച്ഛൻ പറഞ്ഞ വാക്കുകൾ എന്റെ മനസ്സിൽനിന്ന് ഒരിക്കലും മാറിയില്ല.

-നിലാവ് തെളിഞ്ഞു നിന്നപ്പോൾ കാർമേഘമൊന്നും നമ്മൾ കണ്ടില്ല. പക്ഷേ, എവിടെനിന്നോ മേഘങ്ങൾ



പെട്ടെന്നു കടന്നുവന്നു. നിലാവ് മങ്ങുകയും ചെയ്തു. ഇതുപോലെയാണ് നമ്മുടെ ജീവിതത്തിൽ സങ്കടങ്ങൾ കടന്നുവരുന്നത്. പറമ്പിൽ പുല്ലുമേഞ്ഞു നടന്ന ആലമ്മ പെട്ടെന്നല്ലേ പരിഭ്രമിച്ചോടി വീണു ചത്തത്?

പിന്നീട് സങ്കടങ്ങൾ കടന്നുവരുമ്പോഴെല്ലാം അച്ഛന്റെ വാക്കുകൾ ഞാൻ ഓർമ്മിച്ചുപോകുന്നു. എത്ര സത്യം!

ആലമ്മ ചത്തുപോയത് 'പറിച്ചാമുണ്ഡി'യുടെ അടിയേറ്റതു മൂലമാണെന്ന് എല്ലാവരും പറഞ്ഞു. വിജനമായ പറമ്പുകളിൽ വിഹരിക്കുന്ന അദൃശ്യജീവിയാണ് പറിച്ചാമുണ്ഡി. എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, അതു ചില സമയങ്ങളിൽ ചില പശുക്കളെ ആഞ്ഞടിക്കുന്നു. അടിയേറ്റാൽ പശു ചത്തതുതന്നെ! അതുപോലെ മനുഷ്യജീവിതങ്ങളെ അടിച്ചു നോവിക്കുകയോ, അടിച്ചു നശിപ്പിക്കുകയോ ചെയ്യുന്ന അദൃശ്യശക്തികളുണ്ടോ? ഉണ്ടെന്നാണ് എനിക്കെപ്പോഴും തോന്നിയിരുന്നത്. തെളിഞ്ഞുനില്ക്കുന്ന മാനത്തെ കറുപ്പിച്ചുകൊണ്ട് കാർകൊണ്ടൽ കയറിവരുന്നതുപോലെ...

ആയിടയ്ക്കാണ് അച്ഛൻ ബോംബെയ്ക്കു പോയത്. ആലപ്പുഴയിൽനിന്ന് കപ്പലിലാണ് അച്ഛൻ പോകുന്നതെന്നറിഞ്ഞപ്പോൾ കൂടെപ്പോകണമെന്ന് ഞാൻ ശാഠ്യം പിടിച്ചു. എന്റെ ശാഠ്യവും കരച്ചിലും കണ്ട് വീട്ടിലുള്ളവരെല്ലാം ചിരിച്ചു. എല്ലാവരും ചേർന്ന് പല ന്യായങ്ങളും പറഞ്ഞ് എന്നെ ഒതുക്കി. എങ്കിലും,

**തേയിലക്കച്ചവടത്തിനാണ് അച്ഛൻ ബോംബെയ്ക്കു പോയത്. ബോംബെയിലെത്തിയപ്പോൾ തേയിലയുടെ വില ഗണ്യമായി കുറഞ്ഞു. ഇരുപതു ദിവസത്തോളം കാത്തിരുന്നിട്ടും വില കൂടുന്ന ലക്ഷണം കണ്ടില്ല. അതുകൊണ്ട്, കുറഞ്ഞ വിലയ്ക്ക് തേയില വില്ക്കേണ്ടതായി വന്നു. ബിസിനസ് പൊളിഞ്ഞു എന്നർത്ഥം. അതിന്റെ ക്ഷീണം അച്ഛനിൽ ആരും കണ്ടില്ല.**

ഞാൻ ഏങ്ങിയേങ്ങി കരഞ്ഞുകൊണ്ടാണ് അമ്മയുടെ ആശ്ലേഷത്തിൽ ഒതുങ്ങിനിന്നത്.

സ്നേഹിക്കുന്ന ഏതൊരാൾ പിരിയുമ്പോഴും സങ്കടപ്പെടുക എന്നത് എന്റെ സ്വഭാവത്തിലെ ബലഹീനതയായിരുന്നു. അതിൽനിന്നു മുക്തി നേടുന്നതിന് ഒട്ടൊന്നുമല്ല ഞാനാഗ്രഹിച്ചത്. അതിനുവേണ്ടി പരിശ്രമിക്കയും ചെയ്തു. ഒരതിർത്തിയോളം വിജയിച്ചിരിക്കാം. സ്വഭാവത്തിൽ ജന്മനാ കലർന്നിരിക്കുന്ന ഗുണങ്ങളെ തീർത്തും ഇല്ലാതാക്കാൻ ആർക്കാണു കഴിയുക? അതിൽ വിജയിച്ചവരെ ഞാൻ കണ്ടിട്ടുണ്ട്. പണത്തിനും അധികാരത്തിനും പദവിക്കും മറ്റും വേണ്ടി സ്വന്തം സ്വഭാവത്തിലെ സത്ഗുണങ്ങളെ കുരുതി കഴിക്കുന്നതിൽ വിജയിക്കുന്നവരാണവരിലധികം പേരും. അവരുടെ നേർക്കു സഹതാപമല്ലാതെ അസൂയ തോന്നിയിട്ടില്ല.

തേയിലക്കച്ചവടത്തിനാണ് അച്ഛൻ ബോംബെയ്ക്കു പോയത്. ബോംബെയിലെത്തിയപ്പോൾ തേയിലയുടെ വില ഗണ്യമായി കുറഞ്ഞു. ഇരുപതു ദിവസത്തോളം കാത്തിരുന്നിട്ടും വില കൂടുന്ന ലക്ഷണം കണ്ടില്ല. അതുകൊണ്ട്, കുറഞ്ഞ വിലയ്ക്ക് തേയില വില്ക്കേണ്ടതായി വന്നു. ബിസിനസ് പൊളിഞ്ഞു എന്നർത്ഥം. അതിന്റെ ക്ഷീണം അച്ഛനിൽ ആരും കണ്ടില്ല. ബോംബെ അലുവ, കുട്ടികൾക്കു ധാരാളം കളിപ്പാട്ടങ്ങൾ, വിദേശനിർമ്മിതമായ ക്ലോക്ക്, വാച്ചുകൾ, ചോക്കലേറ്റ് കൂടുകൾ മുത

ലായവയുടെ ശേഖരവുമായി ഒരു ദിവസം അച്ഛൻ വീട്ടിൽ ഉല്ലാസഭാവത്തോടെ മടങ്ങിയെത്തി.

കുട്ടികളായ ഞങ്ങൾക്ക് അന്ന് ആഘോഷമായിരുന്നു. അതിൽ അച്ഛനും പങ്കുചേർന്നു. അന്നു കിട്ടിയ കളിപ്പാട്ടങ്ങളിൽ ചിലത് ഞാൻ സൂക്ഷിച്ചുവച്ചു. അവ എന്റെ മക്കൾക്ക് കളിക്കാൻ കൊടുക്കാനുള്ള ഭാഗ്യം അതുമൂലം എനിക്കു സിദ്ധിച്ചു.

തേയില ബിസിനസ്സിലുണ്ടായ നിർഭാഗ്യം അച്ഛന്റെ ഉന്മേഷത്തെ ബാധിച്ചില്ല. പഴയതുപോലെ ജൗളിക്കച്ചവടം തുടർന്നു. രണ്ടു തയ്യൽമെഷീനുകൾ വരാന്തയിൽ എപ്പോഴും കാണാം. രണ്ടു മേശിരിമാരും. (തയ്യൽക്കാരെ 'മേശിരി' എന്നാണ് അന്നു വിളിച്ചിരുന്നത്.) പൊതുപ്രവർത്തകരുടെ സംഗമസ്ഥാനം കൂടിയായിരുന്നു കട.

അദ്ധ്യാപകവൃത്തിയോടു വിട പറഞ്ഞ് സുഗതൻസാർ ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ മുഴുകിക്കഴിഞ്ഞു. തൊഴിലാളിനേതാവായ വി.കെ. വേലായുധനോടൊപ്പം താമസം. അദ്ദേഹത്തെ മിക്കവാറും ദിവസങ്ങളിൽ 'മംഗല ക്ലോത്ത് സ്റ്റോഴ്സി'ൽ കാണാം. സ്കൂളിൽനിന്ന് വൈകുന്നേരം വീട്ടിലേക്കു മടങ്ങുമ്പോൾ കുട്ടികളായ ഞങ്ങളെ അദ്ദേഹം കടയിലിരുന്ന് വിളിക്കാറുണ്ട്. വല്ലപ്പോഴുമൊരിക്കൽ വാഴയ്ക്കാപ്പമോ സുഖിയനോ വാങ്ങിത്തരാറുമുണ്ട്. "നല്ലപോലെ പഠിക്കുന്നുണ്ടോടാ?" ആ ചോദ്യം ഓരോ തവണയും അദ്ദേഹം ആവർത്തിക്കുന്നു. വി.കെ. വേലായുധൻ കുട്ടികളോടു മിണ്ടാറില്ല. അകന്നുനിന്ന് ആദരവോടെ അദ്ദേഹത്തെ കാണുന്നതിനേ ഞങ്ങൾക്കവസരമുണ്ടായിരുന്നുള്ളൂ.

ചിലപ്പോൾ കടയിൽ ചർച്ചകളും തർക്കങ്ങളും നടന്നുപോന്നു. രണ്ടാം ലോകമഹായുദ്ധത്തിലേക്ക് സംഭവങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്ന സമയമാണത്. ഹിറ്റ്ലറിനെപ്പറ്റി ഞങ്ങൾക്കു വിവരമുണ്ടായിരുന്നില്ല. (അദ്ദേഹത്തെ സംബന്ധിക്കുന്ന ഭീകരകഥകൾ യുദ്ധത്തിനു ശേഷമേ വന്നുള്ളൂ.) ഇന്ത്യയെ അടിച്ചമർത്തുന്ന ഇംഗ്ലണ്ടിനെ ഹിറ്റ്ലർ തകർത്തുകൊള്ളുമെന്ന പ്രതീക്ഷ അക്കാലത്ത് സാമാന്യജനങ്ങളിൽ - സ്വാതന്ത്ര്യസമരത്തിന്റെ ആവേശത്തിൽ ബ്രിട്ടീഷുകാരെ വെറുത്തിരുന്ന സാമാന്യജനങ്ങളിൽ - വ്യാപകമായി ഉണർന്നിരുന്നു. റഷ്യയിലെ സ്റ്റാലിനും ബ്രിട്ടീഷുകാർക്കെതിരാണെന്നായിരുന്നു അവരുടെ ധാരണ. ജർമ്മനിയുമായി സോവിയറ്റ് യൂണിയൻ ഏർപ്പെട്ട അനാക്രമണസന്ധി ആ ധാരണയ്ക്കു വളം വച്ചിരിക്കാം.

ഇത്തരം സംഗതികളെപ്പറ്റി അച്ഛന്റെ കടയിൽ (മംഗലാ ക്ലോത്ത് സ്റ്റോഴ്സിൽ) വാശിയേറിയ ചർച്ചകൾ നടക്കുന്നതു കണ്ട് ഞങ്ങൾ രസിച്ചിട്ടുണ്ട്. ഒന്നും ശരിക്കു മനസ്സിലാക്കിയിട്ടല്ല, രാത്രിയിൽ വീട്ടിൽ വന്നതിനുശേഷം അച്ഛൻ ഇതെല്ലാം വല്യച്ഛനെ വിവരിച്ചു കേൾപ്പിക്കാറുണ്ട്. അതും ഞങ്ങൾ കൗതുകത്തോടെ ശ്രദ്ധിച്ചുപോന്നു. അപ്പോഴും സംഭവഗതികളുടെ ശരിയായ ചിത്രം ഞങ്ങൾക്കു പിടികിട്ടിയിരുന്നില്ല. ഗാന്ധിജി നയിക്കുന്ന സ്വാതന്ത്ര്യസമരം ജയിക്കണമെന്ന വിചാരം ഒരു വികാരമായി ഞങ്ങളിൽ കത്തിനിന്നിരുന്നു.

(ഓർമ്മകളിലേക്കു മടങ്ങുമ്പോൾ അച്ഛനെ സംബന്ധിക്കുന്ന ഒരു കാര്യം തെളിഞ്ഞുവരുന്നു. ഞങ്ങളുടെ ആ പ്രദേശത്ത് ലെനിൻ എന്ന് ഒരു കുട്ടിക്കു നാമകരണം ചെയ്തത് അച്ഛനാണ്. ആദ്യമായിട്ടാണ് അങ്ങനെയൊരു പേര് ആ നാട്ടുകാർ കേൾക്കുന്നത്. എന്നേക്കാൾ ഒന്നോ രണ്ടോ വയസ്സ് പ്രായക്കൂടുതലുള്ള ലെനിൻ അച്ഛന്റെ



ആത്മസുഹൃത്തിന്റെ പുത്രനായിരുന്നു. ഞങ്ങൾ കുറച്ചുകാലം സഹപാഠികളുമായിരുന്നു. എന്റെ പേര് അച്ഛന് എങ്ങനെ കിട്ടിയെന്നു പിടിയില്ല.)

അതിനിടയിൽ അച്ഛൻ വയറ്റുവേദനയെപ്പറ്റി ഇടയ്ക്കിടെ സംസാരിക്കാൻ തുടങ്ങി. വൈദ്യന്മാരുടെ ചികിത്സ കൊണ്ടു ഭേദമുണ്ടായില്ല. അച്ഛനെ ശുശ്രൂഷിക്കുന്നതിനു പുതിയൊരു വീട്ടിലേക്കു മാറണമെന്ന് അമ്മ എപ്പോഴും പറഞ്ഞുകൊണ്ടിരുന്നു. അമ്മയുടെ നിർബന്ധം മൂലം സമീപത്തുള്ള ഒരു പുരയിടത്തിൽ ചെറിയൊരു വീട് പണിയാനും തുടങ്ങി. അതു പൂർത്തിയാകുന്നതിനു മുമ്പ് ഒരു ചിങ്ങമാസത്തിൽ ഞങ്ങൾ അങ്ങോട്ടു താമസം മാറി.

അപ്പോഴും അച്ഛനെ രോഗം അലട്ടിക്കൊണ്ടിരുന്നു. അലോപ്പതി ചികിത്സയാണു വേണ്ടതെന്ന് അച്ഛൻ തീരുമാനിച്ചു. നാഗർകോവിലിനടുത്ത് നെയ്യൂരിലെ ഒരു ആസ്പത്രിയിൽ ഒരു മിഷനറി ഡോക്ടറുണ്ടെന്നറിഞ്ഞു. ചികിത്സാവൈഭവത്തിൽ മുമ്പൻ. രോഗികളോടു കാരുണ്യത്തോടെയേ പെരുമാറൂ. ഡോക്ടർ സോമർവെല്ലിനെക്കുറിച്ച് പല അത്ഭുതകഥകളും അക്കാലത്ത് പ്രചരിച്ചിരുന്നു. അദ്ദേഹത്തെ സമീപിക്കാൻ അച്ഛൻ തീരുമാനിച്ചു.

അതൊന്നും ഞാനറിയുന്നില്ല.

ഒരു വെളുപ്പാൻകാലത്ത് അച്ഛൻ യാത്ര പുറപ്പെട്ടു. വെളുപ്പിനുണരുന്ന ശീലമുള്ളതുകൊണ്ട് എന്നെ വിളിച്ചുണർത്തേണ്ടിവന്നില്ല. സാധനങ്ങൾ ഒരു ബാഗിലൊതുക്കിക്കൊണ്ടുനിന്ന അച്ഛൻ എന്റെ ശിരസ്സിൽ തലോടിക്കൊണ്ട് പുറത്തിറങ്ങിനടന്നു. എന്നെ അമ്മ കരവലയത്തിലൊതുക്കി. ഞാൻ ശാഠ്യം കാണിക്കുമെന്ന് അമ്മ ഭയന്നിരിക്കണം. അച്ഛൻ കൺമുന്നിൽനിന്നു മറഞ്ഞതോടെ അസഹ്യമായ സങ്കടത്തോടെ അമ്മ കരയാൻ തുടങ്ങി. ഞാനും.

മൂത്തതും ഇളയതുമായ രണ്ടു സഹോദരന്മാരോടൊപ്പമാണ് അച്ഛൻ നാഗർകോവിലിലേക്കു പോയതെന്നു പിന്നീട് അമ്മ പറഞ്ഞു. ഡോക്ടർ സോമർവെല്ലിന്റെ പരിശോധന കുറച്ചുസമയം നീണ്ടുനിന്നു. ഏതാനും ദിവസം ചികിത്സ വേണ്ടിവരുമെന്നു പറഞ്ഞുകൊണ്ട് അച്ഛൻ സഹോദരന്മാരെ നിർബന്ധിച്ച് മടക്കിയയച്ചു. മടങ്ങാനായി തിരിഞ്ഞപ്പോൾ അവർ പൊട്ടിക്കരഞ്ഞുപോയി. ആസ്പത്രിയിൽ അച്ഛനുമായി



**മരണാനന്തര ചടങ്ങുകളെല്ലാം വേഗത്തിൽ നടന്നു. ബലിയിടൽ കർമ്മം, വെള്ളം നിറച്ച മൺകുടം തലയിൽ വച്ചുകൊണ്ട് ചിതയ്ക്കു വലം വയ്ക്കൽ, തീ കൊളുത്തൽ - ആ രംഗങ്ങൾ ഓർമ്മയിൽനിന്നു മായുന്നില്ല. പത്തു വയസ്സായെങ്കിലും എന്റെ മനസ്സിനു നാലഞ്ചു വയസ്സു മാത്രമേ അപ്പോഴുണ്ടായിരുന്നുള്ളൂ.**

സൗഹൃദത്തിലായ അപ്പുക്കുട്ടൻ പിന്നീട് വീട്ടിൽ വന്നപ്പോഴാണ് ഈ വിവരമറിഞ്ഞത്. സഹോദരസ്നേഹം മംഗലത്തുവീട്ടിലെ ഐശ്വര്യത്തിന്റെ കാരണങ്ങളിലൊന്നായിരുന്നു.

വാസ്തവത്തിൽ വലിയൊരു ഓപ്പറേഷൻ നടത്തണമെന്നാണ് ഡോ. സോമർവെൽ പറഞ്ഞത്. അച്ഛൻ സ്വസഹോദരന്മാരെ അക്കാര്യം അറിയിച്ചില്ല. എന്നിട്ട്, ചടങ്ങനുസരിച്ച് സമ്മതപത്രം എഴുതിക്കൊടുത്തു. മരണം സംഭവിക്കാവുന്നതാണെന്നറിഞ്ഞുകൊണ്ടാണ് താൻ ശസ്ത്രക്രിയയ്ക്കു വിധേയനാവുന്നതെന്നും മരിച്ചുപോയാൽ ഒരു പരാതിയും ബന്ധുക്കളിൽ നിന്നുണ്ടാവുകയില്ലെന്നും മറ്റുമാണ് അതിലെഴുതിയത്. ഇന്നത്തേതുപോലെ ശസ്ത്രക്രിയയ്ക്കാവശ്യമായ സജ്ജീകരണങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. മരിച്ചുപോകാനാണ് ഏറെ സാധ്യത.

ഓപ്പറേഷനും അതിനുശേഷമുള്ള

വേദനയും ദുരിതവും മറ്റും അച്ഛൻ സമചിത്തതയോടെ നേരിട്ടു എന്നാണ് പിന്നീട് അപ്പുക്കുട്ടൻ പറഞ്ഞത്. അതിനിടയിൽ ആസ്പത്രിയിലെ പല രോഗികളുമായും അവരുടെ ബന്ധുക്കളുമായും അച്ഛൻ ചങ്ങാത്തം സ്ഥാപിക്കുകയും ചെയ്തു. (അക്കൂട്ടത്തിലൊരാളാണ് പാറശ്ശാലക്കാരനായ അപ്പുക്കുട്ടൻ). ഡോക്ടർ സോമർവെൽ അച്ഛനോടു പ്രത്യേകമായ സ്നേഹം കാണിച്ചു. പലപ്പോഴും അച്ഛനെ പരിചരിക്കാനും അദ്ദേഹം മുതിർന്നു. ഡോക്ടറും അച്ഛനും ചേർന്ന് ഫലിതം പറയുന്നിടത്തോളം ആ ബന്ധം വളർന്നു.

ഒടുവിൽ മുറിവുകൾ ഉണങ്ങിയതിനുശേഷം അച്ഛനെ ഡിസ്ചാർജ് ചെയ്തു. സ്വന്തം കാറിൽ കയറ്റി അച്ഛനെ ഡോക്ടർ സോമർവെൽ ആലപ്പുഴയിൽ കൊണ്ടുവന്നാക്കി. ഡോക്ടർതന്നെയാണ് കാറോടിച്ചത്. ഒരു ശിപായി കൂടെയുണ്ടായിരുന്നു എന്നു മാത്രം.

പിരിച്ച കയറുപോലെ നീണ്ട വടു അച്ഛന്റെ വയറിൽ തെളിഞ്ഞു കിടന്നിരുന്നു. കുട്ടികളായ ഞങ്ങളെ ചിരിപ്പിക്കാൻ അച്ഛൻ അതു പലപ്പോഴും ഉപയോഗപ്പെടുത്തി.

ബന്ധുക്കളും മിത്രങ്ങളുമായി അനേകം പേർ അച്ഛനെ കാണാൻ വന്നുകൊണ്ടിരുന്നു. ആസ്പത്രിവിശേഷങ്ങൾ അച്ഛൻ സരസമായി വിവരിക്കുന്നു. ഓപ്പറേഷൻ ഒരു തമാശയാണെന്ന് അതിനിടയിൽ പറഞ്ഞതോർക്കുന്നു. കഠിനവേദനയുണ്ടാക്കുന്ന ഓപ്പറേഷൻ ഒരു തമാശ!...

പുറത്തിറങ്ങി നടക്കാനും കാര്യങ്ങൾ നോക്കാനും തുടങ്ങിയെങ്കിലും അച്ഛന്റെ പഴയ ഉന്മേഷം നഷ്ടപ്പെട്ടിരുന്നു.

ആ വർഷത്തിലെ എന്റെ ജന്മദിനത്തിൽ അച്ഛൻ ഒരു പുസ്തകം വാങ്ങിത്തന്നു. ടോൾസ്റ്റോയ് എഴുതിയ ഇരുപത്തിമൂന്ന് സാരോപദേശകഥകളുടെ സമാഹാരമാണത് (Twenty three Tales) ആർത്തിയോടു കൂടിയാണ് ആ കഥകൾ ഞാൻ വായിച്ചത്. എന്റെ കൊച്ചു മനസ്സിന് അതു നല്കിയ രസത്തിന് അളവില്ല. (ഹൈസ്കൂളിലെത്തിയപ്പോൾ ആ കഥകളിലൊന്ന് "ഒരു മനുഷ്യന് എത്ര ഭൂമി വേണം" എന്ന തലക്കെട്ടോടുകൂടി ഞാൻ തർജ്ജമ ചെയ്തു. ഏതാനും വിദ്യാർത്ഥികൾ ചേർന്നു നടത്തിയിരുന്ന കൈയെഴുത്തു മാസികയിൽ അതു ചേർക്കുകയും ചെയ്തു). കൂടുതൽ രസം നുകരുന്നതിനുള്ള കൊതി എന്നിൽ തങ്ങിനിന്നു. അതിനാൽ, ആ കഥകൾ പറഞ്ഞുകേൾപ്പിക്കണമെന്ന് ഞാൻ അച്ഛനോടു പറഞ്ഞു. അച്ഛന് ഇഷ്ടമുള്ള കാര്യമായിരുന്നു അത്. അച്ഛൻ പറഞ്ഞുകേൾപ്പിക്കുമ്പോൾ എന്റെ മനസ്സ് ഈ ലോകത്തിലുണ്ടാവുകയില്ല. ആ കഥകളുടെ ലോകത്തിലായിരിക്കും.

കുറച്ചുകാലം കൂടിയേ അച്ഛൻ ജൗളിക്കടയിൽ പോയുള്ളൂ. സ്കൂൾ വിട്ടു മടങ്ങുമ്പോൾ ഞാനും കൂട്ടുകാരും കടയിലേക്ക് എപ്പോഴും നോക്കാറുണ്ട്. അതിനിടയിലൊരു ദിവസം സുഗതൻസാർ ഞങ്ങളെ കടയിലേക്കു വിളിച്ചു. അവിടെയുള്ള സദസ്സിൽ നീണ്ടു മെലിഞ്ഞ ഒരാളുണ്ടായിരുന്നു. അതുവരെ ഞാൻ കണ്ടിട്ടില്ലാത്ത ഒരാൾ. നാടകവും കഥയും മറ്റും എഴുതുന്ന ഒരാളാണതെന്ന് സുഗതൻസാർ പരിചയപ്പെടുത്തി. പേര് കേശവദേവ്.




പിന്നീട് സമകാലികസാഹിത്യം വായിക്കാൻ തുടങ്ങിയപ്പോഴാണ് ദേവാരാണെന്ന് ഞാൻ തിരിച്ചറിഞ്ഞത്.

വീണ്ടും അസുഖലക്ഷണങ്ങൾ കണ്ടതോടുകൂടി അച്ഛൻ കടയിൽ പോകാതെയായി. (കടയുടെ ചുമതല അനന്തിരവന്മാരെ ഏല്പിച്ചു) വീട്ടിലിരുന്ന് ചികിത്സ തുടങ്ങി. രോഗത്തിനു ശമനമുണ്ടായില്ല. എങ്കിലും, തമാശകൾ പറയാനും കുട്ടികളുമായി കളിക്കാനും അച്ഛൻ കാണിച്ചുപോന്ന ഉത്സാഹത്തിനു കുറവുണ്ടായില്ല. അതിനിടയിലും, കാര്യങ്ങൾ എങ്ങോട്ടാണ് നീങ്ങുന്നതെന്ന് അച്ഛൻ അറിഞ്ഞിരിക്കണം. ആർക്കെല്ലാമാണ് കടം നല്കിയിട്ടുള്ളതെന്ന് അമ്മയോടു പറഞ്ഞു. മുൻകരുതലെന്ന നിലയിൽ പല കാര്യങ്ങളും സ്വന്തം സഹോദരന്മാരെയും സ്നേഹിതരെയും ഏല്പിച്ചു. അതിന്റെ അർത്ഥം അമ്മയറിഞ്ഞില്ലെന്നു മാത്രം. പ്രായോഗികജീവിതത്തെ സംബന്ധിച്ചിടത്തോളം എട്ടുംപൊട്ടും തിരിയാത്ത ഞാനുണ്ടോ വല്ലതും മനസ്സിലാക്കുന്നു!

നടക്കാൻ നിവൃത്തിയില്ലാതെ അച്ഛൻ എപ്പോഴും കട്ടിലിൽ കിടക്കുന്ന കാഴ്ച സങ്കടകരമായിരുന്നു. എങ്കിലും ഉന്മേഷം വെടിയാതെയാണ് പെരുമാറിയത്. മുറ്റത്ത് അദ്ദേഹം നട്ടുപിടിപ്പിച്ച പലതുമുണ്ടായിരുന്നു. അനേകതരം പപ്പായകൾ, കിഴങ്ങുണ്ടാകുന്ന വള്ളികൾ, പയറുവള്ളികൾ, പലതരം വാഴകൾ - അങ്ങനെ പലതും. അവയെ ശുശ്രൂഷിക്കാനുള്ള നിർദ്ദേശം നല്കാൻ അച്ഛൻ ഒരിക്കലും മറന്നില്ല. അതെല്ലാം ചെയ്യാൻ വേലക്കാരുണ്ടായിരുന്നു.

'രോഗമറിയാൻ' അനേകമാളുകൾ ദിവസേന വന്നുകൊണ്ടിരുന്നു. പല സ്ഥലങ്ങളിലുള്ളവർ. പല മതക്കാർ. പല അവസ്ഥകളിലുള്ളവർ. അച്ഛന്റെ സഹോദരന്മാരാകട്ടെ, ദിവസം രണ്ടു പ്രാവശ്യമെങ്കിലും വരാതിരിക്കില്ല. കൂടക്കൂടെ വരുന്നവരിൽ സുഗതൻസാറുമുണ്ട്. ഒരു ദിവസം കേശവദേവ് വന്നതോർക്കുന്നു.

എല്ലാവരോടും ലോകകാര്യങ്ങൾ പറയാനാണ് അച്ഛൻ ഉത്സാഹം കാണിച്ചത്. അതോർക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു. രോഗാവസ്ഥ ഏവരുടെയും മാനസികാവസ്ഥയിൽ മാറ്റമുണ്ടാക്കും. രോഗത്തെക്കുറിച്ച് ആലോചിക്കുകയും പറയുകയും ചെയ്യാനുള്ള വാസനയാണ് അവർ പ്രായേണ കാണിക്കുക. അച്ഛനെ ആ വാസന ബാധിച്ചതായി ഒരിക്കൽപോലും കണ്ടില്ല.

അങ്ങനെ ഒരു ദിവസം രോഗം മൂർച്ഛിച്ചു. വീട്ടിലും മുറ്റത്തും ആളുകൾ നിറഞ്ഞു. എന്തോ ആശങ്ക എന്നെ ബാധിച്ചിരിക്കാം. അച്ഛന്റെ സമീപം ശാഠ്യത്തോടുകൂടി ഞാനിരുന്നു. (എന്നെക്കൂടാതെ ബോംബെയിൽ പോകാൻ ഞാനനുവദിക്കില്ലെന്ന ഭാവത്തിൽ മുമ്പൊരിക്കൽ കാണിച്ച അതേ ശാഠ്യത്തോടുകൂടി). അപ്പോൾ, ചുറ്റുമുള്ളവർക്കിടയിലൂടെ ഒരാൾ കടന്നുവന്നു - സുഗതൻസാർ. അദ്ദേഹം സ്നേഹപൂർവം എന്റെ ശിരസ്സിൽ

**പിരീഡ് കഴിഞ്ഞപ്പോൾ ഞാൻ ബെഞ്ചിൽ നിന്നിറങ്ങി. ക്ലാസിൽനിന്ന് പുറത്തേക്കു നടന്നു. ഒന്നും ഓർമ്മിക്കാതെ ഞാൻ വൈദികർ താമസിക്കുന്ന സ്ഥലത്തേക്കു നടന്നു. വെള്ളം കുടിക്കാനാണ് അങ്ങോട്ടു പോയത്. എന്നാൽ, ഇരുവശം കാറ്റാടിമരങ്ങളുള്ള നടപ്പാതയിലെത്തിയപ്പോൾ, മരങ്ങൾ ചരിയുന്നതായോ ഇളകുന്നതായോ... എന്തൊക്കെയോ എനിക്കു തോന്നി....**



തലോടി. "സാനു എഴുന്നേറ്റു വരൂ" എന്നു പറഞ്ഞുകൊണ്ട് എന്നെ എഴുന്നേല്പിച്ചു. അദ്ദേഹത്തിന്റെ കൈ പിടിച്ചുകൊണ്ട് ഞാൻ പുറത്തിറങ്ങി. മുറ്റത്ത് അദ്ദേഹത്തോടു ചേർന്നുനിന്ന എന്റെ ശിരസ്സ് നനയുന്നതായി ഞാനറിഞ്ഞു. സുഗതൻസാറിന്റെ കണ്ണുനീരാണതെന്ന് വാസനാബലത്താലായിരിക്കണം ഞാനറിഞ്ഞത്...

മരണാനന്തര ചടങ്ങുകളെല്ലാം വേഗത്തിൽ നടന്നു. ബലിയിടൽ കർമ്മം, വെള്ളം നിറച്ച മൺകുടം തലയിൽ വച്ചുകൊണ്ട് ചിതയ്ക്കു വലംവയ്ക്കൽ, തീ കൊളുത്തൽ – ആ രംഗങ്ങൾ ഓർമ്മയിൽനിന്നു മായുന്നില്ല. പത്തു വയസ്സായെങ്കിലും എന്റെ മനസ്സിനു നാലഞ്ചു വയസ്സു മാത്രമേ അപ്പോഴുണ്ടായിരുന്നുള്ളൂ.

ആചാരമനുസരിച്ച് പതിനാറു ദിവസം ബലിയിടൽകർമ്മവുമായി എനിക്കു വീട്ടിൽ നില്ക്കേണ്ടിവന്നു. ബന്ധുക്കൾ പലരും (കുട്ടികളടക്കം) പതിനാറു ദിവസവും വീട്ടിലുണ്ടായിരുന്നു. അവരുടെ സഹവാസം മൂലം ഏകാന്തതയറിഞ്ഞില്ല. പതിനാറടിയന്തിരവും സദ്യയും മറ്റും കേമമായി നടന്നു. എല്ലാവരും പിരിഞ്ഞുപോയി. വീട്ടിൽ അമ്മയും ഞാനും മാത്രമായി...

തളർന്നു കിടക്കുന്ന അമ്മയെയാണ് അടുത്ത ദിവസം രാവിലെ ഞാൻ കണ്ടത്. കുളി കഴിഞ്ഞ് സ്കൂളിൽ പോകാനൊരുങ്ങിയപ്പോൾ അമ്മ എന്നോടു പറഞ്ഞു: വീട്ടിൽ (തറവാട്ടിൽ) പോയി കഞ്ഞി കുടിക്കൂ. എന്നിട്ട് മറ്റേ കുട്ടികളോടൊപ്പം സ്കൂളിൽ പൊയ്ക്കോ... അതനുസരിച്ച് ഞാൻ തറവാട്ടിലെത്തി. അവിടെ വേല ചെയ്യുന്ന സ്ത്രീകളിലൊരാൾ എന്നോടു പറഞ്ഞു: "ഇനി മുതൽ ഉച്ചയ്ക്കുള്ള ചോറു തന്നയയ്ക്കാൻ കുഞ്ഞ് അമ്മയോടു പറയണം" ('കുഞ്ഞ്' എന്നാണ് അവർ എന്നെ വിളിച്ചിരുന്നത്).

അതുകേട്ടപ്പോൾ തറവാട്ടിനുള്ളിൽ ചെന്ന് കഞ്ഞി കുടിക്കാൻ എനിക്കു തോന്നിയില്ല. മറ്റു കുട്ടികളോടുകൂടി ഞാൻ സ്കൂളിൽ പോയി ക്ലാസിൽ കയറിയിരുന്നു. ഉച്ചയായപ്പോൾ എല്ലാവരും ഊണു കഴിക്കാൻ പോയി. എന്തു ചെയ്യണമെന്നറിയാതെ ഞാൻ വെറുതെ പുറത്തിറങ്ങി ഒരു മരത്തണലിൽ ഇരുന്നു. മംഗലത്തുവീട്ടിലെ കുട്ടികൾക്കെല്ലാവർക്കും ഉച്ചഭക്ഷണം മറ്റൊരു വീട്ടിലെത്തിക്കുകയാണ് പതിവ്. അന്ന് അതിൽ പങ്കുചേരാൻ ഞാൻ പോയില്ല. ഉച്ചകഴിഞ്ഞ് രണ്ടാമത്തെ പിരീഡ് കർക്കശനായ ഒരു സാറിന്റേതായിരുന്നു. കിടിലത്തോടെയാണ് അദ്ദേഹത്തിന്റെ ചൂരൽപ്രയോഗത്തെപ്പറ്റി കുട്ടികൾ ഓർമ്മിക്കുക. അദ്ദേഹം ക്ലാസിൽ പ്രത്യക്ഷപ്പെട്ടത് പതിവുപോലെ ഭയമുളവാക്കുന്ന മുഖഭാവത്തോടെയാണ്. 'ഹോംവർക്ക്' ചെയ്തിട്ടുണ്ടോ എന്ന പരിശോധന ഉടനെ ആരംഭിച്ചു. 'തുറന്നു കാണിക്കെടാ ബുക്ക്' എന്നാജ്ഞാപിച്ചുകൊണ്ട് അദ്ദേഹം കുട്ടികൾക്കിടയിൽ വന്നു. അദ്ദേഹം എന്നെ സമീപിച്ചു. പരിഭ്രമത്തോടെ ഞാൻ സ്തബ്ധനായി ഇരുന്നു. എന്റെ നോട്ടുബുക്ക് കൈയിലെടുത്തു നോക്കിയതോടെ അദ്ദേഹം കോപാക്രാന്തനായി. ക്ലാസിന്റെ നടുവിൽ എന്നെ മാറ്റിനിർത്തി, വലിയ ചൂരൽ കൈയിലെടുത്ത്, അദ്ദേഹം അടി തുടങ്ങി. ചൂരൽ മൂളുന്നതിന്റെ ക്രൂരശബ്ദവും ഇടയിലെ നീറുന്ന വേദനയും ചേർന്നപ്പോൾ എന്റെ അവസ്ഥ എന്തായി എന്നു വിവരിക്കുവാൻ വാക്കുകളില്ല. ഹോംവർക്ക് ചെയ്യാഞ്ഞതിന്റെ കാരണമെന്തെന്നു പറയാൻ ഞാൻ തുനിഞ്ഞില്ല. അതറിയാവുന്ന സഹപാഠികളിലൊരാൾ പോലും അതു പറയാൻ മുതിർന്നില്ല – ഭയം മൂലം.

അതിനുശേഷം ബെഞ്ചിൽ കയറി നില്ക്കുക എന്ന ശിക്ഷ കൂടി എനിക്കു കിട്ടി. പിരീഡ് കഴിഞ്ഞപ്പോൾ ഞാൻ ബെഞ്ചിൽ നിന്നിറങ്ങി. ക്ലാസിൽനിന്ന് പുറത്തേക്കു നടന്നു. ഒന്നും ഓർമ്മിക്കാതെ ഞാൻ വൈദികർ താമസിക്കുന്ന സ്ഥലത്തേക്കു നടന്നു. വെള്ളം കുടിക്കാനാണ് അങ്ങോട്ടു പോയത്. എന്നാൽ, ഇരുവശം കാറ്റാടിമരങ്ങളുള്ള നടപ്പാതയിലെത്തിയപ്പോൾ, മരങ്ങൾ ചരിയുന്നതായോ ഇളകുന്നതായോ... എന്തൊക്കെയോ എനിക്കു തോന്നി....

കണ്ണു തുറന്നപ്പോൾ ചാണ്ടി അച്ചന്റെ കാരുണ്യം തുളുമ്പുന്ന കണ്ണുകൾ എന്നെ ഉഴിയുന്നതാണു കണ്ടത്. ഏതാനും കുട്ടികൾ അടുത്തു നില്ക്കുന്നു. എഴുന്നേറ്റിരുന്ന എന്റെ വരണ്ട ചുണ്ടിൽ ഒരു ഗ്ലാസ് കാപ്പി ചേർത്തുപിടിച്ചുകൊണ്ട് ചാണ്ടി അച്ചൻ പറഞ്ഞു: ഇതങ്ങ് കുടിക്ക്. വീട്ടിൽ മടങ്ങിയെത്തിയ ഉടനെത്തന്നെ ഞാൻ നിക്കറിനു മുകളിൽ മുണ്ടുടുത്തു. തുടയിലെ പാടുകൾ അമ്മ കാണരുതല്ലോ. എന്റെ ജീവിതത്തിലെ ഒന്നാമദ്ധ്യായം ഇവിടെ അവസാനിക്കുന്നു.

(ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച 'കർമ്മഗതി' എന്ന ആത്മകഥയിൽ നിന്നും..)

●

ഡോ. പി. വത്സലാദേവി

# വിദ്യാഭ്യാസം അന്നും ഇന്നും



ഭാരതത്തിന് അതിപ്രാചീനമായ ഒരു വിദ്യാഭ്യാസ പാരമ്പര്യമുണ്ട്. പുരാതന ഭാരതത്തിലെ ഏറ്റവും സൃഷ്ട്യന്മുഖമായ കാലഘട്ടം ബി.സി. 1000 മുതൽ 200 വരെയായിരുന്നു. വേദങ്ങളായിരുന്നു അടിസ്ഥാനഗ്രന്ഥങ്ങൾ. പിന്നീട് ഉപനിഷത്തുക്കളും സൂത്രങ്ങളും ബ്രാഹ്മണങ്ങളും ഉണ്ടായി. ബി. സി. 300 വരെ അവ ലിഖിതരൂപത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. തന്മൂലം വാചിക വിദ്യാഭ്യാസം മാത്രമേ അക്കാലത്ത് നിലവിലുണ്ടായിരുന്നുള്ളു.

യഥാർത്ഥത്തിൽ തത്ത്വചിന്തയിൽ നിന്നാണ് വിദ്യാഭ്യാസം രൂപം കൊണ്ടത്. വ്യക്തിയുടെ പൂർണ്ണതയായിരുന്നു വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, മാർഗ്ഗമാകട്ടെ ആത്മാന്വേഷണവും. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്, ഭൗതികനേട്ടം കൈവരിക്കാനുള്ള ഉപാധിയായിരുന്നില്ല വിദ്യാഭ്യാസം എന്നാണ്.

'അറിയുക' എന്നർത്ഥമുള്ള 'വിദ്' എന്ന സംസ്കൃതധാതുവിൽ നിന്ന് നിഷ്പന്നമായ പദമാണ് വിദ്യ. അറിയേണ്ടതിനെ അറിയിക്കുന്നതാണ് വിദ്യ. വിദ്യയുടെ അഭ്യാസമാണ് വിദ്യാഭ്യാസം. വിദ്യകൊണ്ടറിയേണ്ടത് ശരീരം, മനസ്സ്, ബുദ്ധി എന്നീ മൂന്നു ഘടകങ്ങളോടുകൂടിയ മനുഷ്യനെ പൂർണ്ണനാക്കുന്നതിനുള്ള വഴിയാണ്. അതാകട്ടെ നിത്യസുഖമാർഗ്ഗമാണ്. അതറിഞ്ഞ് അതിൽ തന്നെ ഉറച്ചുനിൽക്കാനുള്ള യത്നമാണ്



അഭ്യാസം. “തത്ര സ്ഥിതൗ യത്നോ ƒഭ്യാസഃ”

മനുഷ്യൻ അപൂർണ്ണനായിരിക്കുന്ന കാലത്തോളം നിത്യസുഖത്തിന് അവകാശിയല്ല. അതുകൊണ്ട് പൂർണ്ണത നേടേണ്ടത് അത്യാവശ്യം തന്നെയാണ് .എങ്കിൽ മാത്രമേ ശരിയായ വിദ്യാഭ്യാസമാവൂ. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ അത് സാധ്യമാവുന്നില്ല.

പണ്ടുമുതലേ തുടർന്നുവരുന്ന നമ്മുടെ പഠനരീതിയും സിലബസും കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടത് ആവശ്യം തന്നെയാണ്. ജീവിതത്തെ വാർത്തെടുക്കുന്നതും സ്വഭാ

**മനസ്സിനെ ശുദ്ധമാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനാംശം. മനസ്സിന്റെ മാലിന്യങ്ങളെ അകറ്റാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. ഏതൊരു വ്യക്തിക്കുമുണ്ടാകുന്ന സുഖദുഃഖങ്ങൾക്കു കാരണം മനസ്സാണ്. മനോനിയന്ത്രണവും മനസ്സിന്റെ ഉയർച്ചയും വിദ്യാഭ്യാസം കൊണ്ട് സാദ്ധ്യമാകണം.**

വത്തെ രൂപീകരിക്കുന്നതുമായ ആശയങ്ങളുടെ സാത്മീകരണമാകണം വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കേണ്ടത്. മനസ്സിനെ ശുദ്ധമാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനാംശം. മനസ്സിന്റെ മാലിന്യങ്ങളെ അകറ്റാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. ഏതൊരു വ്യക്തിക്കുമുണ്ടാകുന്ന സുഖദുഃഖങ്ങൾക്കു കാരണം മനസ്സാണ്. മനോനിയന്ത്രണവും മനസ്സിന്റെ ഉയർച്ചയും വിദ്യാഭ്യാസം കൊണ്ട് സാദ്ധ്യമാകണം.

“മന ഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ”. മനുഷ്യനെ ബന്ധിപ്പിക്കുന്നതും മോചിപ്പിക്കുന്നതും മനസ്സാണ് എന്ന പ്രസിദ്ധമായ വാക്യം ശ്രദ്ധേയമാണ്. വായുവിനെ നിയന്ത്രിക്കുന്നതുപോലെയുള്ള ദുഷ്കരപ്രവൃത്തിയാണ് മനോനിയന്ത്രണമെന്ന് ശ്രീമദ് ഭഗവദ്ഗീതയിൽ അർജ്ജുനൻ, ഭഗവാൻ ശ്രീകൃഷ്ണനോട് പറയുന്നുണ്ട്. “വായോരിവ സുദുഷ്കരം. എന്നാൽ നിരന്തരമായ ശ്രമം കൊണ്ടും വിരക്തഭാവം





കൊണ്ടും ഇത് സാധ്യമാകുന്നതാണെന്ന് ശ്രീകൃഷ്ണൻ അർജ്ജുനനോട് മറുപടിയും പറയുന്നുണ്ട്. “അഭ്യാസേനാതുകൗന്തേയ വൈരാഗ്യേണ ച ഗൃഹ്യതേ.”

‘വിദ്യാധനം സർവ്വധനപ്രധാനം’ എന്നതാണ് ഭാരതത്തിന്റെ കാഴ്ചപ്പാട്. ജ്ഞാനം, ഗുരു, ശിഷ്യൻ, ഗുരുകുലം തുടങ്ങി വിദ്യാഭ്യാസ പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളെക്കുറിച്ചും സുചിന്തിതമായ ധാരണകൾ വേദോപനിഷത്തുകൾ മുതൽ കാണാം. ജ്ഞാനം മനുഷ്യന്റെ മൂന്നാം കണ്ണാകുന്നു. “ജ്ഞാനം മനുഷ്യസ്യതൃതീയം നേത്രം’ എന്നാണ് ഭാരതീയ സങ്കല്പം.

**ജ്ഞാനം**

ജ്ഞാനം എങ്ങനെയാണ് ആർജ്ജിക്കേണ്ടതെന്ന് ഭഗവദ്ഗീതയിൽ,

തദ്വിദ്ധി പ്രണിപാതേന

പരിപ്രശ്നേനസേവയാ

ഉപദേഷ്യന്തി തേ ജ്ഞാനം

ജ്ഞാനിനഃ തത്ത്വദർശിനഃ

ഗുരുചരണങ്ങളിൽ നമസ്കരിച്ചും, ചോദ്യങ്ങൾ ചോദിച്ചും ശുശ്രൂഷകൾ നടത്തിയും ജ്ഞാനം അഭ്യസിക്കുക, തത്ത്വദർശികളായ ജ്ഞാനികൾ നിനക്ക് ജ്ഞാനം ഉപദേശിച്ചുതരും. ജ്ഞാനിക്കു മാത്രമേ ജ്ഞാനം നൽകാനാവൂ എന്നതാണ് ജ്ഞാനത്തിന്റെ മാഹാത്മ്യം. അനന്തമായ ചിന്തയുടേയും ആന്തരികമായ പ്രയത്നത്തിന്റേയും പരിണാമമാണ് ജ്ഞാനം. ആത്മീയാചാര്യന്മാർ ആദ്ധ്യാത്മികതയ്ക്കുകൂടി വിദ്യാഭ്യാസത്തിൽ സ്ഥാനമുണ്ടെന്ന് കണ്ടെത്തിയിരുന്നു. ആദ്ധ്യാത്മികവികാസം ഇല്ലെങ്കിൽ അഭ്യസിച്ച വിദ്യ അപകടകരമായിത്തീരുമെന്ന മുന്നറിയിപ്പും അവർ നല്കുന്നു.

ആദ്ധ്യാത്മികജ്ഞാനം കൂടാതെ വിദ്യ അഭ്യസിച്ചതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് ഛാന്ദോഗ്യോപനിഷത്തിലെ ആറാം അദ്ധ്യായത്തിലെ ആരുണിശ്വേതകേതു സംവാദത്തിലൂടെ നാം ദർശിക്കുന്നത്. നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും അധ്യയനം ചെയ്ത് ഗുരുകുലത്തിൽ നിന്ന് മടങ്ങിയെത്തിയ മകൻ ശ്വേതകേതു അഹങ്കാരിയായി കണ്ട പിതാവ് ആരുണി മഹർഷി, ഗുരു നിനക്ക് ആത്മതത്ത്വം പറഞ്ഞുതന്നില്ലേ എന്നാണ് ചോദിക്കുന്നത്. തത്ത്വമാകട്ടെ “യേനാശ്രുതം ശ്രുതം ഭവത്യമതം മതമവിജ്ഞാതം വിജ്ഞാതം യാതൊരു തത്ത്വത്തെ അറിഞ്ഞാലാണോ ഇനി യാതൊന്നും അറിയാനില്ലാത്തത് ആ തത്ത്വം സത്യമാണ്, ഏകമാണ്, അദ്വിതീയമാണ്. അതാണ് ആത്മാവ്. അത് നീ തന്നെയാണ്. വിദ്യാർത്ഥിക്ക് പഠിക്കുന്ന വിഷയത്തിൽ സമഗ്രമായ അവഗാഹമുണ്ടാകണം എന്നതാണ് പുതിയ വിദ്യാഭ്യാസരീതി. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ക്ലാസിലെ പ്രവർത്തനം, അസൈൻമെന്റുകൾ, എഴുത്തുപരീക്ഷകൾ എന്നിവ വിലയിരുത്തിയുള്ള ആന്തരികമൂല്യനിർണയത്തെയും സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷയിലൂടെയുള്ള ബാഹ്യമൂല്യനിർണയത്തെയും സമന്വയിപ്പിച്ച് വിദ്യാർത്ഥിയുടെ കഴിവ് വിലയിരുത്തുന്ന രീതിയാണ് ഇന്ന് വിഭാവനം ചെയ്തിരിക്കുന്നത്. റഫറൻസ് പുസ്തകത്തിന്റെയും ഇന്റർനെറ്റിന്റേയും സഹായത്തോടെ പരീക്ഷയെഴുതുന്നതുൾപ്പെടെയുള്ള വിപ്ലവാത്മകമാറ്റങ്ങളും നിർദ്ദേശിക്കപ്പെടുന്നുണ്ട്.

പുതിയ രീതി വിജയകരമാകാൻ ആദ്യം വേണ്ടത്

> **ഗുരുചരണങ്ങളിൽ നമസ്കരിച്ചും ചോദ്യങ്ങൾ ചോദിച്ചും ശുശ്രൂഷകൾ നടത്തിയും ജ്ഞാനം അഭ്യസിക്കുക, തത്ത്വദർശികളായ ജ്ഞാനികൾ നിനക്ക് ജ്ഞാനം ഉപദേശിച്ചുതരും. ജ്ഞാനിക്കു മാത്രമേ ജ്ഞാനം നൽകാനാവൂ എന്നതാണ് ജ്ഞാനത്തിന്റെ മാഹാത്മ്യം.**

സ്കൂൾതലപഠനം സാർത്ഥകമാകുന്നുവെന്ന് ഉറപ്പിക്കലാണ്. പുതിയ സംവിധാനമനുസരിച്ചുള്ള പഠനത്തിന് വിദ്യാർത്ഥികളെ സജ്ജരാക്കാൻ ബോധവത്ക്കരണവും അത്യാവശ്യമാണ്.

പുതിയ പാഠ്യരീതി കൂടുതൽ പുതുമയുള്ളതാക്കാൻ അദ്ധ്യാപകർക്കുള്ള പരിശീലനവും വളരെ പ്രധാനമാണ്. അദ്ധ്യാപനരീതിയിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവന്നാലേ കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കൂ. പഠനം കൂടുതൽ സംവാദാത്മകവും ഫലപ്രദവുമാക്കാൻ പുതിയ വിദ്യകളും ആവശ്യമാണ്. ക്ലാസ്മുറികളിൽ നവീന പാഠ്യ ഉപകരണങ്ങൾ, സുസജ്ജമായ ലൈബ്രറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകണം. ശാസ്ത്ര -മാനവിക വിഷയങ്ങളിൽ ബിരുദബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനും അധ്യാപനത്തിനും കൂടുതൽ പേരെ ആകർഷിക്കാൻ പുതിയ പാഠ്യരീതിക്കു കഴിയണം.

**വിദ്യാഭ്യാസാവകാശനിയമം**

2010 ഏപ്രിൽ ഒന്നിന് പ്രാബല്യത്തിൽ വന്ന വിദ്യാഭ്യാസാവകാശനിയമം ഫലപ്രദമായി നടപ്പാക്കാനായാൽ അത് രാജ്യത്തിന്റെ സമഗ്രവും സാർത്ഥകവുമായ സാമൂഹ്യപുരോഗതിക്ക് ഏറെ സഹായകമാവും. വിദ്യാഭ്യാസം മൗലികാവകാശമാക്കുന്ന ഭരണഘടനാഭേദഗതി കൊണ്ടുവന്ന് എട്ടുവർഷം കഴിഞ്ഞപ്പോഴാണ് ആറിനും പതിനാറിനുമിടയ്ക്ക് പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പിക്കുന്ന നിയമം പ്രാബല്യത്തിൽ വന്നത്.

സ്കൂളിൽ ചേരാത്തവരോ ഇടയ്ക്ക് പഠനം അവസാനിപ്പിച്ചവരോ ആയ ഒരു കോടിയോളം കുട്ടികൾ ഭാരതത്തിൽ ഉണ്ടെന്നാണ് 2010-ലെ കണക്കുകൾ കാട്ടുന്നത്. പുതിയ നിയമമനുസരിച്ച് കുട്ടി താമസിക്കുന്നതിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ എൽ. പി. സ്കൂളും മൂന്നു കിലോമീറ്റർ ചുറ്റളവിൽ യു.പി.സ്കൂളും വേണമെന്നതിനാൽ ഒട്ടേറെ പുതിയ സ്കൂളുകൾ സ്ഥാപിക്കേണ്ടിവരും. സർക്കാർ എയ്ഡഡ്

സ്കൂളുകൾ ഈ പരിധിക്കുള്ളിൽ ഇല്ലെങ്കിൽ അടുത്തുള്ള അൺ എയ്ഡഡ് സ്കൂളിൽ കുട്ടി ചേർന്നാലും ചെലവ് സർക്കാർ വഹിക്കണമെന്ന് വ്യവസ്ഥയുണ്ട്. സ്കൂളിൽ പോകാത്തവരോ പഠനം നിർത്തിയവരോ ആയ ആറു വയസ്സിനു മുകളിലുള്ള കുട്ടികളെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയോ തദ്ദേശ ഭരണാധികാരികളോ കണ്ടെത്തി സ്കൂളിൽ എത്തിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

പല കുട്ടികളും സ്കൂളിൽ ചേരാതിരിക്കുകയോ പഠനം നിർത്തുകയോ ചെയ്യുന്നതിന്റെ പ്രധാന കാരണം ദാരിദ്ര്യമാണ്. അതിനാൽ ദാരിദ്രനിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും ഇതിനു പൂരകമായി ആവിഷ്കരിച്ച് നടപ്പാക്കണം. ഭക്ഷണം, വസ്ത്രം, പഠനോപകരണങ്ങൾ, യാത്രാസൗകര്യം എന്നിവയ്ക്കു പുറമെ മറ്റു ചെലവുകളും ലഭ്യമാക്കിയാലേ ദരിദ്രരായ കുട്ടികളെ മുഴുവൻ സ്കൂളിലെത്തിക്കാനാവൂ.

ബാലവേല നിരോധിച്ചിട്ടും കഠിന ജോലി ചെയ്യാൻ നിർബന്ധിതരാകുന്ന കുട്ടികൾ ഭാരതത്തിൽ ഒട്ടേറെയുണ്ട്. അവരിൽ പലരും ഇതര സംസ്ഥാനങ്ങളിലാണ് ജോലി ചെയ്യുന്നത്. അവരെ കണ്ടെത്തി വിദ്യാഭ്യാസാവകാശം ഉറപ്പിക്കാൻ സംസ്ഥാനങ്ങളുടെ ഏകോപിതമായ പ്രവർത്തനം അനിവാര്യമാണ്.

വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടം മുതൽ കുട്ടികളെ ദീനദരിദ്രസേവ പരിശീലിപ്പിക്കണം. കൈക്കൂലി, കരിഞ്ചന്ത, കള്ളക്കേസ് തുടങ്ങിയ അനാചാരങ്ങളെ നിർമ്മാർജ്ജനം ചെയ്യാനുള്ള ചാരിത്ര്യശുദ്ധി വിദ്യാഭ്യാസംകൊണ്ട് ആർജ്ജിക്കേണ്ടതുണ്ട്.

**ആദ്ധ്യാത്മികസംസ്കാരത്തെ വികസ്വരമാക്കി ആത്മാവിനെ മുക്തമാക്കുവാൻ കൂടി വിദ്യാഭ്യാസത്തിന് സാധിക്കണമെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. –'വിദ്യാ അമൃതംശനുതെ' എന്ന വേദവാക്യം ഇത്തരുണത്തിൽ പ്രമാണമായി സ്വീകരിക്കാവുന്നതാണ്.**



**സർവ്വകലാശാലകൾ**

സർവകലാശാലകൾ സർവ്വകലകളുടേയും ശാലകളാകണമെന്നും നയരൂപവത്ക്കരണത്തിൽ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ളവരുടേയും താത്പര്യങ്ങൾ പ്രതിഫലിപ്പിക്കണമെന്നുമാണ് പൊതുതത്ത്വം. സെനറ്റുകളിൽ തൊഴിലാളിയൂണിയനുകൾ, സാംസ്കാരിക സംഘടനകൾ, തദ്ദേശ സ്ഥാപനങ്ങൾ, അദ്ധ്യാപക അനദ്ധ്യാപക സംഘടനാ പ്രതിനിധികൾ, മാനേജ്മെന്റ് വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരെയൊക്കെ ഉൾക്കൊള്ളിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ സർവകലാശാലകൾക്ക് ഉദ്ദേശശുദ്ധിയോടെ പ്രവർത്തിക്കാൻ സാധിക്കുന്നുണ്ടോ? ഭാരതത്തിന്റെ ദ്വിതീയ രാഷ്ട്രപതിയും, വിദ്യാഭ്യാസ വിചക്ഷണനും തത്ത്വചിന്തകനുമായ ഡോ. എസ്. രാധാകൃഷ്ണൻ സർവകലാശാലകളെ സർവ്വതന്ത്രസ്വതന്ത്രമായ സ്ഥാപനങ്ങളായി ഗണിക്കുന്നു. സമുദായത്തിന്റെ കേന്ദ്രബിന്ദുക്കളായ സർവ്വകലാശാലകൾ മനുഷ്യപുരോഗതിയുടെ അടിസ്ഥാന പ്രേരണകളും മാർഗ്ഗനിർദ്ദേശങ്ങളും ലഭിക്കേണ്ട പുണ്യകേന്ദ്രങ്ങളായി അദ്ദേഹം കണ്ടു. നമ്മുടെ ദർശനങ്ങൾ പറയുന്നത് നിത്യമായത് ഈശ്വരൻ മാത്രമാണെന്നും ജീവിതം പരിവർത്തനാത്മകമാണെന്നുമാണ്. പരിവർത്തനങ്ങളെ പ്രചോദിപ്പിക്കുവാനുള്ള ഉത്തരവാദിത്വം സർവ്വകലാശാലകളാണ് നിർവഹിക്കേണ്ടതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

നമ്മുടെ സംസ്കാരത്തിന്റെ മൂലസ്രോതസ്സിനെയും അതിന്റെ ആദർശങ്ങളെയും കലയെയും ധർമ്മത്തെയും ദർശനങ്ങളെപ്പറ്റിയും അറിയുന്നതിനുള്ള അഭിനിവേശം സൃഷ്ടിക്കലാണ് സർവ്വകലാശാലകളുടെ കർത്തവ്യമെന്നും ഭാരതത്തിന്റെ പരമ്പരാഗതങ്ങളായ മൂല്യങ്ങളെയും സ്വഭാവവിശേഷങ്ങളെയും പുലർത്തുന്നതിൽ വിദ്യാഭ്യാസത്തിന് വലിയ പങ്ക് വഹിക്കാനുണ്ടെന്നും ശാസ്ത്രത്തിന്റെ ബഹുമുഖ ശാഖകളെല്ലാം പരസ്പരബന്ധമില്ലാത്ത സ്വതന്ത്രഘടകങ്ങളെന്ന പോലെ അഭിവൃദ്ധി പ്രാപിച്ചുവരുന്നതിന്റെ ഫലമായി അഭ്യസ്തവിദ്യർ ഭാഗികവും സങ്കുചിതവുമായ വ്യക്തിത്വം മാത്രമുള്ളവരായിത്തീർന്നിരിക്കുന്നുവെന്നും, സാങ്കേതികവിദഗ്ധരെയും ബുദ്ധിശാലികളെയും സൃഷ്ടിക്കുക മാത്രമല്ല, മറിച്ച് സംസ്കാരസമ്പന്നരും ആദർശശാലി

കളുമായ വ്യക്തികളെ സൃഷ്ടിക്കുക യാവണം അതിന്റെ ലക്ഷ്യമെന്നും ആത്മനിയന്ത്രണത്തിലും ആത്മജ്ഞാനത്തിലും കുടികൊള്ളുന്ന മഹത്ത്വം ദർശിക്കാനുള്ള കഴിവ് വിദ്യാഭ്യാസം കൊണ്ട് സ്ഥാപിക്കണമെന്നും, സർവ്വകലാശാലാ പരിശീലനത്തിന്റെ ഉദ്ദേശ്യം സുരക്ഷിതവും സുഖപ്രദവുമായ ഒരു ജോലി എന്നതിനേക്കാൾ ഉപരി, വിശാലവീക്ഷണവും സ്വന്തമായൊരു ജീവിതദർശനം നൽകുന്നതാകണമെന്നും വിനയമാണ് യഥാർത്ഥ വിദ്യാഭ്യാസംകൊണ്ട് നേടേണ്ടതെന്നും 'വിദ്യാദദാതിവിനയം' ആ താത്ത്വികാചാര്യൻ സംശയലേശമെന്യേ അഭിപ്രായപ്പെട്ടു.

ആദ്ധ്യാത്മികസംസ്കാരത്തെ വികസ്വരമാക്കി ആത്മാവിനെ മുക്തമാക്കുവാൻ കൂടി വിദ്യാഭ്യാസത്തിന് സാധിക്കണമെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. -'വിദ്യാ അമൃതമശ്നുതെ' എന്ന വേദവാക്യം ഇത്തരുണത്തിൽ പ്രമാണമായി സ്വീകരിക്കാവുന്നതാണ്.

തൈത്തരീയോപനിഷത്തിൽ തപശ്ശക്തികൊണ്ടാണ് ബ്രഹ്മം അനന്തമായ സൃഷ്ടികർമ്മം നടത്തുന്നതെന്നു പ്രസ്താവിച്ചിരിക്കുന്നു. അത്തരമൊരു തപശ്ചര്യാനിരതമായ സാധനയാകണം വിദ്യാഭ്യാസമെന്നും അപാരമായ ക്ലേശസഹിഷ്ണുതയും തപശ്ശക്തിയുമില്ലെങ്കിൽ ഉത്കൃഷ്ടമായ സൃഷ്ടികളൊന്നും ഉണ്ടാവില്ലെന്നും വിദ്യാഭ്യാസരംഗം ആന്തരികശക്തികളെ കണ്ടറിയാനും അവയെ ക്രമീകൃതമായി വികസിപ്പിക്കാനും സഹായിക്കണമെന്നുമത്രെ ഡോ. രാധാകൃഷ്ണന്റെ പക്ഷം.

മഹാത്മാഗാന്ധി "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം" എന്ന നിർവചനമാണ് നൽകിയിരിക്കുന്നത്. വ്യക്തിയുടെ ശാരീരികവും മാനസികവും ആത്മീയവുമായ ശേഷികളുടെ സമഗ്രവികാസമാണ് വിദ്യാഭ്യാസം കൊണ്ട് ആർജ്ജിക്കേണ്ടതെന്ന് അദ്ദേഹം വിശ്വസിച്ചു. തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള പരിശീലനത്തിലൂടെ മാത്രമേ വ്യക്തിത്വത്തിന്റെ സർവതോന്മുഖമായ വികാസം സാദ്ധ്യമാകൂ എന്നും ഗാന്ധിജി അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസം ഉയർന്ന ജാതിക്കാരിൽമാത്രം തങ്ങി നിന്നതും അതു താഴ്ന്ന ജാതിക്കാർക്കു നിഷേധിക്കപ്പെട്ടതുമാണ് ഭാരതത്തിന്റെ ദുർദശയ്ക്ക് കാരണമെന്ന് വിശ്വസിച്ചിരുന്ന സ്വാമി വിവേകാനന്ദൻ ആ വിശ്വാസം വ്യക്തമായി പ്രഖ്യാപിക്കുകയും അതിമാറ്റുവാൻവേണ്ടി അശ്രാന്ത പരിശ്രമം നടത്തുകയും ചെയ്തിരുന്നു.



വിദ്യാഭ്യാസത്തിൽ സ്വഭാവവികാസം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട് - "ശീലം പരം ഭൂഷണം". ഒരു വ്യക്തിക്ക് ഏറ്റവും അലങ്കാരമായിട്ടുള്ളത് സ്വഭാവമാണ്. പരീക്ഷയിൽ ഉയർന്ന മാർക്കുവാങ്ങലോ, ഉയർന്ന ജോലി നേടലോ, വിവാഹം കഴിക്കലോ ഒന്നുമല്ല മനുഷ്യന്റെ പരമലക്ഷ്യമെന്നും, അവശരുടെ കണ്ണീരൊപ്പാനും അവരെ സമാധാനിപ്പിക്കാനും, നാമെല്ലാം ഒന്നാണെന്ന ദേശീയ ബോധം ഊട്ടിയുറപ്പിക്കാനും വിദ്യാഭ്യാസം കൊണ്ട് കഴിയുമെന്നും ആ മഹാജ്ഞാനി ആഹ്വാനം ചെയ്തു. "അയം നിജഃ പരോ വേതി ഗണനാ ലഘുചേതസാം ഉദാരചരിതാനാം തു വസുധൈവ കുടുംബകം.

ശ്രേഷ്ഠജനത്തിന്റെ വാക്കുകൾ മാനി

**വിദ്യാഭ്യാസം ഉയർന്ന ജാതിക്കാരിൽമാത്രം തങ്ങി നിന്നതും അതു താഴ്ന്ന ജാതിക്കാർക്കു നിഷേധിക്കപ്പെട്ടതുമാണ് ഭാരതത്തിന്റെ ദുർദശയ്ക്ക് കാരണമെന്ന് വിശ്വസിച്ചിരുന്ന സ്വാമി വിവേകാനന്ദൻ ആ വിശ്വാസം വ്യക്തമായി പ്രഖ്യാപിക്കുകയും അതു മാറ്റുവാൻ വേണ്ടി അശ്രാന്ത പരിശ്രമം നടത്തുകയും ചെയ്തിരുന്നു. വിദ്യാഭ്യാസം ഭാരതത്തിലെ എല്ലാ പൗരന്മാരുടേയും ജന്മാവകാശമാണെന്ന് സ്വാമിജി വിശ്വസിച്ചിരുന്നു.**

വിദ്യാഭ്യാസം ഭാരതത്തിലെ എല്ലാ പൗരന്മാരുടേയും ജന്മാവകാശമാണെന്ന് സ്വാമികൾ വിശ്വസിച്ചിരുന്നു. ആദ്ധ്യാത്മികതയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു ദേശീയ വിദ്യാഭ്യാസ സമ്പ്രദായമായിരിക്കണം ഭാരതത്തിൽ പടുത്തുയർത്തേണ്ടതെന്നും സ്വാമിജി ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്.

ക്കാത്തതിന്റെ ഫലം നാമിന്ന് അനുഭവിക്കുന്നു. ദേഹബലത്തേക്കാൾ അധികമായി നമുക്കുണ്ടാകേണ്ടത് മനോബലവും ബുദ്ധിബലവുമാണ്. ഇക്കാര്യം നാം വിസ്മരിക്കുന്നു.

**ഗ്രന്ഥാലയങ്ങൾ**

ദൃശ്യശ്രവ്യമാധ്യമങ്ങളുടെ അതിപ്ര





സരം നിലനിൽക്കുന്ന ഇക്കാലത്ത് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താൻ ലൈബ്രറികൾക്ക് സാധിക്കണം. പല രൂപത്തിലും ഭാവത്തിലും നമ്മോട് പല വിശേഷങ്ങളും പങ്കുവയ്ക്കുന്ന അറിവിന്റെ ഖനികളാണ് ഗ്രന്ഥാലയങ്ങൾ. ഒരിക്കലും ചതിയ്ക്കാത്ത സുഹൃത്തുക്കളാണ് പുസ്തകങ്ങൾ. നല്ല പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കണമെന്ന് മാത്രം.

പൊതുഗ്രന്ഥാലയങ്ങൾ, അക്കാദമിക് ലൈബ്രറികൾ (സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി, സ്പെഷ്യൽ ലൈബ്രറികൾ എന്നിങ്ങനെ ലൈബ്രറികളെ മൂന്നായി തരംതരിക്കാവുന്നതാണ്.

നമ്മുടെ രാജ്യത്ത് പ്രസിദ്ധീകരിക്കുന്നതും ഭാരതത്തെക്കുറിച്ച് വിദേശങ്ങളിൽ ഇറങ്ങുന്നതുമായ പ്രസിദ്ധീകരണങ്ങൾ അറിയാൻ നാഷണൽ ലൈബ്രറികൾ നമുക്കുണ്ട്. ദേശീയ ഗ്രന്ഥസൂചി തയ്യറാക്കുന്നതിനു പുറമേ നാഷണൽ ബിബ്ലിയോഗ്രാഫിക് ഇൻഫർമേഷൻ സെന്ററായും ഇത് പ്രവർത്തിക്കുന്നു.

1945-ൽ പി. എൻ. പണിക്കർ സെക്രട്ടറിയായും 1977-ൽ സർക്കാർ ഏറ്റെടുത്തതുമായ തിരുവിതാംകൂർ ഗ്രന്ഥശാലാസംഘം സാക്ഷരതാ പ്രവർത്തനം ഉൾപ്പെടെ സാമൂഹികപുരോഗതി യ്ക്കായി യത്നിച്ചിരുന്നു.

**'അറിയുക' എന്നർത്ഥമുള്ള 'വിദ്' എന്ന സംസ്കൃതധാതുവിൽ നിന്ന് നിഷ്പന്നമായ പദമാണ് വിദ്യ. അറിയേണ്ടതിനെ അറിയിക്കുന്നതാണ് വിദ്യ. വിദ്യയുടെ അഭ്യാസമാണ് വിദ്യാഭ്യാസം. വിദ്യകൊണ്ടറിയേണ്ടത് ശരീരം, മനസ്സ്, ബുദ്ധി എന്നീ മൂന്നു ഘടകങ്ങളോടുകൂടിയ മനുഷ്യനെ പൂർണ്ണനാക്കുന്നതിനുള്ള വഴിയാണ്. അതാകട്ടെ നിത്യസുഖമാർഗ്ഗമാണ്.**

**വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ**

വിദ്യാർത്ഥികൾ നേരിടുന്ന വ്യക്തിപരമായ പ്രയാസങ്ങളറിയാൻ അദ്ധ്യാപകർ രക്ഷിതാക്കളുമായി നിരന്തരസമ്പർക്കം പുലർത്തണം. മാനവികത അടിസ്ഥാനമാക്കിയുള്ള സമീപനങ്ങളും തത്ത്വങ്ങളും വിദ്യാർത്ഥിക്കിടയിൽ വളർത്താൻ സാങ്കേതിക വിദ്യക്കു കഴിയില്ല. അദ്ധ്യാപകർക്കു മാത്രമേ അതു സാധ്യമാകൂ.

മാതാപിതാക്കളും അദ്ധ്യാപകരും എപ്പോഴും കുട്ടികൾക്ക് മാതൃക കാട്ടേണ്ടതാണ്. അനാഡംബരജീവിതം നയിക്കാനും അലസജീവിതം ഉപേക്ഷിക്കാനും, ത്യാഗികളായി ജീവിക്കാനും കുട്ടികളെ പ്രാപ്തരാക്കണം. വിദ്യാർത്ഥികൾക്ക് ഭാരതത്തിന്റെ സംസ്കാരമഹിമയിൽ ബോധമുണ്ടാകണം.

ഗുരുകുലസമ്പ്രദായമാണ് പ്രാചീനവിദ്യാഭ്യാസത്തിലെ ഏറ്റവും ശ്രദ്ധേയമായ ഭാഗം.

നമ്മുടെ പൂർവ്വികർ അവരുടെ കുട്ടികളെ ഈശ്വരനെ കാണാൻ തക്ക ശക്തിയുള്ളവരാക്കിത്തീർക്കുന്നതിനായിരുന്നു ഗുരുക്കന്മാരുടെ സമീപത്തേക്ക് അയച്ചിരുന്നത്. എഴുതുവാനും വായിക്കാനും മാത്രമറിയുക എന്നതായിരുന്നില്ല അന്നത്തെ വിദ്യാഭ്യാസസങ്കല്പം. ഭൗതികവും ആത്മീയവും ആയ ഭാവങ്ങൾക്ക് അതിൽ തുല്യമായ സ്ഥാനവും പ്രാധാന്യവും നൽകപ്പെട്ടിരുന്നതായി കാണാം. വാർദ്ധക്യവും മരണവും ഇല്ലെന്ന നിലയിൽ വിദ്യയും സമ്പത്തും നേടുക; മരണം ആസന്നമെന്ന നിലയിൽ ധർമ്മമനുഷ്ഠിക്കുക എന്ന തത്ത്വമാണ് പ്രാചീനഭാരതത്തിൽ നടപ്പുണ്ടായിരുന്ന വിദ്യാഭ്യാസത്തരീതിയുടെ പൊരുൾ —

*(അടുത്ത ലക്കം തുടരും)*



കെ. പി. സുധീര

# കാലത്തിന്റെ അടയാളം പതിഞ്ഞ നാലുകെട്ട്



മനുഷ്യജീവിതം എന്ന നിതാന്ത പ്രതിഭാസത്തെ സമഗ്രമായി അപഗ്രഥിക്കുന്നവനാണ് യഥാർത്ഥ സാഹിത്യകാരൻ. പുതിയ കാലഭേദവും പുത്തൻ കലാബോധവും അവന്റെ സൃഷ്ടിയെ സമ്പന്നമാക്കുന്നു - തന്റെ കൃതികളിൽ കാലത്തിന്റെ മിടിപ്പും തുടിപ്പും നിവേശിപ്പിച്ച അതുല്യസാഹിത്യകാരനാണ് എം. ടി. അദ്ദേഹത്തിന്റെ 'നാലുകെട്ട്' എന്ന നോവലിൽ കാലം സ്പന്ദിച്ചു നില്ക്കുന്നതായി കാണാം.

അരനൂറ്റാണ്ടിനിപ്പുറത്തു നിന്ന് നാലുകെട്ട് പുനർവായിക്കുമ്പോൾ, ഈ ഉത്കൃഷ്ടനോവലിൽ നമുക്ക് വലിയൊരു കാലത്തിന്റെ കാലൊച്ച കേൾക്കാനാവുന്നു. ഇരുപത്തിനാലിന്റെ ഇളംമുറക്കാരൻ കാലത്തെ വെല്ലുന്ന ഒരു കൃതിയെഴുതിയല്ലോ എന്നത് മലയാളിക്ക് അഭിമാനമാകുന്നു. കാലഘട്ടത്തിന്റെ പ്രതിഫലനമോ പ്രതിബിംബമോ എം. ടി. യുടെ സകല സൃഷ്ടികളിലും സാകല്യമാവുന്നുണ്ട്. എന്നതും ഇവിടെ ഓർക്കേണ്ട വസ്തുതയാണ്.

മരുമക്കത്തായസമ്പ്രദായം നാട്ടിൻപുറത്തെ തകർന്നുകൊണ്ടിരിക്കുന്ന തറവാട്ടിലെ സന്തതിപരമ്പരകളെ എങ്ങനെ ബാധിക്കുന്നുവെന്നും, അക്കാലത്തെ സാമൂഹ്യവ്യവസ്ഥിതി സ്ത്രീപുരുഷന്മാരെ എത്രമാത്രം സംഘർഷഭരിതരാക്കിയെന്നും കയ്യടക്കത്തോടെ വിസ്തരിക്കുന്ന ഒരു നോവലാണ് നാലുകെട്ട്. തീവ്രമായ ജീവിതാനുഭവങ്ങൾ അപ്പുണ്ണിയെന്ന ബാലനെ എത്രമേൽ ലക്ഷ്യബോധമുള്ളവനാക്കുന്നു എന്ന് നോവലിസ്റ്റ് സൂക്ഷ്മമായി വിസ്തരിക്കുന്നുണ്ട്.

നാക്കിൽ വെള്ളമൂറുന്ന ഉള്ളി മൂപ്പിച്ച

ചോറിന്റെ സുഗന്ധം പോലെ ഭാഷയുടെ അപൂർവ്വചാരുത അനുവാചകൻ നോവലിൽ ഉടനീളം അനുഭവിക്കുന്നു. അറുപത്തിനാല് അംഗങ്ങൾ താമസിച്ച പഴയ നാലുകെട്ടിന്റെ പ്രതാപം പറയുമ്പോഴും പാതിയും പൊളിച്ചു പോയ, ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ നാലുകെട്ടിലേക്ക് നെടുവീർപ്പോടെ നോക്കുകയാണ് ഇതിലെ കഥാപാത്രങ്ങൾ.

അനാഥത്വത്തിന്റെ കാണാക്കയങ്ങളിലേക്ക് ആരോ എറിഞ്ഞുകളഞ്ഞ സാധുജന്മമാണ് അപ്പുണ്ണിയുടേത്, അവന് അമ്മ മാത്രമേയുള്ളു. പ്രതാപികളായ വടക്കേപ്പാട്ട് നാലുകെട്ടിലെ സുന്ദരിയായ പെൺകുട്ടിയെ, നാട്ടിലെ വിഖ്യാത പകിടകളിക്കാരനായ കോന്തുണ്ണിനായർ, കട്ടുകൊണ്ടുപോയത്, ഉഗ്രപ്രതാപിയായ അമ്മാവനെ ശുണ്ഠിപിടിപ്പിച്ചു. അമ്മാമ മരുമകളെ മരിച്ചതായി മനസ്സിൽ നിന്നും ആട്ടിയിറക്കി. മകന് മൂന്ന് വയസ്സെത്തിയപ്പോൾ കച്ചവടത്തിലെ കള്ളക്കളിക്കാരനായ സെയ്താലിക്കുട്ടി, കോന്തുണ്ണിയെ വിരുന്നിന് ക്ഷണിച്ച് ഭക്ഷണത്തിൽ പാഷാ ണം കലർത്തി ചതിച്ചു കൊന്നു എന്ന കഥ കേട്ടാണ് അപ്പുണ്ണി വളർന്നത്. അവന്റെ അമ്മ, ഇല്ലത്തെ 'ഒലക്ക വലിയ്ക്കാൻ' പോയിത്തുടങ്ങി. അപ്പുണ്ണി എന്ന കുട്ടിയുടെ ദാരിദ്ര്യവും, വടയ്ക്കേപ്പാട്ടുകാരുടെ സമ്പന്നജീവിതവും നോവലിൽ മാറിമാറി വരുന്നു. നാട്ടിൻപുറത്തെ നിസ്വവർഗ്ഗത്തിന് കഞ്ഞികുടിക്കാനില്ലാത്തപ്പോൾ സമ്പന്നൻ ദിനവും പാൽച്ചോറുണ്ടു കഴിയുന്നു.

അടിമ സദാചാരബോധം അന്നെത്ര മേൽ ബലപ്പെട്ടിരുന്നു എന്ന് നാം അമ്പരക്കും. കോന്തുണ്ണിനായർക്ക് പാറുക്കുട്ടി അനഭിമതയായത് നാല് തലമുറയ്ക്ക് മുമ്പ് അയാളുടെ വീട്ടിലൊരു പെണ്ണ് പിഴച്ചുപോയത് കൊണ്ടാണ്. വിധവയായ പാറുക്കുട്ടി, അയൽപക്കത്തെ ശങ്കരൻനായരെ ചെറിയ സഹായത്തിന് വിളിക്കുന്നത് പോലും നാട്ടിൽ വലിയ കോളിളക്കമാകുന്നു. – കുട്ടിയായ അപ്പുണ്ണിയുടെ മനസ്സിൽ പോലും സംശയത്തിന്റെ വിഷവിത്തു പാകാൻ ഈ അപവാദങ്ങൾക്ക് കഴിയുന്നുണ്ട്.

അമ്പതുകൊല്ലം മുമ്പത്തെ നാട്ടുമ്പുറത്തെ അങ്ങാടിയിലെ അന്തിക്കച്ചവടം ഒട്ടൊരു കൗതുകത്തോടെയാണ് ഇന്ന് വായിക്കപ്പെടുന്നത്. പകൽ മുഴുവൻ പാടത്ത് പണിത ചെറുമിപ്പെണ്ണുങ്ങളുടെ തലയിൽ രണ്ടുമുക്കാലിന്റെ വെളിച്ചെണ്ണയിറ്റിച്ചുകൊടുക്കുന്ന, പണിക്കാരൻ മുസല്യാരും വിയർ പ്പും മെഴുക്കും ചെളിയും ചേർന്ന ആ




**അക്കാലത്ത് പച്ചക്കറിയും കായ്ക്കറിത്തോട്ടവും ഓരോ വീട്ടുകാർക്കും ആശ്രയമായിരുന്നു. പല വീടുകളിലും കൃഷിക്കാരികൾ സ്ത്രീകൾ തന്നെ. പുറമേ നിന്ന് ആരും പച്ചക്കറി വാങ്ങിക്കില്ല. ഉച്ചയ്ക്കലേക്ക് കറിവെയ്ക്കാൻ സ്വന്തം പറമ്പിൽനിന്ന് കായ്ക്കറി പറിക്കാൻ കത്തിയുമായി ഇറങ്ങുന്ന അമ്മയെയും ചെറിയമ്മയേയും കുറിച്ച് എം. ടി. എവിടെയോ പ്രസംഗിച്ചതും ഓർത്തുപോകുന്നു.**

പെണ്ണുങ്ങളുടെ മനം പിരട്ടുന്ന ഗന്ധവും വായനക്കാർ അനുഭവിക്കാനാവുന്നുണ്ട് ഈ നോവലിൽ. തേക്കിലയിൽ പൊതിയുന്ന കൊത്തമ്പല്ലിയും, ഒരു മുക്കാലിന്റെ 'വെത്തില' യും 'രണ്ടുമുക്കാലിന്റെ കാസർട്ടും', സായിപ്പും, പുത്തൻ തലമുറയ്ക്ക് അനുഭവത്തിന്റെ പുത്തൻ ലോകം സമ്മാനിക്കുന്നു. കാർഷികരംഗത്തുണ്ടായ പരിണാമങ്ങളും സാമൂഹികപരിഷ്കാരങ്ങളും ഒത്തുനോക്കുവാൻ ഒരവസരം കിട്ടുന്നു.

അക്കാലത്തെ ചില അനാചാരങ്ങളിലേക്കും എഴുത്തുകാരൻ എത്തിനോക്കുന്നുണ്ട്. നൂറുപറ അരി വെച്ച് തെരണ്ട് കല്യാണം നടത്തുന്ന തറവാടുകളേയും ഒടിച്ചുകൊല്ലാനറിയുന്ന മന്ത്രവാദികളെയും നോവൽ പരിചയപ്പെടുത്തുന്നു.

അന്നുമിന്നും കോരന് കഞ്ഞി കുമ്പിളിൽ തന്നെ. പകൽ മുഴുവൻ ഇല്ലത്തെ നെല്ല് കുത്തി അരിയാക്കുന്ന പാറുക്കുട്ടിക്ക്, ഇല്ലത്തെ പണി കഴിഞ്ഞാൽ കിട്ടുന്നത് ഈമ്പിയ മാങ്ങയണ്ടിയടങ്ങുന്ന എച്ചിലിലയിലെ അന്നമാണ്. പുതുതലമുറയിലെ അപ്പുണ്ണി, ഈ നീചസമ്പ്രദായത്തെ ഓക്കാനത്തിന്റെ അറപ്പോടെ തള്ളിമാറ്റുന്നുണ്ട്.

വയറു വിശന്നാലും അപമാനത്തിന്റേതായ ഒറ്റ ഉരുള അവൻ സ്വീകരിക്കയില്ല. അവന്റെ അമ്മ അവനെപ്പോറ്റാൻ അടിമപ്പണി ചെയ്യുമ്പോഴും, അവൻ സമ്പന്നന്റെ ഉടമ മനോഭാവത്തെ രോഷത്തോടെയാണ് നോക്കുന്നത്.

സർപ്പക്കാവുള്ള തറവാടുകളിലെ പാമ്പിൻകളവും, പൂക്കുലയെടുത്ത് കളത്തിൽ ഉറയുന്ന പെൺകിടാങ്ങളും, പാട്ടിന്റെ വേഗവും, ഇടിയറയുടെ നാദവും നാം അടുത്തറിയുന്നു. അപ്പോൾ സർപ്പക്കാവിൽ നാഗങ്ങൾ ഉറക്കം വിട്ടെഴുന്നേറ്റ് പടം വിടർത്തിയാടുന്നത് നാം കാണുന്നു. പഴയ തറവാടുകളിൽ നടത്തപ്പെടുന്ന ഭുവനേശ്വരീ പൂജ, നാഗത്തുള്ളൽ, നാവോർപ്പാട്ട്, കൊടിക്കുന്നത്ത് കാവിലെ കുരുതിയ്ക്കുള്ള താലപ്പൊലി ഇങ്ങനെ അക്കാലത്തെ സകല ആചാരങ്ങളിലൂടെയും വിശേഷങ്ങളിലൂടെയും നോവലിസ്റ്റ് കടന്നുപോകുന്നുണ്ട്.

വള്ളുവനാടൻ ഭാഷയുടെ ഇനിമയും ഗരിമയും വായനക്കാരന് ഹൃദ്യമാകുന്നു. കുട്ട്യേവ്ടെത്ത്യാ? എന്ന ചോദ്യത്തിന്, ഞാൻ ഇവിട്ത്തെ, എന്താ നെനക്ക് ചേതം? എന്ന മറുചോദ്യം. 'എന്തിനേ നായരുട്ടി കരേണ്? എന്ന് സെയ്താലിക്കുട്ടി –'ഒന്നൂല്യ' എന്ന് അപ്പുണ്ണി. ഇങ്ങനെ നാടൻ ഭാഷയുടെ അനവദ്യസൗന്ദര്യം അനുവാചകന് അതീവഹൃദ്യമായി അനുഭവപ്പെടുന്നു.

മരുമക്കത്തായസമ്പ്രദായം അന്ന് സ്ത്രീകൾക്ക് വലിയ അടിമത്തവും സംഘർഷവുമാണ് സമ്മാനിച്ചത്. തനിക്കും കുട്ടികൾക്കും അവകാശപ്പെട്ട സ്വത്തും മുതലും വലിയാങ്ങള കയ്യടക്കി ഭരിക്കുന്നു. തന്റെ കുട്ടികൾക്കും സഹജാതർക്കും വലിയമ്മാമ എന്ന തറവാട്ടുകാരണവർ കൊടുക്കുന്ന സൗജന്യമാണ് ബാക്കി ജീവിതം. സമ്പത്തിന്റെ ഈ അധികാരി കനിഞ്ഞ് ആഴ്ചയിലൊരിക്കൽ അളന്നുകൊടുക്കുന്ന നെല്ലും എണ്ണയും കരുതലോടെ ഉപയോഗിക്കണം. അവർക്ക് വലിയമ്മാമയുടെ

കണ്ണിൽപ്പെടാതെ വേണം പുറത്തിറങ്ങാനും ജീവിച്ചുപോകാനും.

തറവാട്ടിലെ മറ്റ് ആണുങ്ങളുടെ സ്ഥിതിയും ഭേദപ്പെട്ടതല്ല. കാരണവരെന്ന ഏകഛത്രാധിപതി യാതൊന്നും കൊടുക്കില്ല. കൊല്ലത്തിൽ രണ്ടു മുണ്ടും, രണ്ട് തോർത്തും, രണ്ട് കൈക്കോണവും' എന്ന് പാടത്തും പറമ്പിലും പണിപേറുന്ന കുട്ടമ്മാമ അരിശപ്പെടുന്നുണ്ട്. ഒരു പറ നെല്ലോ ചില്ലിക്കാശോ കിട്ടാത്ത വർഷങ്ങൾ എത്രയോ കടന്നുപോയി. കുട്ടമ്മാമയുടെ മകൾ മാളു ആ വീട്ടിലെ അടുക്കളക്കാരിക്ക് സമം. രാവും പകലും അടുക്കളയിൽ വെച്ചു വിളമ്പുന്ന മീനാക്ഷ്യേടത്തിയും ആ വീട്ടിലെ അംഗം തന്നെ.

അക്കാലത്ത് പച്ചക്കറിയും കായ്ക്കറിത്തോട്ടവും ഓരോ വീട്ടുകാർക്കും ആശ്രയമായിരുന്നു. പല വീടുകളിലും കൃഷിക്കാരികൾ സ്ത്രീകൾ തന്നെ. പുറമേ നിന്ന് ആരും പച്ചക്കറി വാങ്ങിക്കില്ല. ഉച്ചയ്ക്കലേക്ക് കറിവെയ്ക്കാൻ സ്വന്തം പറമ്പിൽനിന്ന് കായ്ക്കറി പറിക്കാൻ കത്തിയുമായി ഇറങ്ങുന്ന അമ്മയെയും ചെറിയമ്മയേയും കുറിച്ച് എം. ടി. എവിടെയോ പ്രസംഗിച്ചതും ഓർത്തുപോകുന്നു.



അക്കാലത്ത് നാട്ടിലുണ്ടായ വെള്ളപ്പൊക്കത്തെക്കുറിച്ച് നാലുകെട്ടിൽ പരാമർശമുണ്ട്. മകനു പോലും തന്നെ വേണ്ടാതായി എന്ന നിരാശ്രയത്വത്തിന്റെ നിസ്സംഗതയിൽ പാറുക്കുട്ടി ഭാണ്ഡങ്ങളുമെടുത്ത് അയൽപക്കക്കാരോടൊപ്പം രക്ഷതേടി കുന്നുംപുറത്തെ വീടുകളിലേക്ക് പോയില്ല. സർപ്പങ്ങളെപ്പോലെ ഇഴഞ്ഞു പടികടന്നുവരുന്ന മഴവെള്ളപാച്ചിലിൽ ആ കൊച്ചുവീട്ടിൽ അവർ ഒറ്റയ്ക്കിരുന്നു. നാടു മുഴുവൻ വെള്ളത്തിൽ മുങ്ങി. പറമ്പുകളും ഞാറ്റുവട്ടികളും കഴിഞ്ഞ് വെള്ളം പടികടന്നെത്തി. ഇരുട്ടിൽ പുറത്തെ ഭിത്തികളിൽ വെള്ളം തട്ടുന്ന ശബ്ദം കേട്ട് പാറുക്കുട്ടി തണുപ്പിൽ ചൂളിയിരിക്കുന്നത് നെഞ്ചുനീറ്റലോടെയാണ് നാം വായിക്കുന്നത്. കണ്ണടച്ചു പ്രാർത്ഥിക്കുന്ന പാറുക്കുട്ടിക്കൊപ്പം നെഞ്ചിടിപ്പോടെ വായനക്കാരനും പ്രാർത്ഥിച്ചുപോകുന്നു.

സാഹിത്യം മാനവികതയുടെ വികാസത്തിനും പുരോഗതിക്കും വേണ്ടിയുള്ളതാണ്. പഴഞ്ചൻ ആചാരങ്ങളെ പൊളിച്ചുപണിയാൻ ആഗ്രഹിക്കുന്ന കഥാപാത്രങ്ങൾ ഇതിൽ ഏറെയുണ്ട്. എല്ലാ ജാതിക്കാരുടെയും തോളിൽ കയ്യിട്ടു നടക്കുന്ന കോന്തുണ്ണിനായർ, തറവാട് ഭാഗം വെച്ച് മരുമക്കത്തായത്തെ പടിക്കു പുറത്താക്കാൻ ശ്രമിക്കുന്ന കുട്ടമ്മാമ്മ, തനിക്ക് അധികാരം നിഷേധിച്ച് അതേ തറവാട്ടിൽ കയറിച്ചെന്ന് ഒരു പുതുയുഗം സ്വപ്നം കാണുന്ന പുത്തൻതലമുറയിലെ അപ്പുണ്ണി.

പുഴുത്ത പട്ടിയെപ്പോലെ, തന്നെ നാലുകെട്ടിൽ നിന്ന് അടിച്ചോടിച്ച അതേ പ്രതാപിയായ വലിയമ്മാമൻ തന്റെ കാല്ക്കീഴിൽ വന്ന് അഞ്ഞൂറ് രൂപയ്ക്ക് കെഞ്ചുന്ന ഒരു മുഹൂർത്തമുണ്ട് നോവലിൽ – മരുമക്കത്തായത്തെ തച്ചുതകർക്കുന്ന ഒരു പരിഹാസച്ചിരിയോടെ അത് നിഷേധിച്ച അപ്പുണ്ണിയുമുണ്ട്.

മഹത്തായ സാഹിത്യത്തെ, ശ്രേഷ്ഠമായ സാഹിത്യത്തെ പ്രതിനിധാനം ചെയ്യാനും പാരിതോഷികമാക്കാനും ഇനിയും എം. ടിക്ക് സാധിക്കട്ടെ. നാട്ടിലെ എല്ലാ നാലുകെട്ടുകളും നശിച്ചാലും, എം. ടി.യുടെ നാലുകെട്ടിന് കാലാന്തരത്തിലും യാതൊരു നാശവുമുണ്ടാവില്ലെന്ന് നമുക്കുറപ്പിക്കാം. കാരണം ഈ മഹാനായ സാഹിത്യകാരൻ നാലുകെട്ട് പണിഞ്ഞത് കൈരളിയുടെ ആത്മാവിലാണല്ലോ.

●



# ഒടുക്കവും തുടക്കവും

**വിസ്ലാവ സിംബോർസ്ക**
**വിവർത്തനം: ബിന്ദുകൃഷ്ണൻ**

**ഓ**രോ യുദ്ധത്തിനുശേഷവും
ആരെങ്കിലും എല്ലാം വൃത്തിയാക്കണം
ഒന്നും തന്നെത്താനെ
പഴയപോലാകില്ലല്ലോ.

കല്ലുകൂമ്പാരം റോഡരികുകളിലേക്ക്
ആരെങ്കിലും മാറ്റിയിടണം,
എന്നാലല്ലേ ശവശരീരങ്ങൾ നിറച്ച
വണ്ടിക്കു കടന്നുപോകാൻ കഴിയൂ.

ചളിയും ചാരവും
ചില്ലുകഷണങ്ങളും
സോഫാസ്പ്രിങ്ങുകളും
രക്തം പുരണ്ട തുണികളും
ആരെങ്കിലും വൃത്തിയാക്കണം.

ചരിഞ്ഞ മതിൽ
ഒരൂന്നുപടി കൊടുത്ത്
താങ്ങിനിർത്തണം,
വാതിൽ ഉറപ്പിക്കണം,
ജനാലച്ചില്ലു തുടയ്ക്കണം.
ആരെങ്കിലും
ഇതൊന്നും ആരും
അഭ്രപാളിയിൽ പകർത്തില്ല.
ക്യാമറക്കാരൊക്കെ
മറ്റു യുദ്ധങ്ങൾ തിരഞ്ഞുപോയിരിക്കുന്നു.

പാലങ്ങൾ, റയിൽപ്പാളങ്ങൾ
ഒക്കെ വീണ്ടും പണിയണം.

ചൂലും കയ്യിൽപ്പിടിച്ചുനിന്ന്
ആരോ ഇപ്പോഴും ഓർക്കുന്നുണ്ട്.
മുമ്പ് ഇവിടം എങ്ങനെയായിരുന്നെന്ന്.
പിളരാത്ത തല കുലുക്കി
ആരോ കാതോർക്കുന്നുണ്ട്.
മറ്റുചിലർ ഇതിലെല്ലാം ബോറടിച്ച്
ധൃതിയിൽ നടന്നുപോകുന്നുണ്ട്.

ഇടയ്ക്കിടെ ചിലരെങ്കിലും
ചില തുരുമ്പിച്ച സംവാദങ്ങൾ
മുൾച്ചെടികൾക്കിടയിൽ നിന്നും
പുറത്തെടുക്കണം.

ഇതൊക്കെ എന്തിനായിരുന്നു
എന്ന് അറിയുന്നവർ
അതറിയാത്തവർക്ക്
വഴിമാറിക്കൊടുക്കണം.

കാര്യകാരണങ്ങൾക്കു മീതെ
അതെല്ലാം മറച്ചു വളരുന്ന
പുൽത്തകിടിയിൽ
ആരെങ്കിലും മലർന്നുകിടക്കണം
ചോളം ചവച്ച്,
മേഘങ്ങളെ നോക്കി.

നാടൻ കലാരൂപങ്ങൾ

ചുമ്മാർ ചൂണ്ടൽ

# ഐവർ നാടകം

**"കേരളത്തിൽ വളരെ പ്രചാരത്തിലിരുന്ന ഒരു കളിയാണിത്. അതിന്റെ ആവശ്യത്തിലേക്കു രചിക്കപ്പെട്ട ഒരു കൃതിയത്രെ ഐവർനാടകം. തിരുവനന്തപുരം മുതലായ ദിക്കുകളിലെ ക്ഷേത്രങ്ങളിലെ ഉത്സവകാലത്ത് ഈഴവർ ഞാണിന്മേൽ ദണ്ഡിപ്പുകാരെപ്പോലെ ഉടുത്തുകെട്ടി ഇന്നും ആടാറുണ്ട്. അഞ്ചു നടന്മാരുള്ളതിനാലാണ് ഐവർനാടകം എന്ന പേർ വന്നത്".**



ഐങ്കുടിക്കമ്മാളരും നാങ്കുവർണ്ണക്കാരും വേട്ടുവരും ചെറുമരും ഈഴുവാദികളും ദേശഭേദമനുസരിച്ച് പങ്കെടുക്കുന്ന ഒരു ഗ്രാമീണ നാടോടിനാടകമാണ് ഐവർനാടകം. ഈ കഥാരൂപത്തിന് പാണ്ഡവർകളി എന്നും പറയാറുണ്ട്. ജനപ്രീതി നേടിയ സംജ്ഞ ഐവർകളിയെന്നാണ്.

"കേരളത്തിൽ വളരെ പ്രചാരത്തിലിരുന്ന ഒരു കളിയാണിത്. അതിന്റെ ആവശ്യത്തിലേക്കു രചിക്കപ്പെട്ട ഒരു കൃതിയത്രെ ഐവർനാടകം. തിരുവനന്തപുരം മുതലായ ദിക്കുകളിലെ ക്ഷേത്രങ്ങളിലെ ഉത്സവകാലത്ത് ഈഴവർ ഞാണിന്മേൽ ദണ്ഡിപ്പുകാരെപ്പോലെ ഉടുത്തുകെട്ടി ഇന്നും ആടാറുണ്ട്. അഞ്ചു നടന്മാരുള്ളതിനാലാണ് ഐവർനാടകം എന്ന പേർ വന്നത്". എന്നിപ്രകാരമാണ് ആർ. നാരായണപ്പണിക്കർ (കേരള ഭാഷാ സാഹിത്യചരിത്രം, ഭാഗം 2, അദ്ധ്യായം 12, പുറം 189) അഭിപ്രായപ്പെടുന്നത്. കേവലം അഞ്ചുപേർ മാത്രം കളിക്കുന്ന സമ്പ്രദായം കേരളത്തിലൊരിടത്തും ഇന്നു കാണാനില്ല.

'ഈഴുവാദികളും പ്രായേണ ചെറുമരും കളിക്കുന്നതാണ് ഈ നാടകം. ഇതും ഒരുതരം തട്ടിന്മേൽ കളിയാണ്. അഞ്ച് വാനരന്മാരുടെ സംഭാഷണാദികൾ വിഷയങ്ങളാകയാലത്രേ ഇതിന് ഐവർനാടകമെന്നു പേരുണ്ടായത്. നാടകമെന്നു പറയുന്നതുകൊണ്ട് പഞ്ചസന്ധ്യാദിലക്ഷിതമായ ഒരു രൂപഭേദമായിരിക്കും ഇതെന്ന് ആർക്കും സംശയം വേണ്ട. ചമ്പുക്കളുടെ മട്ടു പിടിച്ചുകൊണ്ടു സങ്കലിതമായ ഒരു പ്രണയന വിശേഷമെന്നേ ഇതിനെക്കുറിച്ചു പറയുവാനുള്ളൂ." എന്നാണ് കെ.പി. കറുപ്പന്റെ (സാമുദായിക ഗാനകലകൾ, പുറം 14) അഭിപ്രായം. രാമായണവും മഹാഭാരതവുമാണ് ഐവർനാടകത്തിന്റെ ദൃശ്യപ്രതിപാദ്യം. അക്കൂട്ടത്തിൽ വാനരന്മാരെ പരാമർശിക്കുന്ന ഏതാനും ഈരടികളും പാട്ടിൽ പാടിവരുന്നുണ്ട്. ഉള്ളടക്കത്തിന്റെ സ്വഭാവം പരിശോധിക്കുമ്പോൾ വാനരന്മാരുടെ സംഭാഷണത്തിനു വലിയ പ്രാധാന്യമില്ലതാനും.

പഞ്ചപാണ്ഡവന്മാരുടെ കഥ പാടിക്കളിക്കുന്നതുകൊണ്ടാണ് 'പാണ്ഡവർകളി'യെന്ന പേരുണ്ടായതെന്ന് കളിയാശാന്മാരിൽ ചിലർ അവകാശപ്പെടുന്നു. തൃശ്ശൂർ ജില്ലയിൽ ചിലേടങ്ങളിൽ വിരളമായിട്ടെങ്കിലും ഐവർനാടകത്തിന് പാണ്ഡവർകളിയെന്നു പറയുന്നുണ്ട്. പാണ്ഡവന്മാർ വട്ടമിട്ടുനിന്ന് ശ്രീകൃഷ്ണനെ വിളക്കായി ചമച്ച് ഐവർനാടകം കളിച്ചുവെന്നു പ്രസിദ്ധ ഐവർകളി ആശാനായിരുന്ന കളരിക്കൽ ഉണ്ണിക്കുറുപ്പ് ഈ ലേഖകനോടു പറയുകയുണ്ടായി. വനവാസകാലത്ത് പാണ്ഡവന്മാർ തുടങ്ങിയ കളിയാണെന്നും, സീതാവിരഹകാലത്ത് ശ്രീരാമനെ സന്തുഷ്ടനാക്കാൻ സുഗ്രീവനും നാലു മന്ത്രിമാരും കൂടി നടത്തിയ കളിയാണെന്നും മറ്റുമുള്ള ഐതിഹ്യങ്ങൾക്ക് കൊല്ലം ജില്ലയിലെ ഐവർകളിക്കാർക്കിടയിൽ പ്രചാരമുണ്ടെന്ന് പരേതനായ കെ.കെ. വാദ്ധ്യാർ ലേഖകനയച്ച കത്തിൽ സൂചിപ്പിക്കുന്നുണ്ട്.

'ഐങ്കുടിക്കമ്മാളരുടെ വിനോദമായതു കൊണ്ടാണ് ഇതിന് ഐവർകളിയെന്നു പേരു വന്നതെന്നു വി.എം. കുട്ടികൃഷ്ണമേനോൻ (കേരളത്തിലെ നടനകല, പുറം, 33) ഉറപ്പിച്ചു പറയുന്നു.

കലാരൂപങ്ങൾക്കു പേരുകൾ നൽകുന്നത് പലവിധത്തിലായിരിക്കും. കലാപ്രകടനത്തിലെ കഥാപാത്രങ്ങൾ, ഉപകരണങ്ങൾ, പങ്കെടുക്കുന്നവരുടെ ജാതി, വാദ്യങ്ങൾ, ദേശം, വേഷം എന്നിവയെ അടിസ്ഥാനമാക്കിയാണ് പൊതുവെ കലാരൂപങ്ങൾ അറിയപ്പെടാറുള്ളത്. ഐവർനാടകത്തിന്റെ സംജ്ഞക്കടിസ്ഥാനം ഈ ഗ്രാമീണ നാടകത്തിലെ ഐങ്കുടിക്കമ്മാളരുടെ സജീവ പങ്കാളിത്തമാണെന്ന് പറയാം.

**കളിയും കളിയരങ്ങും**

വേല, ഉത്സവം എന്നീ ക്ഷേത്രാഘോഷങ്ങളോടനുബന്ധിച്ചും ഓണം, വിഷു എന്നീ വിശേഷദിവസങ്ങളിലും ഐവർനാടകം അവതരിപ്പിക്കാറുണ്ട്. വിവാഹാഘോഷങ്ങൾക്കും മറ്റും ഈ കഥ ഭഗവതിക്കാവുകളിൽ പ്രദർശിപ്പിച്ചിരുന്നുവത്രെ. ഭഗവതിപ്രീണനത്തിനുള്ള അനുഷ്ഠാനപരമായ ചടങ്ങായിട്ടോ കലാപ്രകടനമായിട്ടോ ഇതിനെ കണക്കാക്കേണ്ടതില്ല. കേവലം വിനോദത്തിനുവേണ്ടി ജന്മമെടുത്തിട്ടുള്ള ഒരു കലാരൂപമാണിത്.

ക്ഷേത്രമതിൽക്കെട്ടിനു പുറത്ത് അമ്പലപ്പറമ്പുകളിലെ 'തറ'കളിലാണ് കളി നടത്തുന്നത്. ഏറെക്കുറെ സമചതുരാകൃതിയിൽ കല്ലുകൊണ്ട് പണിതുയർത്തിയ (ഉദ്ദേശം മൂന്നോ നാലോ അടി ഉയരം) തറകളിലോ, താൽക്കാലികമായി മരംകൊണ്ടു കെട്ടിയുണ്ടാക്കിയ 'തട്ടു'കളിലോ ആയിരിക്കും സാധാരണയായി കളി നടത്തുക. തട്ടുകളില്ലാതെ കളി നടത്താറില്ല. ചില ക്ഷേത്രങ്ങളിൽ കമ്മാളജാതിയിലെ ഓരോ വിഭാഗത്തിനും വെവ്വേറെ തട്ടുകൾ (അടാട്ട്: തൃശ്ശൂർ ജില്ല) ഉണ്ടായിരിക്കും.

തൃശ്ശൂർ ജില്ലയിലാണ് ഐവർനാടകത്തിന് പ്രചാരം കൂടുതൽ. മലപ്പുറം, എറണാകുളം, കൊല്ലം എന്നീ ജില്ലകളിലുമുണ്ട്. ഒട്ടുമുക്കാലും ഭഗവതിക്കാവുകളോടനുബന്ധിച്ചാണ് കളിയരങ്ങുകൾ കാണാറുള്ളത്.

അഞ്ച് (ഏഴ്) തിരിയിട്ട് കത്തിച്ചുവെച്ച നിലവിളക്കിനു മുമ്പിൽ അരി, പൂവ്, നാളികേരം എന്നിവ നാക്കിലയിൽ വച്ച് കളിക്കാർ വട്ടത്തിൽ നിരന്നുനിന്നതിനുശേഷം തൊഴുകയ്യോടെ ചുവടുപിടിച്ച് കളിയാരംഭിക്കും. ആദ്യം നിലവിളക്കിനെ കുമ്പിടുന്നു. പിന്നെ ഗുരുജനങ്ങളെ വന്ദിക്കും.

**കവിത്തം**

കളിയാശാന്മാർ ആദ്യം കവിത്തം ചൊല്ലിക്കൊടുക്കും. ഗദ്യം, പദ്യരൂപത്തിൽ നീട്ടി താളാത്മകമായി പാടും. "ആദിയായുള്ള മന്നൻ അർജ്ജുനൻ തിക്കു പുഷ്പം ചാർത്തി അവിടെ പൂമലരിട്ടു വന്നിച്ചിട്ട്, കടുക്കനവെ വിശ്വകർമ്മാവു പന്തൽ പുക്കു..." അങ്ങിനെ പത്തോളം 'കവിത്ത'ങ്ങളുണ്ട്. അതിനെ 'ചൊല്ലുമൊഴി' എന്നും

**ക്ഷേത്രമതിൽക്കെട്ടിനു പുറത്ത് അമ്പലപ്പറമ്പുകളിലെ 'തറ'കളിലാണ് കളി നടത്തുന്നത്. ഏറെക്കുറെ സമചതുരാകൃതിയിൽ കല്ലുകൊണ്ട് പണിതുയർത്തിയ (ഉദ്ദേശം മൂന്നോ നാലോ അടി ഉയരം) തറകളിലോ, താൽക്കാലികമായി മരംകൊണ്ടു കെട്ടിയുണ്ടാക്കിയ 'തട്ടു'കളിലോ ആയിരിക്കും സാധാരണയായി കളി നടത്തുക.**



കുന്തീസുതൻ, വിരവൊടു നടന്നുചെന്നിട്ടഖിലനാഥനെ കണ്ട്, വാണകാലം പാണ്ഡവരും നിരൂപിച്ചിട്ട്, വരുത്തിയുടൻ ദേവാശാരി തൻ മുഹൂർത്തത്തിലെ, അരങ്ങു താൻ പണി ചെയ്യേണമെന്നരുളി ചെയ്തു... അവിടെ വേണ്ടും വിളക്കും നിറപറയും വെച്ച്, ആരോമൽ ഗണപതിക്ക് പൂജ ചെയ്തു, ആയദേവി സരസ്വ

പറയും. വൃത്തബന്ധമുള്ള ഇത്തരം പദ്യഭാഗങ്ങളിൽനിന്ന് ഐവർനാടകത്തിന്റെ ഉത്ഭവം, ചരിത്രം, വികാസപരിണാമങ്ങൾ, അവതരണം എന്നിവ മനസ്സിലാക്കാൻ കഴിയുന്നു.

**ഗാനസാഹിത്യം**

ഐവർനാടകം തികച്ചും ഗാനപ്രധാനമായൊരു ദൃശ്യകലാരൂപമാണ്.

ഐവർനാടകത്തിന്റെ അച്ചടിച്ച പാട്ടുകൃതികളും പ്രചാരത്തിലുണ്ട് തൃശ്ശൂർ ജില്ലയിലെ വിവിധ ഐവർകളി സംഘങ്ങളിൽനിന്നും ഈ ലേഖകൻ സംഭരിച്ച അപ്രകാശിതങ്ങളായ ഐവർകളിപ്പാട്ടുകളെ വാമൊഴി പാട്ടുസാഹിത്യമായി പ്രകാശനം ചെയ്തിട്ടുണ്ട്. (ഐവർനാടകം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം 1976). കൂടാതെ ഈ ലേഖകനു ലഭിച്ച ഒരു താളിയോലഗ്രന്ഥപാഠവും കൈയ്യെഴുത്തുപാഠവും പഠനവിധേയമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു കാര്യം



വ്യക്തമാണ്: ഐവർകളിക്കുപയോഗിച്ചിരുന്ന പാട്ടുകൾ ധാരാളമുണ്ടെന്നും, അവ ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ തുടങ്ങിയവരുടേയും ഈഴവരുടേയും ഇടയിൽ പ്രചുരപ്രചാരം നേടിയിരുന്നുവെന്നും.

മംഗളോദയം പാഠത്തിൽ കഥാഖ്യാനത്തിൽ രാമായണ പാണ്ഡിത്യം പ്രകടമായി കാണുന്നുണ്ട്. നാടോടിഭാഷയുടെ ശീലും ശൈലിയുമൊപ്പിച്ചാണ് പാട്ടെഴുതിയിട്ടുള്ളത്. നാടോടിഭാഷയുടെ ഒരു ശൈലി ഉദാഹരിക്കാം:

എന്തണേ വന്തണേ ചൊല്ലണേ പെണ്ണണേ

എന്തൊരു കാവൽനീ കാക്കുന്നണേ

കാവൽ വെച്ചാരണേ കാക്കുന്നണേ

ചൊല്ലണേ നിയ്യണേ പെണ്ണണേ നീ

പെണ്ണുങ്ങൾ കാക്കുന്ന കാവലിലാരണേ

പെൺകുല കോട്ടയും ചൊല്ലണേ നീ

കോട്ടപ്പുറം കാവൽ കല്പിച്ചതാരണേ

കൊല്ലം തികഞ്ഞതും ചൊല്ലണേ നീ

കൊണ്ടടി നിന്റെ മുല പുണർന്നാരണേ

കൊണ്ടുള്ള ഭർത്താവെ ചൊല്ലണേ നീ”.

രാമായണം സുന്ദരകാണ്ഡത്തിലെ കഥയാണ് സവിസ്തരം പ്രതിപാദിച്ചിട്ടുള്ളത്. ജനകീയപാഠങ്ങളായിട്ടുള്ള വാമൊഴി ഗാനശേഖരം തെളിഞ്ഞ നാടോടിപ്പാട്ടിന്റെ ഉദാഹരണങ്ങളാണ്. തത്വചിന്തയുടേയും ആദ്ധ്യാത്മിക ചൈതന്യത്തിന്റേയും പരിവേഷം ഗാനങ്ങൾക്കുണ്ട്. കേക, കാകളി, ദ്രുതകാളി, അന്നനട, കളകാഞ്ചി എന്നീ ദ്രാവിഡവൃത്തങ്ങളിലാണ് ഒട്ടുമുക്കാലും രചനകൾ. അവക്കെല്ലാം അതിരറ്റ സ്വരമാധുര്യവുമുണ്ട്. എഴുത്തച്ഛന്റെ രാമായണഭാരതേതിഹാസകൃതികൾക്ക് കേരളത്തിൽ കുടിലുതൊട്ട് കൊട്ടാരംവരെ സാർവ്വത്രികവും സാർവ്വജനീനവുമായ സമാദരത്തെ സമാർജ്ജിക്കുവാൻ കഴിഞ്ഞിട്ടുണ്ടല്ലോ. എഴുത്തച്ഛന്റെ കൃതികൾ ഐങ്കുടിക്കമ്മാളർക്ക് പ്രചോദനം നൽകിയിട്ടുണ്ടായിരിക്കണം. എഴുത്തച്ഛന്റെ കാലത്തിനു മുമ്പ് ഐവർനാടകം പ്രചാരത്തിലുണ്ടായിരുന്നുവോ എന്നു സംശയമാണ്.

**പാട്ടും കളിയും**

പാട്ടിനും നൃത്തത്തിനും താളം പിടിക്കുവാൻ ഐവർനാടകത്തിൽ കുഴിതാളവും പൊന്തിയുമാണുപയോഗിക്കുന്നത്. അവ രണ്ടും ഘനവാദ്യോപകരണങ്ങളാണ്. ഇപ്പോൾ കുഴിതാളത്തിനു പകരം ഇലത്താളമാണുപയോഗിക്കുന്നത്. പൊന്തി ഐവർനാടകത്തിനു മാത്രം ഉപയോഗിക്കുന്ന ഒരു വാദ്യവിശേഷമാണ്. ചിലയിടങ്ങളിൽ ഇതിന് കോൽമണിയെന്നും പറയാറുണ്ട്. ഉദ്ദേശം പതിനെട്ടിഞ്ച് നീളത്തിലുള്ള മരത്തിന്റെ വടിയിൽ മൂന്നോ നാലോ ചിലമ്പുകൾ കോർത്തിടുന്നു. വടിയുടെ ഒരറ്റം വലതു കൈകൊണ്ടു പിടിച്ച് താഴോട്ടും മുകളിലോട്ടും കുലുക്കുന്നു. ചിലമ്പുകൾ തമ്മിൽ കൂട്ടിമുട്ടുമ്പോഴുണ്ടാകുന്ന ശബ്ദമാണ് ‘പൊന്തി’ പുറപ്പെടുവിക്കുന്നത്.

തകതരികിട, തത്തൈ തക, തത്തരികിട, തത്തരികിടത്തലിത്ത, തകൃതാതിമിതത്തൈ എന്നിങ്ങനെയാണ് താളവട്ടങ്ങൾ. വട്ടക്കളി, പരിചക്കളി, കോൽക്കളി എന്നിങ്ങനെ മൂന്നുതരം കളിയുണ്ട്. വട്ടക്കളി കലാകാരന്മാർ വട്ടത്തിൽനിന്നു ചോടുവെച്ചുള്ള കളിയാണ്. പരിചക്കളിയും കോൽക്കളിയും കായികാഭ്യാസപ്രധാനമാണ്.

ഐവർനാടകത്തിന്റെ പ്രാക്തനരൂപമെന്താണെന്നറിഞ്ഞുകൂടാ. ഈ കലാരൂപം ഇന്നു ക്ഷയിച്ചുകൊണ്ടിരിക്കയാണ്. അതിനു കാരണങ്ങൾ പലതാണ്. അനുഷ്ഠാനപരമായ ആത്മബന്ധം ഈ കലാരൂപത്തിനില്ല. ആകർഷകമായ വേഷവിധാനങ്ങൾ ഒട്ടുംതന്നെയില്ല. ഗാനപ്രധാനമായതുകൊണ്ട് അരങ്ങത്ത് ഐവർകളിക്കു ശോഭ കുറയും. കേരളത്തിലെ ഗ്രാമീണ നാടോടി നാടകങ്ങളിൽ ഉള്ളടക്കത്തിന് ഉൾക്കനമുള്ള കലാരൂപങ്ങളിൽ ഒന്നാണിതെന്നു പറയാം.

●

കഥ

# വിശദീകരണമില്ലാതെ...

ഡോ. ജി. എസ്. മല്ലിക



വര: ശ്രീജൻ

**ചെ**മ്മണ്ണു നിറഞ്ഞ നീണ്ട ഇടവഴിയിലൂടെ കുറച്ചധികം നടന്നാൽ മാത്രമേ ആ മനയിലേക്ക് ചെന്നെത്താനാവൂ. വഴിയിലെ കൂർത്ത കല്ലുകൾ തട്ടാതെ നടന്നാൽ വലതു വശത്തുള്ള വിശാലമായ പറമ്പിന്റെ മനോഹാരിത ആസ്വദിക്കാനാകില്ല. ഞാൻ താമസിക്കുന്ന നഗരത്തിലെ പറമ്പുകളിൽ ചിലത് കളിക്കളങ്ങളായി മാറി. മറ്റേതിലൊന്നും തലയുയർത്തി നിൽക്കുന്ന ഇത്തരം മരങ്ങളോ, പടർന്നുകയറിയ വള്ളിപ്പടർപ്പുകളോ കണ്ടെന്നുവരില്ല. പറമ്പിന്റെ ഇങ്ങേയറ്റത്ത് നിൽക്കുന്ന രണ്ടു വലിയ പനമരങ്ങൾക്ക് വല്ലാത്ത ഭീകരതയുണ്ട്. ഒരു കുളം പ്രതീക്ഷിച്ചുവെങ്കിലും അവിടെ കണ്ടില്ല. പകലാണെങ്കിലും ഇരുട്ടിന്റെ പ്രതീതി. വള്ളിപ്പടർപ്പുകളിൽ കിളിക്കൂടോ കിളികളോ കാണുമായിരിക്കും. പക്ഷെ ഒന്നും ചിലച്ചു കേട്ടില്ല.

ഒരുപക്ഷെ വിഷനാഗങ്ങൾ ഉണ്ടാകാം. രാത്രികാലങ്ങളിൽ അവയെല്ലാം ഇഴഞ്ഞ് ഈ പാതയിലൂടെ സഞ്ചരിക്കുമായിരിക്കും! ചിലപ്പോൾ ഈ വഴിയിലെ കരിയിലകൾക്കു താഴെയും അവ ചുരുണ്ടിരിക്കുന്നുണ്ടാകാം. അതുമല്ലെങ്കിൽ ഇടതുവശത്തെ മതിലിനുള്ളിലെ പൊത്തിൽ.

ചീവീടുപോലെ എന്തോ കരയുന്ന ശബ്ദം കൂടിയായപ്പോൾ എന്റെ ഹൃദയമിടിപ്പുകൂടി. എങ്ങിനെയെങ്കിലും അങ്ങെത്തിയാൽ മതിയായിരുന്നു എന്നായി. അപ്പോഴേക്കും അന്വേഷിച്ചു വന്ന മനയുടെ ഒരു ഭാഗം കാണാറായി. ആശ്വസിച്ചു. പക്ഷെ ഇടിഞ്ഞുപൊളിഞ്ഞ അതിന്റെ രൂപം, മനസ്സിൽ വേദനയുളവാക്കി. അവിടെ നിന്നു തന്നെയാണ് ചിലമ്പിച്ച സ്വരത്തിൽ നാരായണീയത്തിലെ ചില വരികൾ നീട്ടിച്ചൊല്ലുന്നത് കേട്ടതും. ഏതോ വയസ്സായ സ്ത്രീയായിരിക്കുമെന്നാണ് കരുതിയത്. തെറ്റി.

എതിരേറ്റത് വയസ്സായ സ്ത്രീയായിരുന്നെങ്കിലും, നീട്ടിച്ചൊല്ലുന്നത് അവരുടെ മകളാണ്. വിരക്തിയുടെ ഗീതമായി അതെനിക്കുതോന്നി.

മെലിഞ്ഞ് ഉയരത്തിലുള്ള ആ പെൺകുട്ടിക്ക് മുപ്പതിനു താഴെ വയസ്സു കാണും. വിടർന്ന കണ്ണുകൾ, പക്ഷെ അവക്ക് കാഴ്ചശക്തി തീരെയില്ല. നീണ്ട തലമുടി തനിയെ കെട്ടിവെക്കാൻ ശക്തിയില്ല. അമ്മ കെട്ടികൊടുക്കണം. ഭക്ഷണം വാരിക്കൊടുക്കണം ബാക്കി ദിനചര്യകളെല്ലാം അമ്മ തന്നെ ചെയ്തുകൊടുക്കണം. മുടി വെട്ടിക്കളയാൻ അവൾ സമ്മതിക്കില്ല. വൃത്തിയുള്ള വസ്ത്രങ്ങൾ എന്നും ധരിക്കണം. ബീകോം പാസ്സായ ആ കുട്ടി പഠിക്കാൻ ബഹുമിടുക്കിയായിരുന്നുവത്രെ! നല്ല വടിവൊത്ത കൈയ്യക്ഷരം, കൂട്ടുകാരികളുടെ ഒപ്പം നിന്നെടുത്ത ഫോട്ടോകളിൽ സുന്ദരി അവൾ തന്നെ.

പതുക്കെ പതുക്കെയാണത്രെ കാഴ്ച നഷ്ടപ്പെടാൻ തുടങ്ങിയത്. ഇപ്പോൾ ഒട്ടും കാണുന്നില്ല. കേൾവി ഒരു ശകലം മാത്രം!

അമ്മ ചെവിയുടെ അടുക്കൽ ചെന്ന് വളരെ ഉറക്കെ സംസാരിച്ചാൽ കുറച്ചു കേൾക്കും.

ഈ ലോകത്ത് കാണാനും, കേൾക്കാനുമാകാതെ, ജീവച്ഛവം പോലെ ഒരു യൗവ്വനം!

അപ്പോഴാണ് അകത്തുനിന്നും വേറൊരു പെൺശബ്ദം. അത് ഈ കുട്ടിയുടെ അനുജത്തിയാണ്. ശബ്ദവും നഷ്ടപ്പെടുന്നതുകൊണ്ടാകാം, ചിലമ്പിച്ച ശബ്ദത്തിൽ 'അമ്മേ' എന്നു വിളിച്ചത്. ഉറങ്ങുകയായിരുന്നുവത്രെ! അത് വല്ലപ്പോഴും കിട്ടുന്ന ഒരു ഭാഗ്യമാണെന്ന് അമ്മ പറയുന്നു. ഇവളും ബി.എ. കഴിഞ്ഞ കുട്ടിയാണ്. രൂപവും ഭാവവും, അസുഖവുമെല്ലാം ഇതുതന്നെ! വൈദ്യശാസ്ത്രത്തിന് കണ്ടുപിടിക്കാനാകാത്ത രോഗം!

സൂര്യനുദിക്കുന്നത് അറിയുന്നില്ല. അസ്തമിക്കുന്നതും. ശരീരത്തിന് ചൂട് സഹിക്കാതാകുമ്പോൾ പകലെന്നും, ചൂടില്ലാത്തപ്പോൾ രാത്രിയെന്നും മനസ്സിലാക്കുന്നു.

രണ്ടുപേരുടേയും ആവശ്യങ്ങൾ സാധിച്ചുകൊടുക്കാനും, ഭക്ഷണം പാകം ചെയ്യാനും ആ അമ്മക്കു സാധിക്കുന്നു! ഇരുട്ടു നിറഞ്ഞ ആ മനയിലെ അറക്കുള്ളിൽ റ്റ്യൂബ്ലൈറ്റിന്റെ പ്രകാശത്തിലും, കണ്ണുകാണാതെ അവർ തപ്പിത്തടഞ്ഞു നടക്കുന്നു. ചിലപ്പോൾ അടുക്കി വെച്ചിരിക്കുന്ന ഉടുപ്പുകളിൽ നിന്നും ഇഷ്ടമുള്ളതു തപ്പിയെടുത്ത്, സമയമെടുത്തു ധരിക്കുന്നു - അമ്മയെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കാൻ.

അമ്മക്ക് ഒരു പരിഭവവുമില്ല. വിധിയെ പഴിക്കുന്നില്ല. അറുപതുകഴിഞ്ഞ അവരുടെ കണ്ണുകൾക്കും, കാതുകൾക്കും, കൈകകൾക്കും ദൈവം കൂടുതൽ ശക്തി നൽകുന്നുണ്ടാകും! ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഈ യാതന. വളരെ നല്ലനിലയിൽ കഴിഞ്ഞിരുന്ന ഒരു മനയിലെ അന്തർജ്ജനമായിരുന്നു അവർ. പഠിപ്പും വലിയ ഉദ്യോഗവുമുള്ള ഒരു നമ്പൂതിരിയെ വേളി കഴിച്ചു. ഇഷ്ടമില്ലായിരുന്നെങ്കിലും താമസം ബോംബെയിലെ ഭർത്താവിന്റെ ജോലിസ്ഥലത്തേക്കു മാറി. ഒരാൺകുട്ടിയും രണ്ടു പെൺകുട്ടികളും ജനിച്ചു. ആണ്ടിലൊരിക്കൽ ഇല്ലത്തു വരുന്നതിന് ഒരു ഉത്സവതിമർപ്പു തന്നെയുണ്ടായിരുന്നു. ഈ സന്തോഷം അധികം നാൾ നീണ്ടുനിന്നില്ല. ഭർത്താവ് പെട്ടെന്നു മരിച്ചു. പറക്കമുറ്റാത്ത കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി അവർ ബോംബെയിൽ തങ്ങി. സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ടിലായെങ്കിലും മോന്റെ പഠിപ്പു കഴിഞ്ഞാൽ ഒരു ജോലിയാകുമല്ലോ എന്ന് ആശിച്ചു. ഓർക്കാപ്പുറത്താണ് ഇരുപത്തിയൊന്നാമത്തെ വയസ്സിൽ പെട്ടെന്ന് ക്ഷീണിതനായി കാഴ്ചശക്തി നഷ്ടപ്പെട്ട് അബോധാവസ്ഥയിലായ മകൻ മരണമടഞ്ഞത്. ശരിയായ ചികിത്സക്ക് സമയം കിട്ടാത്ത പോലെ!

രണ്ടു പെൺകുട്ടികളിൽ ആശയർപ്പിച്ച് അവർ നാട്ടിലേക്കു മടങ്ങി. പക്ഷെ കുറച്ചു നാളുകൾ കഴിഞ്ഞപ്പോൾ അതു പോലെയുള്ള ശീലക്കേടുകൾ അവരിലും കണ്ടുതുടങ്ങി. ചികിത്സക്കായി കൊണ്ടുപോകാത്ത ചികിത്സാലയങ്ങളില്ല. കൈയ്യൊഴിയുന്ന ഭിഷഗ്വരന്മാർ. വിറ്റുപെറുക്കിയെല്ലാം നശിച്ചു. ആശ്രയമുണ്ടായിരുന്ന ബന്ധുക്കളും കൈയ്യൊഴിഞ്ഞു! വറ്റിയ കണ്ണുകളിൽ നിന്നും ഒരു തുള്ളി കണ്ണീർ വന്നില്ല! ജീവനൊടുക്കാൻ പക്ഷെ അവർ തുനിഞ്ഞതുമില്ല.

ഒരുകാലത്ത് തീണ്ടാപ്പാടകലെ നിർത്തിയിരുന്നവർ ഒരു നേരത്തെ ആഹാരം കൊടുക്കാൻ തയ്യാറായി. വേണ്ടെന്നു പറഞ്ഞില്ല. സഹായഹസ്തം ആരും നീട്ടിയാലും സ്വീകരിക്കണമെന്ന് മനസ്സു പറഞ്ഞു. ശൂദ്രന്റെയും, മാപ്പിളയുടെയും അന്നത്തിന് ഒരേ രുചിയുണ്ടായി. കേട്ടറിഞ്ഞു വരുന്ന സംഘടനകൾ മരുന്നിനും ഭക്ഷണത്തിനുമായി പണം നൽകിക്കൊണ്ടിരിക്കുന്നു. പെൺകുട്ടികളുടെ സഹപാഠികൾ കൂട്ടമായിനിന്ന്, പൊളിഞ്ഞ മനയിലെ രണ്ടു മുറികൾ വാസയോഗ്യമാക്കി. സഹിക്കവയ്യാത്ത ചൂടകറ്റാനായി രണ്ട് കൂളറുകളും സ്ഥാപിച്ചുകൊടുത്തു.

പക്ഷെ അവരുടെ മനസ്സിന് തണുപ്പേകാൻ ഒരു കൂളറുകൾക്കും സാധിക്കി

*ശേഷം 37-ാം പേജിൽ*

ഡോ. വി. രാമൻകുട്ടി

# ആചാര്യ സ്മരണയുടെ നിർവൃതി



ഗീതാജ്ഞാനാമൃതം മാനവരാശിക്ക് നിർലോഭം നല്കി, ആദ്ധ്യാത്മികതയുടെ ദിവ്യപ്രഭാപൂരം സ്വദേശത്തും വിദേശത്തും പരത്തിയ, ഇരുപതാം നൂറ്റാണ്ട് ജന്മം നൽകിയ വലിയ കർമ്മയോഗിയും ജ്ഞാനയോഗിയുമായിരുന്നു സ്വാമി ചിന്മയാനന്ദൻ.

ഗുഹാന്തരങ്ങളിലും ഹിമവൽസാനുക്കളിലും മാത്രം ഒതുങ്ങിനിന്നിരുന്ന, അമൂല്യമായ ആർഷസംസ്കാരത്തിന്റെ നാരായവേരുകളായ ഉപനിഷത്തുകളും ഉപനിഷത്സാരസംഗ്രഹമായ ഭഗവത്ഗീതയും, ഭാരതത്തിന്റെ കോണാനുകോണുകളിലേക്കും കടലിന്നപ്പുറത്തേക്കും വ്യാപിപ്പിച്ച് സനാതനമായ സന്ദേശം സാധാരണക്കാരന് സുഗ്രാഹ്യവും സുപ്രാപ്യവുമാക്കിയ യോഗിവര്യനായിരുന്നു അദ്ദേഹം.

അദ്വൈതാചാര്യനായ ആദിശങ്കരന്റെ ജന്മം കൊണ്ട് പരിപാവനമായ കൈരളിയുടെ മറ്റൊരു മഹത്തായ സംഭാവനയാണ് സ്വാമിജി. പ്രസ്ഥാനത്രയങ്ങളിലെ വേദാന്തതത്വങ്ങൾ പ്രായോഗികമായ രീതിയിൽ സുലളിതവും സുന്ദരവുമായ ഭാഷയിൽ നിരവധി ഗ്രന്ഥങ്ങളിലൂടെ അദ്ദേഹം അനാവരണം ചെയ്തിട്ടുണ്ട്. പുരോഹിതവർഗ്ഗം കയ്യടക്കിവെച്ചിരുന്ന വൈദിക സാഹിത്യത്തിലെ അമൂല്യരത്നങ്ങൾ പൊതുജനമദ്ധ്യത്തിലേക്ക് വാരിവിതറി ലോകജനതയെ ധന്യമാക്കിയ ഗുരുശ്രേഷ്ഠനുമാണ് ചിന്മയാനന്ദൻ.

1951-ൽ പൂനയിൽ ആരംഭിച്ച ആദ്ധ്യാത്മികനവോത്ഥാനത്തിന്റെ ജൈത്രയാത്ര ആ കർമ്മധീരൻ അന്ത്യനിമിഷം വരെ അവിരാമം തുടർന്നു. വിശ്രമമെന്ന പദം അദ്ദേഹത്തിന് അന്യമായിരുന്നു. "വിശ്രമിച്ചാൽ ഞാൻ തുരുമ്പെടുക്കു"മെന്ന് അദ്ദേഹം

കൂടെക്കൂടെ പറയാറുണ്ട്. കടുത്ത ഹൃദ്രോഗബാധക്ക് ശേഷവും, ആദ്ധ്യാത്മികത കൊണ്ട് ലോകത്തെ വെല്ലുക എന്ന തന്റെ ജീവിതലക്ഷ്യത്തിൽ നിന്ന് അണുപോലും അദ്ദേഹം വ്യതിചലിച്ചില്ല - 1993 ആഗസ്റ്റ് മൂന്നിന് സാന്റിയാഗോവോവിൽ വെച്ച് തന്റെ ദേഹവിയോഗം വരെ.

സ്വാമി വിവേകാനന്ദന് ശേഷം ഭാരതീയ തത്വചിന്ത കടലിന്നപ്പുറത്തേക്ക് വ്യാപിപ്പിച്ച, ആദ്ധ്യാത്മികത കൊണ്ട് കിഴക്കിനും പടിഞ്ഞാറിനും ഇടക്ക് സേതുബന്ധനം നടത്തിയ മറ്റൊരു യതിവര്യൻ ഇല്ലെന്നു തന്നെ പറയാം. സ്വാമി വിവേകാനന്ദന്റെയും, അരവിന്ദന്റെയും, രമണമഹർഷിയുടേയും കൃതികൾ അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തി. ഈ മൂന്ന് ഋഷീശ്വരന്മാരുടേയും ഒരു സമന്വയമായിരുന്നു സ്വാമി ചിന്മയാനന്ദൻ.

തന്റെ വിശ്വവിഖ്യാതമായ ഗീതാജ്ഞാനയജ്ഞങ്ങളിലൂടെ പ്രതിദിനം പതിനായിരങ്ങളെ അക്ഷരാർത്ഥത്തിൽ കോൾമയിർ കൊള്ളിച്ച്, കർമ്മോന്മുഖരാക്കി ആത്മവീര്യം നൽകി പ്രബുദ്ധരാക്കിയ അഭിനവ പാർത്ഥസാരഥിയായിരുന്നു ചിന്മയാനന്ദ സ്വാമിജി. വേദിയിൽ വന്നുകഴിഞ്ഞാൽ പ്രൗഢമായ ആംഗലഭാഷ അനുപമമായ ജ്ഞാനഗംഗയായി അനർഗളം പ്രവഹിക്കുമായിരുന്നു. ആ വാഗ്ധാരയാണ്, ആ സരസ്വതീപ്രസാദമാണ് അദ്ദേഹത്തിന്റെ വിജയരഹസ്യം. ഗുരുവിന്റെ അനുഗ്രഹവും വാഗ്വിലാസവും മാത്രം കൈമുതലാക്കിയാണ് ഇന്ന് ലോകത്തിന്റെ ഏത് മുക്കിലും മൂലയിലും വ്യാപിച്ചുനിൽക്കുന്ന അജയ്യമായ ചിന്മയസാമ്രാജ്യം അദ്ദേഹം കെട്ടിപ്പടുത്തത്. അദ്ദേഹത്തിന്റെ യജ്ഞശാലകൾ എത്രയോ പുതുജീവിതങ്ങൾക്ക് ജന്മം നൽകി. ലക്ഷ്യബോധമില്ലാത്ത ജനതക്ക് ആത്മബലം നൽകി പുനരുജ്ജീവിപ്പിച്ചു. യുവാക്കൾ സ്വാമിജിക്ക് എന്നും ഹരമായിരുന്നു. യുവാക്കൾക്ക് സ്വാമിജിയും. ലക്ഷ്യബോധമുള്ള യുവാക്കളിൽ ഭാരതത്തിന്റെ ഭാവി സുരക്ഷിതമാണെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചു.

ഗഹനമായ വേദാന്തരഹസ്യം അനന്യസാധാരണമായ ശൈലിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി ഇന്നത്തെ തലമുറക്ക് സ്വീകാര്യമായ രീതിയിൽ, ശാസ്ത്രീയമായി അപഗ്രഥിച്ചു, ശ്രോതാക്കളിൽ ശ്രദ്ധയും ഉശിരും ഉണർവ്വും ആത്മാഭിമാനവും പകരുവാൻ ഉതകുന്നവയായിരുന്നു അദ്ദേഹത്തിന്റെ പ്രൗഢമായ പ്രഭാഷണങ്ങൾ. അതുകൊണ്ടുതന്നെ ആബാലവൃദ്ധം ജനങ്ങളെ ആകർഷിച്ച് അദ്ദേഹം തന്റെ മാസ്മരിക വലയത്തിലാക്കി.

ആദ്ധ്യാത്മികരംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ-സാംസ്കാരിക മേഖലകളിലും അദ്ദേഹം പടുത്തുയർത്തിയ വിജയസ്തൂപങ്ങൾ ആ നിഷ്കാമകർമ്മയോഗിക്കുള്ള നിത്യസ്മാരകങ്ങളാണ്.

ഹിമാലയത്തിലെ പ്രശാന്തസുന്ദരമായ സിദ്ധബാരി ആശ്രമത്തിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം വിശ്രമം കൊള്ളുന്നു. ലോകത്തെമ്പാടുമുള്ള അനുയായികളുടെ ഹൃദയത്തിൽ അദ്ദേഹം ഇന്നും മരണരഹിതമായ ഓർമ്മകളായി കുടികൊള്ളുകയാണ്. ആ മഹായോഗി തുടങ്ങിവെച്ച മാർഗ്ഗത്തിലൂടെ അവരെ മുന്നോട്ട് നയിക്കുന്ന പ്രേരകശക്തിയും മറ്റൊന്നല്ല. ●

---

**വിശദീകരണമില്ലാതെ...**

**35-ാം പേജിൽനിന്നും തുടർച്ച**



വര: ശ്രീജൻ

ല്ലല്ലോ എന്നോർത്ത് ഞാൻ ദുഃഖിച്ചു.

പോകാനായി എഴുന്നേറ്റപ്പോൾ മുറ്റത്തെ നെല്ലിമരത്തിന്റെ കൊമ്പിലിരുന്ന് രണ്ടു കാക്കകൾ കരഞ്ഞു. അമ്മ അടുക്കളയിലേക്ക് പെട്ടെന്നു പോയി. ഒരു പാത്രത്തിൽ ഒരു പിടി ചോറുമായി വന്ന് കാക്കകൾക്കായി വെച്ചുകൊടുത്തു. ഞങ്ങൾ പോയതിനുശേഷം ചിലപ്പോൾ അവർ അതു കൊത്തിതിന്നുമായിരിക്കും. 'ആർക്കറിയാം അത് അച്ഛന്റേയും മകന്റേയും ആത്മാക്കളല്ലെന്ന്' അമ്മ നെടുവീർപ്പിട്ടു. കൈകൾ കൂപ്പി മുകളിലേക്ക് നോക്കി പറഞ്ഞു. "ഭഗവാനെ അവരെ കൊണ്ടുപോയതിനുശേഷമേ എന്നെ വിളിക്കാവൂ" അമ്മയുടെ ആത്മാർത്ഥമായ പ്രാർത്ഥന!

ഒരുപക്ഷെ ഇതൊക്കെതന്നെയാവും അമ്മയുടെ പൂജാകർമ്മങ്ങളും! ഉഷഃപൂജ, മദ്ധ്യാഹ്നപൂജ, സായംപൂജ ദേവീശിലകളായി രണ്ടുപെൺമക്കളും!

അവർക്കൊപ്പമിരുന്ന് പ്രാർത്ഥനാശ്ലോകങ്ങൾ ചൊല്ലി ആ അമ്മയുടെ മനസ്സിന് തെല്ല് ആശ്വാസം പകർന്ന് അവരുടെ കാൽ തൊട്ട് വന്ദിച്ച് ഞങ്ങൾ യാത്രപറഞ്ഞു. ദുഃഖം ഘനീഭവിച്ചുകിടന്ന ആ അന്തരീക്ഷത്തിൽ എന്റെ ഹൃദയത്തിന്റെ തേങ്ങലടക്കാനായില്ല.

ശാസ്ത്രങ്ങൾക്ക് തൊടാനാകാത്ത എത്രയോ രഹസ്യങ്ങൾ പ്രപഞ്ചത്തിലുണ്ട്! ഉത്തരം കിട്ടാതെ ഉഴലുന്നവരും, അന്ധവിശ്വാസങ്ങളെന്ന് ഉത്ഘോഷിക്കുന്നവരും പുണ്യപുരാണങ്ങളെ മാറോടണക്കേണ്ട സമയമായിരിക്കുന്നു. ●



**കവിതയെ ജനകീയമാക്കുകയും കാവ്യകലയുടെ അഴകൊഴമ്പൻ ലാവണ്യസ്വഭാവം തച്ചുടക്കുകയും, അതിന്റെ സൗന്ദര്യശാസ്ത്രത്തിന് വേറിട്ട കാഴ്ചകൾ നൽകുകയും ചൊല്ലിയാട്ടത്തിന് ആഭിജാത്യത്തിന്റെ സുഗന്ധം സമ്മാനിക്കുകയും ചെയ്ത കവി. ദ്രാവിഡതാളത്തിന്റെ പെരുമ്പറമുഴക്കവുമായി നീർജീവമായി ക്യാംപസ്സുകളിൽ ഉഷ്ണകൊടുങ്കാറ്റായി വന്ന് യുവ മനസ്സുകളിൽ പടയണിയൊച്ച കേൾപ്പിച്ച് ഉറക്കം കെടുത്തിയവൻ. കാമമോഹിതമായ പ്രണയമനസ്സുകളിൽ ദിവ്യാനുരാഗത്തിന്റെ പാലപ്പൂ വിതറി അഗ്നിശുദ്ധി വരുത്തി, ആർദ്രമനസ്കരാക്കി അലക്കി തേച്ച് വെളുപ്പിച്ച വെളുത്തേടൻ! ഉണർന്നിരിക്കുമ്പോൾ സ്വപ്നം കാണാനും അത് നെയ്തെടുത്ത് പട്ടുടുക്കാനും പഠിപ്പിച്ചവൻ! അങ്ങനെ എത്രയെത്ര....**

# ഓർത്തുപോകുന്നു...

**ജോസ്.ടി.ഇ**

പൂരത്തിരക്കൊഴിഞ്ഞ വടക്കുംനാഥന്റെ തെക്കെ ഗോപുരനടയിൽ ഒരു സന്ധ്യാസമയം. മലയാളകവിതയിൽ തീകോരിയിട്ട ഗജരാജൻ സാക്ഷാൽ കടമ്മനിട്ടയുടെ തെക്കോട്ടിറക്കം! മുറുക്കിച്ചുവപ്പിച്ച്, കണ്ണിൽ കനൽവാരിയിട്ട്, അല്ലതീക്ഷ്ണമായ ശിരസ്സുമായി, വിടർന്ന ചിരിയുടെ തിരയിളക്കവുമായി ചടുലതാളത്തോടെ നമ്മുടെ 'കടമ്മനിട്ട' തേക്കിൻകാട് മൈതാനത്ത് പാണ്ടിയും പാഞ്ചാരിയും കൊട്ടി ഉപചാരം ചൊല്ലി വിട പറയുന്നു. തിരക്കൊഴിഞ്ഞ് ഒരിടം തേടി ഇനിയും മരിച്ചിട്ടില്ലാത്ത മരച്ചില്ലകൾ തേടി ഗ്രാമവിശുദ്ധിയിലേക്ക് ഒരു തീർത്ഥയാത്ര.

കൂടെ ഞങ്ങളും.... ഞങ്ങളേയും കൂട്ടി.

കവിതയെ ജനകീയമാക്കുകയും കാവ്യകലയുടെ അഴകൊഴമ്പൻ ലാവണ്യസ്വഭാവം തച്ചുടക്കുകയും, അതിന്റെ സൗന്ദര്യശാസ്ത്രത്തിന് വേറിട്ട കാഴ്ചകൾ നൽകുകയും ചൊല്ലിയാട്ടത്തിന് ആഭിജാത്യത്തിന്റെ സുഗന്ധം സമ്മാനിക്കുകയും ചെയ്ത കവി.

ദ്രാവിഡതാളത്തിന്റെ പെരുമ്പറമുഴക്കവുമായി നിർജീവമായ ക്യാംപസ്സുകളിൽ ഉഷ്ണകൊടുങ്കാറ്റായി വന്ന് യുവമനസ്സുകളിൽ പടയണിയൊച്ച കേൾപ്പിച്ച് ഉറക്കം കെടുത്തിയവൻ. കാമമോഹിതമായ പ്രണയമനസ്സുകളിൽ ദിവ്യാനുരാഗത്തിന്റെ പാലപ്പൂ വിതറി അഗ്നിശുദ്ധി വരുത്തി, ആർദ്രമനസ്കരാക്കി അലക്കി തേച്ച് വെളുപ്പിച്ച വെളുത്തേടൻ! ഉണർന്നിരിക്കുമ്പോൾ സ്വപ്നം കാണാനും അത് നെയ്തെടുത്ത് പട്ടുടുക്കാനും പഠിപ്പിച്ചവൻ! അങ്ങനെ എത്രയെത്ര....

ഇടയ്ക്ക്, സുഹൃത്തായ കവിയുടെ




# പുനർജന്മം

**സാംസൺ ജെ. കൊളാടി**

മൃതി ഒരു അനിവാര്യത
ഒരു നാഴിക, വിനാഴിക
നാം നടന്നടുക്കുന്നു.

മൃതി തോൽവിയറിയാത്ത പടയാളി
ഒരിക്കലും തളരാത്ത
കാവൽക്കാരനായ് മൃതി നിലകൊള്ളുന്നു.

മൃതിയുടെ എത്താത്തുമ്പത്ത്
വലിഞ്ഞു കയറുമ്പോൾ
സ്വപ്നങ്ങളും മിഥ്യയും
നിതാന്ത സത്യവും
അലോസരപ്പെടുത്തുന്നില്ല.
പക്ഷേ,
അതൊരു തേങ്ങലിന്റെ കനിവാണ്.
കോടമഞ്ഞിന്റെ പുതപ്പിൽ നിന്ന്
ഒരിക്കലും ആരുമുണരുന്നില്ല.
വാരിക്കുഴികളിൽ, അശാന്തിയിൽ,
പാപബോധത്തിൽ
നിന്നുള്ള വിടുതൽ ആണ്
പരമമായ വിടുതൽ-
എങ്കിലും
മറ്റൊരു രാത്രി പകരം വെക്കാമോ?
മറ്റൊരു രാത്രിമഴകൂടി?
നേർത്ത മഞ്ഞും കുളിരും
പുനർജന്മത്തിന്റെയൊരനന്തസാദ്ധ്യത!

വീട്ടിൽ നിന്ന് അത്താഴം. വ്യക്തിജീവിതത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും പരസ്പരവിശ്വാസത്തിന്റെ താക്കോൽദ്വാരപഴുതുകളെക്കുറിച്ചും കുടുംബാംഗങ്ങൾക്ക് പത്ത് കൽപനകളും ഉഗ്രശാസനയും, സ്നേഹമുദ്രയും സമ്മാനിച്ച് വിശാലമായ നെൽപാടത്തേയ്ക്ക്.

'കണ്ണ് വേണം ഇരുപുറമെപ്പൊഴും

കണ്ണ് വേണം മുകളിലും താഴേം

കണ്ണിലെപ്പോഴും വേണം അണയാത്ത കണ്ണ്"

എന്ന് ചൊല്ലി ലോകത്തിന്റെ നാനാവിധ ചതിക്കുഴികളെക്കുറിച്ച് തിരിച്ചറിവിന്റെ അപായമണി മുഴക്കിയ പ്രവാചകന്റെ സഹയാത്രികരായി, ചീവീടുകളുടെ നാഗസ്വരമേളയിൽ കരിമ്പടം പുതച്ചുറങ്ങുന്ന പെരുമ്പുഴ പാടത്തേയ്ക്ക്.

വയൽവരമ്പുകളിലെ ഉഗ്രവിഷജാതികളെക്കുറിച്ച് ഓർമ്മിപ്പിച്ചപ്പോൾ, മനുഷ്യനോളം വരില്ല അവയുടെ വിഷവും പകയുമെന്ന് പറഞ്ഞ് വിശാലമായ ഒരു പാടവരമ്പ് ഞങ്ങൾ സ്വന്തമാക്കി. പാതിയാത്രയുടെ കിതപ്പും കുതിപ്പുമായി ആകാശത്ത് ചന്ദ്രനും നക്ഷത്രസമൂഹവും. വേദികളിലും, സദസ്സുകളിലും, തെരുവോരങ്ങളിലും കയർക്കുകയും കലഹിക്കുകയും ചെയ്ത കവി, ഗ്രാമം മുഴുവനും ഉറക്കത്തിലായെന്ന് ഉറപ്പാക്കി, സടകുടഞ്ഞെഴുന്നേറ്റ് ഉച്ചത്തിൽ പാടി.

എല്ലാവരും ഉറങ്ങുമ്പോൾ ഉണർന്നിരിക്കേണ്ടവനാണ് കവി എന്നും, അവർക്ക് കാവലാളാവേണ്ടവനാണ് എഴുത്തുകാരനെന്നും ഞങ്ങളെ ബോധ്യപ്പെടുത്തി. ദന്തഗോപുരവാസിയല്ല കവി, മറിച്ച് അവൻ വഴിവിളക്കാണെന്ന് സ്വയം തിരിച്ചറഞ്ഞവനോടൊത്ത് സൂര്യന് മുകളിലും താഴെയുമുള്ള കാര്യങ്ങളെക്കുറിച്ച് പുലരോളം കലഹിച്ചും തർക്കിച്ചും കൊണ്ടേയിരുന്നു.

സുരൻ അസുരനാകുന്നതും, അസുരൻ സുന്ദരനാകുന്നതും, സുന്ദരൻ പ്രവാചകനാകുന്നതും ഞങ്ങൾ ആ രാത്രിയിൽ കണ്ടു, അനുഭവിച്ചു!

"ഓർക്കുവാനോർക്കുന്നതല്ലിതൊന്നും

ഓർത്തുപോകുന്നോർമ്മബാക്കി യെന്നും"

●

രാജേശ്വരിനായർ

# നീക്കിവെക്കാം അല്പസമയം പ്രാർത്ഥനയ്ക്കും

മൂന്നു പതിറ്റാണ്ടുകൾക്കപ്പുറം നമ്മുടെ ഗ്രാമസന്ധ്യകളെ ചൈതന്യവത്താക്കിയിരുന്നത് നാമജപത്തിന്റെ ഈരടികളായിരുന്നു. ഉമ്മറത്ത് കത്തിച്ചുവെച്ച നിലവിളക്കിനരികിൽ കുട്ടികൾ നിരന്നിരന്ന് നാമം ജപിക്കുന്നത് പതിവും, നിർബ്ബന്ധവുമായിരുന്നു. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സിനിമാഗാനങ്ങളിലെ ഭക്തിഗാനങ്ങളും നാമജപത്തിന്റെ 'മെനു'വിലുൾപ്പെട്ടു. പിന്നീട് സിനിമാഗാനങ്ങളായി നാമജപത്തിലെ ഹരം. കാലം ഒന്നു കറങ്ങിത്തിരിഞ്ഞപ്പോൾ കത്തിച്ചുവെച്ച നിലവിളക്കിനു കൂട്ടായി ടേപ്പ് റിക്കാർഡിലൂടെ ഒഴുകിവരുന്ന താളനിബദ്ധമായ ഭക്തിഗാനങ്ങൾ. ആഗോളവൽക്കരണവും സാങ്കേതികവിപ്ലവവുമൊക്കെ ഭഗവൽപൂജയിലും മാറ്റങ്ങൾ സൃഷ്ടിച്ചു. സന്ധ്യക്ക് ഉമ്മറത്ത് ഈശ്വരചൈതന്യം പ്രസരിപ്പിച്ചിരുന്ന നിലവിളക്ക് വീടിന്റെ പൂജാമുറിയുടെ ചുവരുകൾക്കുള്ളിലൊതുങ്ങി. നാമം ജപിക്കാൻ സമയമില്ലെങ്കിലും ഭഗവാൻമാരുടെയും ഭഗവതിമാരുടെയും എണ്ണം പൂജാമുറികളിൽ കൂടി. മുനിഞ്ഞു കത്തുന്ന നിലവിളക്കിനെ വെല്ലുന്ന കൃത്രിമവെളിച്ചവും ദേവന്മാർക്കും ദേവിമാർക്കും പ്രത്യേക തേജസ്സും ഓജസ്സും നൽകി. നാമജപത്തിന്റെ അലകൾ ഈ പൂജാമുറിയിലെത്തുന്നില്ലെങ്കിലും അവർക്ക് കേൾക്കാം സങ്കടങ്ങളുടെ പെരുമഴകളും സന്തോഷത്തിന്റെ വേലിയേറ്റങ്ങളും.



ഞങ്ങളുടെ ചെറുപ്പകാലത്ത് ജീവിതത്തിന് ഒതുക്കും ചിട്ടയും ഉണ്ടായിരുന്നു. അപ്പൂപ്പനും അമ്മൂമ്മയും നൽകിയ ലാളനം ഏറ്റുവാങ്ങിയ കുട്ടിക്കാലം. സ്കൂളുപോലെതന്നെ പരിചിതമായ ഇടങ്ങളായിരുന്നു കടകളും ചന്തയും വായനശാലയും പോസ്റ്റോഫീസും അമ്പലവുമെല്ലാം. അവിടങ്ങളിലേക്കുള്ള എളുപ്പവഴികളായിരുന്നു അയൽപക്കമുറ്റങ്ങൾ. എല്ലാവർക്കും എല്ലാവരേയും അറിയുന്ന നാട്ടിൻപുറത്തെ സങ്കടങ്ങളും സന്തോഷങ്ങളുമെല്ലാം ഒരു പരിധിവരെ എല്ലാവരുടേതുമായിരുന്നു. സ്കൂൾ ഒഴിവുസമയത്ത് ആൺപെൺഭേദമില്ലാതെ പ്രായത്തിനനുസരിച്ച ഉത്തരവാദിത്വങ്ങൾ കുട്ടികൾക്ക് നൽകുന്നതിൽ മുതിർന്നവർ ശ്രദ്ധിച്ചിരുന്നു. ഇന്നോ? വെള്ളകീറുമ്പോൾ തുടങ്ങുന്ന വിദ്യാഭ്യാസമെന്ന 'അഭ്യാസം' രാത്രി വൈകുന്നതുവരേയും തുടരുമ്പോൾ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ അവർക്കെവിടെ സമയം? പിന്നെങ്ങനെയാണ് വിളക്കു കത്തിച്ചു തൊഴാൻ സമയം കിട്ടുന്നത്!

നാം ചുറ്റും ഒന്നു കണ്ണോടിച്ചു നോക്കൂ. നമ്മുടെ മുസ്ലീം സഹോദരന്മാരും സഹോദരികളും സമയാസമയങ്ങളിൽ നിസ്ക്കരിക്കും. പ്രായഭേദമന്യേ സ്ഥലഭേദമന്യേ എല്ലാ ഞായറാഴ്ചകളിലും പള്ളികളിൽ പോയി പ്രാർത്ഥിക്കാൻ ബദ്ധശ്രദ്ധരാണ് നമ്മുടെ ക്രിസ്ത്യൻ സഹോദരീ സഹോദരന്മാർ. എല്ലാ ദിവസവും എഴുന്നേൽക്കുമ്പോഴും കിടക്കുന്നതിനു മുമ്പും അവരിപ്പോഴും കുടും

ബത്തോടൊപ്പം പ്രാർത്ഥിക്കും. ടെലിവിഷന്റെ അതിപ്രസരം അവരെ ഇപ്പോഴും കീഴടക്കിയിട്ടില്ല. അവരുടെ കുട്ടികൾക്ക് ഖുറാനും ബൈബിളുമൊക്കെ നന്നായി അറിയാം. എന്നാൽ ഹിന്ദു കുട്ടികളുടെ കാര്യം പോകട്ടെ, മുതിർന്നവർക്കുപോലും എത്രയാൾക്ക് രാമായണവും ഭാഗവതവും വായിക്കാനറിയാം? നാമജപമുള്ള വീടുകൾ എത്രയുണ്ട്?

വീടിനകത്തു നാം സൃഷ്ടിക്കുന്ന ഏതുതരം നല്ല ശബ്ദത്തിനും നല്ല ഊർജ്ജം ഉണ്ടാക്കാൻ കഴിയുമെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. വീട്ടിലെ വേണ്ടതൊക്കെ സമയാസമയങ്ങളിൽ നൽകുന്ന ഈശ്വരചൈതന്യം അതെന്തുമാകട്ടെ ഇരുപത്തിനാലു മണിക്കൂറുള്ള ഒരു ദിവസത്തിൽ അരമണിക്കൂറെങ്കിലും ആ ചൈതന്യത്തെ സ്മരിക്കാൻ നമുക്കു മാറ്റിവെച്ചുകൂടേ. നമ്മു ടെ സങ്കടങ്ങളിൽ ഒരു താങ്ങായും സന്തോഷങ്ങളിൽ ഒരു പങ്കാളിയായും ആപത്തുകളിൽ ഒരു കരുത്തായും അതു നമ്മളിൽ നിറയാൻ അനുവദിക്കുന്നതല്ലേ നല്ലത്?

കുറേ വർഷങ്ങൾക്കു മുമ്പ് ഏതോ ഒരു മാസികയിൽ വായിച്ചതാണ്. തമിഴ്നാട്ടിൽ ഒരു ഗ്രാമത്തിൽ സ്ത്രീക

ഇവിടെ സ്ത്രീകളുടെ ഏതെല്ലാം സംഘടനകളുണ്ട്. രാഷ്ട്രീയമായും സാമൂഹികമായും മതപരമായും സജീവമായ സ്ത്രീസംഘടനകൾ. തീർച്ചയായും ഹിന്ദു മഹിളാ സംഘടനകൾക്ക് ഈ വിഷയത്തിൽ ഏറെ മുന്നോട്ടുപോകുവാൻ കഴിയും. വീടുകൾ കേന്ദ്രീകരിച്ചു ഭജനസംഘങ്ങൾ രൂപീകരിക്കുക, ഒഴിവു ദിവസങ്ങളിൽ മതപാഠശാലകൾ പ്രവർത്തിപ്പിക്കുക, മതപരമായ വിശേഷദിവസങ്ങളിൽ അതിന്റെ പ്രാധാന്യം ആളുകൾക്ക് മനസ്സിലാക്കിക്കൊടുക്കുക, കുട്ടികൾക്കും മുതിർന്നവർക്കുമായി ഭഗവത്ഗീതാ ശ്ലോകം പോലെയുള്ളവയുടെ



കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നുള്ള പ്രാർത്ഥന ഒരു അധരവ്യായാമം മാത്രമല്ല അതിന് വീട്ടിൽ നല്ല ഊർജ്ജം സൃഷ്ടിക്കാൻ കഴിയുമെങ്കിൽ നമുക്ക് എന്തുകൊണ്ട് അതു ചെയ്തുകൂടാ. എന്തിനും സമയത്തെ കുറ്റപ്പെടുത്തി പുറംതിരിഞ്ഞിരിക്കാനാണ് നാം ഇഷ്ടപ്പെടുക. എത്ര ജോലിയുണ്ടെങ്കിലും നാം അതെല്ലാം ഒതുക്കി സന്ധ്യക്ക് പരമ്പരകൾക്ക് മുമ്പിൽ ചടഞ്ഞുകൂടാൻ കാണിക്കുന്ന ആവേശത്തിന്റെ ഒരംശം നാം പ്രാർത്ഥനക്കായി മാറ്റിയെടുക്കാൻ തയ്യാറായാൽ മതിയല്ലോ. നമുക്ക്

ളെല്ലാം ടെലിവിഷനു മുമ്പിൽ മുമ്പിൽ ചടഞ്ഞുകൂടിയിരുന്ന് പരമ്പരകൾ കാണുന്നത് പതിവായിരുന്നു. ഇതിനൊരു പരിഹാരം കാണണമെന്ന് ഒരു പെൺകുട്ടി ഉറച്ചു. അവൾ മൂന്നാലു പേരെക്കൂട്ടി പരമ്പരകൾ തുടങ്ങി അവസാനിക്കുന്നതുവരെ നീളുന്ന ഒരു ഭജനപരിപാടി രൂപപ്പെടുത്തി. ക്രമേണ ആ ഭജനസംഘത്തിന്റെ സംഖ്യാബലം കൂടുകയും ആ ഗ്രാമത്തിലെ ഒട്ടുമിക്ക സ്ത്രീകളും പരമ്പര കാണൽ നിർത്തി പ്രാർത്ഥനയ്ക്കുവേണ്ടി ആ സമയം വിനിയോഗിക്കുകയും ചെയ്തു.

മത്സരങ്ങൾ സംഘടിപ്പിക്കുക, രാമായണ-ഭാഗവത യജ്ഞങ്ങൾ സംഘടിപ്പിക്കുക മുതലായ കാര്യങ്ങളിലൂടെ വിശ്വാസമാണ് ജീവിതവിജയത്തെ പരിപോഷിപ്പിക്കുന്നത് എന്ന വിശ്വാസം ആളുകളിൽ ഉണ്ടാക്കിയെടുക്കാം. സ്ത്രീ മുന്നിട്ടിറങ്ങിയാൽ കഴിയാത്തതെന്താണ്? അവർക്കു വേണ്ട പ്രോത്സാഹനം നൽകാൻ പുരുഷന്മാരും തയ്യാറാകണം. നമ്മുടെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കാനും അനന്തര തലമുറയിലേക്ക് പകർത്താനും അവർക്കു കഴിയട്ടെ. ●

# 1187 മകരമാസം എങ്ങനെ?




## വിശേഷദിവസങ്ങൾ

1 ന് ഉത്തരായണപുണ്യകാലം, മകരവിളക്ക്, തൈപൊങ്ങൽ, വിവേകാനന്ദജയന്തി. 2 ന് കൗഷീതിക സാമവേദികൾക്ക് അഷ്ടകാശ്രാദ്ധം. 3 ന് മകരച്ചൊവ്വ. 5 ന് ഏകാദശിവ്രതം. പകൽ 2 മണി 3 മിനിട്ട് മുതൽ രാത്രി 7 മണി 3 മി. വരെ ഹരിവാസരം. 6 ന് പ്രദോഷവ്രതം. 9 ന് സ്ഥാലീപാകം. 11 ന് വ്യതിപാദ പുണ്യകാലം. 12 ന് ഇന്ത്യൻ റിപ്പബ്ലിക് ദിനം. 18 ന് മാധ്വനവമി. ബുധോൽപ്പത്തി. 20 ന് ഏകാദശിവ്രതം. മൃത്യുയോഗം. 21 ന് ഗുരുവായൂർ ധ്വജപ്രതിഷ്ഠാദിനം. 23 ന് പഴനി രഥോൽസവം. 24 ന് പൗർണ്ണമിമാസ ഒരിക്കൽ, ദാനം, തൈപ്പൂയം. 30 ന് വിഷ്ണുപദീപുണ്യകാലം. അഷ്ടകകാലാരംഭം.

| | | | |
|---|---|---|---|
| | ഗു | ശി | |
| ശു | ബു - 10-1 മകരം<br>ബു-27-43 കുംഭം<br>ശു - 20 -9 മീനം | | |
| ര | | | കു |
| ബു | സ | മ | ച |

**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**

മകരമാസം വളരെ അനുകൂലം. തൊഴിൽരംഗത്തുയർച്ചയും ഗൾഫ് യാത്രായോഗവും വസ്തുവാഹനാദികൾ വാങ്ങുകയും ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കുകയും സഹോദരഗുണവും. വിദ്യാവിജയം, മത്സരപരീക്ഷകളിൽ ഉന്നതവിജയം, ഗൃഹനിർമ്മാണശ്രമം പുരോഗമിക്കും. ആരോഗ്യം തൃപ്തികരം.

**എടവക്കൂറ് (കാർത്തിക 3/4, രോഹിണി, മകയിരം 1/2)**

പിതൃഗുരുജനാരിഷ്ടതയും യാത്രാക്ലേശവും ഉദരപീഡയും നഷ്ടപ്പെട്ടെന്നു കരുതിയ വസ്തുക്കളുടെ കണ്ടെടുക്കൽ, തൊഴിൽരംഗത്ത് ഉയർച്ച, വസ്തുവാഹനാദിയോഗം, ഗൃഹത്തിൽ മംഗളകർമ്മതടസ്സങ്ങൾ വിദ്യാജയം, ദീർഘദൂരയാത്രകൾ, ശാരീരികക്ലേശം എന്നീ ഗുണഫലങ്ങൾ പ്രധാനം.

**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)**

മകരമാസത്തിൽ യാത്രാക്ലേശവും കഠിനാദ്ധ്വാനവും തൊഴിൽരംഗത്ത് പരാജയം. മേലധികാരികളുടെ അപ്രീതി. കുടുംബത്തിൽ കലഹം, വസ്തുവാഹനാദികൾ മൂലം സാമ്പത്തിക നഷ്ടങ്ങൾ എന്നിവ സൂക്ഷിക്കുക. ഗൃഹനിർമ്മാണം മുടങ്ങും. മംഗളകർമ്മങ്ങൾ മുടങ്ങാം. 20 കഴിഞ്ഞാൽ അല്പം ഗുണം കാണും.

**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**

ഈ മാസം പൊതുവേ ഗുണം പോരാ. തൊഴിൽരംഗത്ത് അടിക്കടി പരാജയങ്ങൾ, പലതരത്തിലുള്ള സാമ്പത്തികനഷ്ടങ്ങൾ. വസ്തുവാഹനാദികൾ മൂലം ധനനഷ്ടം സംഭവിക്കാം. ദീർഘദൂരയാത്രകൾ, തസ്കരഭയം, മത്സരപരീക്ഷകളിൽ പരാജയം, ഗൾഫ് യാത്ര, തടസ്സങ്ങൾ കാണും. മകരം 17 കഴിഞ്ഞാൽ അല്പം മെച്ചം.

**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)**

പൊതുവേ അനുകൂലംതന്നെ. തൊഴിൽപുരോഗതി, ഉദ്യോഗരംഗത്ത് അംഗീകാരങ്ങൾ, ഉദ്ദേശിച്ച സ്ഥലത്തേക്കുള്ള മാറ്റം, ഗൾഫ്യാത്രായോഗം, വസ്തുവാഹനാദി ലാഭം, ഗൃഹത്തിൽ മംഗളകർമ്മങ്ങൾ, പുണ്യക്ഷേത്ര ദർശനം, ഗുരുകാരണവരാദി അനുഗ്രഹം എന്നിവ ഫലം.

**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**

ഗുണദോഷമിശ്രഫലങ്ങൾ. തൊഴിൽരംഗത്ത് ഉയർച്ച, സാമ്പത്തിക നേട്ടങ്ങൾ, വസ്തുവാഹനാദികൾ മൂലം സാമ്പത്തിക നേട്ടങ്ങൾ, പുണ്യക്ഷേത്രദർശനം, ഗൃഹത്തിൽ ദമ്പതീകലഹം, ഉദരവ്യാധികൾ, തസ്കരശല്യം, സഹോദരകലഹം, മത്സരപരീക്ഷകളിൽ പരാജയം എന്നിവ ഫലം.

**തുലാക്കൂറ് (ചിത്തിര 1/2, ചോതി, വിശാഖം 3/4)**

പൊതുവേ തീരെ ഗുണം പോരാത്ത സമയമാണ്. കഠിനാദ്ധ്വാനവും വിഭവനാശവും ആരോഗ്യക്കുറവും. ഗൃഹത്തിൽ മനഃസമാധാനക്കുറവും കളത്ര - മാതൃ കലഹവും സഹോദര ശത്രുതയും നിശ്ചയിച്ചുറപ്പിച്ച മംഗളകർമ്മ തടസ്സവും പരീക്ഷകളിൽ പരാജയവും നേത്ര-ഉദര രോഗവും തൊഴിൽ മുടക്കവും സ്ഥലമാറ്റങ്ങളും പ്രതീക്ഷിക്കാം.

**വൃശ്ചികക്കൂറ് (വിശാഖം 1/4, അനിഴം, തൃക്കേട്ട)**

വളരെ അനുകൂലസമയം. സർക്കാർ അംഗീകാരവും ബഹുമതികളും പ്രമോഷനും ആരോഗ്യപുഷ്ടിയും പുതിയ സ്ഥാനമാനങ്ങളും ഗൾഫ് യാത്രാ യോഗങ്ങൾ, സാമ്പത്തികപുഷ്ടി, വാഹനവസ്തു ലാഭങ്ങൾ, ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കുക, പരീക്ഷകളിൽ ഉന്നതവിജയം, ആരോഗ്യപുഷ്ടി ആത്മവിശ്വാസം ചിട്ടി, ലോട്ടറി തുടങ്ങിയവയിൽക്കൂടി നേട്ടങ്ങൾ എന്നിവ ഫലം.

**ധനുക്കൂറ് ( മൂലം, പൂരാടം, ഉത്രാടം 1/4)**

വസ്തുവാഹനങ്ങൾ മൂലം ധനനാശം. വീഴ്ച, ആശുപത്രിവാസം, തൊഴിൽമുടക്കം, തസ്ക്കരഭയം, ഗൃഹത്തിൽ അല്ലറചില്ലറ കലഹങ്ങൾ, പരീക്ഷകളിൽ തോൽവി, വ്യവഹാരപരാജയം, അനാവശ്യയാത്രകൾ, വീണ്ടുവിചാരമില്ലാത്ത സംസാരങ്ങൾ പ്രവൃത്തികൾ മൂലം ദുഃഖം ഫലം.

**മകരക്കൂറ് ( ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**

സാമ്പത്തിക പ്രയാസങ്ങൾ, വസ്തുനഷ്ട സാദ്ധ്യത, വാഹനാപകടങ്ങളോ തന്മൂലമുള്ള പ്രശ്നങ്ങളോ നേരിടേണ്ടിവരിക പരീക്ഷകളിൽ പരാജയം എന്നിവ ഗൾഫ് യാത്രായോഗം കാണുന്നു. ഗൃഹത്തിൽ മംഗളകർമ്മങ്ങൾ നടക്കും. സന്താനകളത്ര ഗുണമുണ്ട്.

**കുംഭക്കൂറ് ( അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 4/3)**

ഗുണദോഷമിശ്രഫലം. സാമ്പത്തികനേട്ടങ്ങളും തൊഴിൽരംഗത്ത് ഉയർച്ചയും വ്യവഹാരപരാജയവും. മത്സരപരീക്ഷകളിൽ തോൽവി. ആരോഗ്യപ്രശ്നങ്ങൾ, മംഗളകർമ്മതടസ്സങ്ങൾ, ധാരാളം യാത്രകൾ, ശത്രുശല്യം എന്നിവ ഫലം.

**മീനക്കൂറ് ( പൂരൂരുട്ടാതി 1/4, ഉതൃട്ടാതി, രേവതി)**

വളരെ നല്ല സമയം. ഉന്നതസ്ഥാനമാനലബ്ധികൾ സൽകീർത്തി, ധനലാഭം, വിദേശയാത്രാഗുണം, സഹോദരസഹായങ്ങൾ, വസ്തുവാഹനാദികൾ വാങ്ങുക, ഇഷ്ടപ്പെട്ട തൊഴിൽലബ്ധി, മംഗളകർമ്മസിദ്ധി ആരോഗ്യപുഷ്ടി ഫലം.